4542

# ഇരുളനീങ്ങി

SAHITHYA VILASINI ...
SPORTS CLUB

4542

SNV

മിസ്. ജെ. ആർ ജോഷ്വ M. A.

Re. 1

4542

# ഇരുൾനീങ്ങി

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & G. M. S.

★

മിസ്. ജെ. ആർ. ജോഷ്വ, എം. എ

ഒന്നാംപതിപ്പ്
കോപ്പി ആയിരം
1951 മാർച്ച്
വില ഉറുപ്പിക ഒന്നു്.

പ്രസാധകർ
ശ്രീ നരസിംഹവിലാസം
ബുക്കഡിപ്പോ
A. O. തുറവൂർ
P. O. കുത്തിയതോട്

പാങ്കൽപ്രസ്, കൊച്ചി
പകർപ്പവകാശം പ്രസാധകന്മാർക്കു്

4542

# പ്രസ്താവന

SAHITHYA VILASINI LIBRARY
KILIKOLLOOR P.O.
QUILON.

മിസ്. ജെ. ആർ. ജോഷ്വ എം. എ. ഭാഷാസാഹിത്യലോകത്തിൽ വിഹരിച്ചുതുടങ്ങിയിട്ട് ആണ്ടുകൾ പലതു കഴിഞ്ഞു. അവരുടെ പല നോവലുകളും കഥാപ്രിയന്മാരെ വളരെ ആനന്ദിപ്പിച്ചിട്ടുണ്ടു്. കുടുംബജീവിതത്തിന്റെ ഉള്ളിൽക്കടന്നു് അവിടത്തെ ക്ലേശങ്ങളെപ്പററിയും അസ്വസ്ഥതകളെപ്പററിയും ശരിക്കു കണ്ടറിഞ്ഞു് അവയെ സസൂക്ഷ്മം വിവരിച്ചു കാണിക്കുന്ന തരത്തിലുള്ള കഥകൾ രചിക്കുന്നതിലാണു് ഈ ഗ്രന്ഥകർത്ത്രിക്കു കൂടുതൽ താല്പര്യമെന്നു തോന്നിപ്പോകുന്നു. ഓജസ്സും അന്തസ്സും ഉള്ള കഥാപാത്രങ്ങളെയാണു് അവർ നമ്മുടെ മുൻപിൽ അവതരിപ്പിക്കാറു്. ഈ നോവലിലെ കുസുമം, സുധ, സുശീല തുടങ്ങിയുള്ള കഥാപാത്രങ്ങൾ മാംസളശരീരിണികളായി വായനക്കാരുടെ മുമ്പിൽ ജീവിക്കുകയാണു് ചെയ്യുന്നതു്. മനോരമയെപ്പോലും സ്ഫുടംവച്ചു ശുദ്ധിചെയ്തെടുത്തിട്ടേ ഗ്രന്ഥകർത്ത്രി തൃപ്തിപ്പെടുന്നുള്ളു.

മിസ് ജോഷ്വയുടെ ഈ നല്ല നോവൽ, സസന്തോഷം ഞങ്ങൾ വായനക്കാരുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു. അടുത്തുതന്നെ ഇവരുടെ മറെറാരു നോവലുംകൂടി ഞങ്ങൾ പ്രസിദ്ധം ചെയ്യുന്നുണ്ടു്.

പ്രസാധകന്മാർ

SAHITHYA VILASINI LIBRARY
AYATHIL. KILIKOLLOOR P.O.
QUILON.
SPORTS CLUB & C.MNASU
#5542.

# ഇരുൾ നീങ്ങി

## അദ്ധ്യായം 1

"ഉം, ഇത്രകാലത്തു് എവിടെപ്പോയിരുന്നു?"

"ക്ഷേത്രത്തിൽ പോയി, ദേവീദർശനം നടത്തി അതുകൊണ്ടെങ്കിലും മനസ്സുഖം കിട്ടുമോ എന്നു പരീക്ഷിക്കുകയാണു്."

"നിനക്കെന്തു് അസുഖമാണു്? അല്പംവല്ല ക്ലേശവും ഉണ്ടെങ്കിൽ അതിനിങ്ങനെ നിരാശപ്പെടാറുണ്ടോ?"

"സുധേ, സുധയ്ക്കെന്തറിയാം? സ്വർഗ്ഗത്തിൽ കഴിയുന്നവർ നരകത്തിൽ കിടക്കുന്നവരുടെ കഷ്ടതകൾ അറിയുന്നതെങ്ങനെ? നിന്റെ അച്ഛൻ മഹാനായ ഒരു കോടീശ്വരൻ; അമ്മ വാത്സല്യനിധിയായ ഒരു മഹതി; ആളും അർത്ഥവും വേണ്ടതിലധികമുള്ള ഒരു കുടുംബത്തിൽ നീ ജനിച്ചുവളർന്നു. മാതാപിതാക്കന്മാരുടെ വാത്സല്യം നിന്റെ സുഖത്തിനും സംതൃപ്തിക്കും മാററു കൂട്ടി. ഭാഗ്യംകൊണ്ടു് യോഗ്യനായ ഒരു ഭർത്താവിനേയും ലഭിച്ചു. അദ്ദേഹവും ഒരു വലിയ കുടുംബത്തിലെ അംഗം. ജനങ്ങൾ ചക്രവർത്തിയെക്കാൾ ആരാധിക്കുന്ന ഒരാളുടെ പുത്രൻ. വിദ്യാസമ്പന്നൻ. സകല സൽഗുണങ്ങളുടെയും വിളനിലം.

സ്നേഹനിധി. ഭർത്തൃഗൃഹത്തിലും പിതൃഗൃഹത്തിലും സുഖവും സന്തോഷവും അല്ലാതെ യാതൊരനുഭവവും നിനക്കില്ല. എൻെറ സ്ഥിതിയോ? ഒന്നാലോചിച്ചു നോക്കൂ; ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു, മട്രിക്കുലേഷൻ വരെ പഠിച്ചതെങ്ങനെയാണെന്നു് നിനക്കറിയാം. നിൻെറ സഹായം ഇല്ലായിരുന്നെങ്കിൽ എനിക്കു് ആ പരീക്ഷ എങ്കിലും ജയിക്കാൻ ഒരിക്കലും സാധിക്കുമായിരുന്നില്ല. പിന്നെയും പഠിക്കണമെന്നാഗ്രഹമുണ്ടായിരുന്നു. ദാരിദ്ര്യം സമ്മതിച്ചില്ല."

"ആരുടെ കുററം? കാളേജിൽ ചേരാൻ ഞാൻ നിർബ്ബന്ധിച്ചില്ലേ? അച്ഛനോടു പറഞ്ഞപ്പോൾ അദ്ദേഹം വേണ്ട സഹായം ചെയ്യാമെന്നു സമ്മതിച്ചില്ലേ? അമ്മ നിന്നോടു നേരിട്ടു പറഞ്ഞില്ലേ?"

"സുധേ, സുധയും പഠിച്ചിരുന്നെങ്കിൽ ഞാൻ സമ്മതിക്കുമായിരുന്നു. പുസ്തകങ്ങളെങ്കിലും രണ്ടുപേർക്കും ഓരോന്നുകൊണ്ടു കഴിയുമായിരുന്നല്ലോ. എല്ലാത്തിനും നിന്നെ ബുദ്ധിമുട്ടിക്കുന്നതെങ്ങനെ?"

"അങ്ങനെ സമ്മതിക്കൂ; നീ എന്നെ അന്യയായി കരുതി; നിനക്കുവേണ്ടി പണം ചെലവാക്കുന്നതു് ഉപദ്രവമായി ഞാനും അച്ഛനും അമ്മയും കരുതുമെന്നു നിനക്കു തോന്നി. ഇത്രയും കാലം കഴിഞ്ഞിട്ടും ഞങ്ങളെ നീ മനസ്സിലാക്കിയില്ലല്ലോ. അച്ഛനും അമ്മയും എന്നെപ്പോലെയാണു് നിന്നെയും കരുതുന്നതു്. ഞാൻ നിന്നെ എൻെറ സ്വന്തം സഹോദരിയായി ഗണി

ക്കുന്നു. ഈ കുടുംബത്തിലെ ഒരംഗമായിട്ടല്ലാതെ ഞങ്ങളാരും നിന്നെപ്പററി വിചാരിക്കാറുപോലും ഇല്ല. സത്യം പറയുന്നപക്ഷം, ഭർത്തൃഗൃഹത്തിൽ ഞാൻ പത്തു ദിവസം അടുപ്പിച്ചു താമസിക്കാറില്ല. അവിടെ എനിക്കു യാതൊരു സുഖവും ഉണ്ടായിട്ടില്ല. നിന്നെ കാണാതെ കഴിയാനുള്ള വിഷമംകൊണ്ടു മാത്രം. കുസുമം ഇല്ലാത്ത സ്ഥലം എനിക്കു ശ്മശാനംപോലെ ശൂന്യമാണു്."

"സുധ, എന്റെ സഹോദരി, എന്നെ തെററിദ്ധരിക്കരുതു്. നിന്റെ സ്നേഹവും, നിന്റെ മാതാപിതാക്കന്മാരുടെ വാത്സല്യവുമാണു് എന്നെ ലോകവുമായി ബന്ധിക്കുന്ന കണ്ണികൾ; ജീവിതത്തിൽ എനിക്കു് ആശ ജനിപ്പിക്കുന്ന മമതകൾ; സകലക്ലേശങ്ങളും വിസ്മരിക്കാനോ സഹിക്കാനോ ശക്തി നൽകുന്ന ദിവ്യൗഷധങ്ങൾ. ഇതു രണ്ടും ഇല്ലായിരുന്നെങ്കിൽ ഈ കുസുമം എത്രയോമുമ്പു് മണ്ണിൽ ലയിക്കുമായിരുന്നു."

"കുസുമം, നിന്റെ ക്ലേശങ്ങൾ എന്നോടു തുറന്നു പറയൂ. എന്തായാലും പരിഹാരം ഉണ്ടാക്കാം. നിന്നെ സന്തുഷ്ടയായി കാണ്മാൻ ഞാൻ എത്ര കൊതിക്കുന്നു!"

"സഹോദരി, യഥാർത്ഥസുഖവും സംതൃപ്തിയും പണംകൊണ്ടു നേടാവുന്നവയല്ല. എനിക്കു നല്ല സാരിയില്ല, ബ്ലൗസില്ല, ആഹാരത്തിനു വകയില്ല, എന്നു വല്ലതും പറഞ്ഞാൽ സഹോദരിക്കു് ഉണ്ടാക്കി

ത്തരാൻ കഴിയും, പക്ഷേ, അങ്ങനെ തരുമ്പോൾ, അഥവാ ഞാൻ വാങ്ങുമ്പോൾ, എൻെറ മനസ്സ വേദനിക്കുന്നു. എന്തുകൊണ്ടു്? സഹോദരി ഒരു ഉപദ്രവമായി കരുതി എൻെറ ആവശ്യം നിറവേററുന്നു എന്നുള്ള വിചാരമല്ല. അങ്ങനെ സംശയിക്കരുതു്. പക്ഷേ, എനിക്കില്ലല്ലോ എന്നുള്ള വിചാരം, പരാശ്രയ ജീവിതത്തിലുള്ള വൈമുഖ്യം, എന്നെ തപിപ്പിക്കുന്നു. അതെൻെറ കുററമാണോ? സുധേ, ഞാൻ ഭാഗ്യഹീനയാണു്; ഭാഗ്യം വിലയ്ക്കു കിട്ടുന്നതല്ല; ദൈവം തരേണ്ടതാണു്."

"ഏതായാലും നമുക്കു് വീട്ടിലേക്കു പോകാം; ഞാൻ എത്ര വിളിച്ചാലും നീ ഈയിടെ അങ്ങോട്ടു വരാറില്ലല്ലോ. വരൂ നമുക്കു പോകാം."

"ഞാൻ അച്ഛനോടൊന്നു പറഞ്ഞിട്ടു വന്നേക്കാം."

"എന്നാൽ പോയി പറഞ്ഞിട്ടുവരൂ; ഞാൻ ഇവിടെ നിൽക്കാം."

"വഴിയിൽ നിൽക്കുന്നതു ഭംഗിയല്ല; ആരെങ്കിലും കണ്ടാൽ എന്തു വിചാരിക്കും?"

"എന്തു വിചാരിക്കാനാണു്? വീട്ടിനടുത്തു് ഒരു ബന്ധുഗൃഹത്തിൽ പോയിട്ടുവരുന്നവഴി, ഒരു ബന്ധുവിനെ കാത്തുനിൽക്കുന്നു; തനിച്ചല്ല, ഭൃത്യനും കൂടെയുണ്ടു്. നീ പോയിട്ടു് വേഗം വരൂ."

കുസുമം അവളുടെ വീട്ടിലേക്കോടി. പിതാവിനോട്ട് താൻ സുധയുടെ വീട്ടിലേക്ക് പോകുന്നെന്നു പറഞ്ഞിട്ട് അവൾ വേഗത്തിൽ തിരിച്ചെത്തുകയും ചെയ്തു.

അനന്തരം സുധയും കുസുമവുംകൂടി സുധയുടെവീട്ടിലേക്കു തിരിച്ചു.

സുധ, ബങ്കാളിലെങ്ങും പ്രസിദ്ധനായ ഒരു കുബേരൻെറ— രമേശബാബുവിൻെറ — പുത്രിയാണ്. രമേശ്ബാബു ഒരു ധനവാനെന്ന നിലയിൽ മാത്രമല്ല പ്രസിദ്ധി നേടിയിട്ടുള്ളതു്. ഔദാര്യനിധിയായ ഒരു പ്രഭു, പൊതുക്കാര്യപ്രസക്തനായ ഒരു നേതാവ്. ജന്മഭൂമിയെ മാതാവിനേപ്പോലെ സ്നേഹിക്കുന്ന ഒരു ദേശഭക്തൻ, സ്വാതന്ത്ര്യപ്രേമി, ഇങ്ങിനെയുള്ള പലവിധത്തിലും അദ്ദേഹം പ്രസിദ്ധനാണ്. സമ്മതനാണ്.

രമേശ്ബാബുവിൻെറ ഏകപുത്രിയാണ് സുധ. ഭാരതീയസ്ത്രീത്വത്തിനു് ഒരുത്തമമാതൃക; അച്ഛൻെറ സകല സദ്ഗുണങ്ങളുടേയും മൂർത്തീകരണം; ഇങ്ങനെ ദീനാനുകമ്പയും സേവനതൃഷ്ണയും ഉള്ള സ്ത്രീകൾ വളരെ കുറയും; മട്രിക്കുലേഷൻ ജയിച്ചതോടുകൂടി വിവാഹവും നടത്തുകയാൽ കോളേജ് വിദ്യാഭ്യാസത്തിനു് അവൾക്ക് സൌകര്യംവം ലഭിച്ചില്ല. എങ്കിലും ഗ്രന്ഥപാരായണത്തിലുള്ള ആസക്തിയും സൌകര്യവും വർദ്ധിച്ചതേയുള്ളു. തന്മൂലം, അവളുടെ സംസ്കാരം നാൾക്കുനാൾ പുഷ്ടിപ്പെട്ടുവരുന്നു. വിദ്യാ

സമ്പന്നനായ ഭർത്താവിൻെറ സാഹചര്യം ഇക്കാര്യത്തിൽ പ്രയോജനപ്പെടുന്നു.

സുരേന്ദ്രൻ അതിബുദ്ധിമാനും എം. എ ബിരുദധാരിയും, രണ്ടു മൂന്നു മില്ലുകളുടെ മാനേജിംഗ് ഡയറക്ടറുമാണ്. ഇത്ര അനുഗ്രഹീതനും സൽസ്വഭാവിയുമായ ഒരു യുവാവിനെ കാണ്മാൻ പ്രയാസം. തൻെറ കുടുംബത്തിൻെറയും പിതാവിൻെറയും പ്രശസ്തിയോ സമ്പത്തോ, തൻെറ തന്നെ ഉന്നതനിലയോ ആ യുവാവിനെ അണുവും അഹങ്കാരിയാക്കിയിട്ടില്ല. പ്രത്യുത, വിനയസമ്പന്നനാക്കിയിട്ടേയുള്ളു.

സുധയും സുരേന്ദ്രനും മാതൃകാദമ്പതികളായി പ്രശോഭിക്കുന്നു. നാട്ടുകാരെല്ലാം അവർ തമ്മിലുള്ള യോജിപ്പിനെ പ്രകീർത്തിക്കുന്നു.

കുസുമം ഒരു സാധുകുടുംബത്തിൽ ജനിച്ചു. മാതാപിതാക്കന്മാർ മാത്രമാണ് അവൾക്കു ഉററബന്ധുക്കളായി ഉണ്ടായിരുന്നത്. അവരിൽ മാതാവ് ദിവംഗതയായി. മട്രിക്കുലേഷൻവരെ അവൾ ഓരോ ക്ലാസ്സിലും ഒന്നാമതായി ജയിച്ചു. മട്രിക്കുലേഷൻ പരീക്ഷയിലും അങ്ങനെ തന്നെ. സുധയും കുസുമവും പഠിത്തം ആരംഭിച്ചതും അവസാനിപ്പിച്ചതും ഒന്നിച്ചാണ്. സുധയുടെ മാതാപിതാക്കന്മാരാണ് കുസുമത്തിൻെറ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ നിർവ്വഹിച്ചത്. കാളേജിൽ ചേർന്നു പഠിത്തം തുടരാനും അവർ ഉപദേശിച്ചു. വേണ്ട സഹായം വാഗ്ദാനം ചെയ്തു. പക്ഷെ

കുസുമം വഴിപ്പെട്ടില്ല. സുധയും പഠിത്തം തുടന്നിരു ന്നെങ്കിൽ അവരം വഴിപ്പെട്ടമായിരുന്നു.

സുധയുടെ കല്ല്യാണം കഴിഞ്ഞശേഷം അപൂർവ്വ മായിട്ട കുസുമം സുധയുടെ വീട്ടിൽ പോകാറുള്ളു. അതിൽ ആ വീട്ടിൽ ഉള്ളവർക്കെല്ലാം പരിഭവമുണ്ടു്.

## അദ്ധ്യായം 2

സുധ:–"അച്ഛാ, കുസുമത്തിനെ യോഗ്യനായ ഒരാ ളെക്കൊണ്ടു വിവാഹം കഴിപ്പിച്ചാൽ എനിക്കു് എത്ര സന്തോഷമായി."

വസുമതി (സുധയുടെ അമ്മ):—"ഞാനും അക്കാ ര്യം പറയണമെന്നു കുറേ ദിവസമായി വിചാരിക്കുന്നു. അത്രയുംകൂടിയെങ്കിലും ചെയ്യേണ്ടതു നമ്മുടെ കടമയാ ണു്. സുധയും കുസുമവും തമ്മിൽ എനിക്കൊരു ഭേദ വുമില്ല."

രമേശ് ബാബു–"ഇതു കേട്ടാൽ തോന്നുമല്ലൊ എ നിക്കു ഭേദമുണ്ടെന്നു്. അവളുടെ സ്വഭാവഗുണവും സാ ധുത്വവും മൂലം എനിക്കു് അവളോടു കൂടുതൽ സ്നേ ഹമുണ്ടെന്നാണു് എന്റെ വിശ്വാസം. അവളുടെ വി വാഹകാര്യം നിങ്ങൾ ഇപ്പോഴല്ലേ പറയുന്നതു്. ഞാ ൻ എന്നേ അതിനെപ്പററി ആലോചിക്കുന്നു. കാളി

പ്രസാദ് ബാനർജിയുടെ പുത്രൻ മോഹനചന്ദ്രൻ ഈയിടെ ഇംഗ്ലണ്ടിൽനിന്നു വ്യവസായസംബന്ധമായ പല പരീക്ഷകളും ജയിച്ചു മൂന്നുകൊല്ലം ജർമ്മനിയിൽ പരിശീലനവും നടത്തിയശേഷം തിരിച്ചുവന്നിട്ടുണ്ട്."

സുധ:—"ഏതു കാളിപ്രസാദബാനർജി?"

രമേ:—"ഓ! അവൾക്കറിഞ്ഞുകൂടാ അദ്ദേഹത്തിനെ! രണ്ടു മൂന്നു വലിയ വ്യവസായങ്ങളുടെ ഉടമസ്ഥൻ; പല ഇൻഷ്വറൻസ് കമ്പനികളുടേയും വ്യവസായ കമ്പനികളുടേയും ഡയറക്റ്റർ. ബങ്കാളിലെ ഒരു നല്ല പണക്കാരൻ. ഇവിടെ കൂടെക്കൂടെ വരാറില്ലേ?"

സുധ — ഇപ്പോൾ മനസ്സിലായി."

രമേ:— അദ്ദേഹത്തിന്റെ മകൻ ഈയിടെയാണു യൂറോപ്പിൽനിന്നും തിരിച്ചുവന്നതു്. ഇവിടെനിന്നും എം. എസ് സിക്കു ഒന്നാംക്ലാസ്സിൽ ജയിച്ചു് പോയി. ഏഴെട്ടുകൊല്ലമായി. ഈയിടെ തിരിച്ചു വന്നിട്ടുണ്ടു്. അയാളുടെ വിവാഹകാര്യത്തെക്കുറിച്ചു ബാനർജി ഒരു ദിവസം എന്നോടു സംസാരിച്ചു. ഞാൻ കുസുമത്തിന്റെ കാര്യം പറഞ്ഞു."

വസു:—"അവക്ക് ഏതെങ്കിലും വലിയ കുടുംബത്തിലായിരിക്കും കണ്ണു്.

രമേ:—"കാളിപ്രസാദബാനർജിയെ നിനക്കു നല്ലതുപോലെ അറിഞ്ഞുകൂടാ. കുസുമത്തിനെയും അവളുടെ കുടുംബത്തേയും അദ്ദേഹത്തിനു നല്ലതുപോലെ

അറിയാം. കസുമം ബംഗാളിലെ ഒരു പുരാതന കുടുംബത്തിലെ അംഗമാണ്. ഒരു കാലത്തു വളരെ ഐശ്വര്യത്തിൽ ആ കുടുംബം കഴിഞ്ഞിരുന്നെന്നും ബാനർജിയുടെ അച്ഛനു് പല സഹായങ്ങളും അവിടെനിന്നു ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. എന്നുമാത്രമല്ല, വിവാഹത്തെപ്പററി മകനുമായി ആലോചിക്കുകയും മകൻ സമ്മതിക്കുകയും ചെയ്തിരിക്കുന്നു. അതിന്നു് ഒരു കാരണം കൂടിയുണ്ടു്. കുസുമവും സുധയും പഠിച്ചിരുന്ന കാലത്തു് ഹെഡ്മിസ്റ്റ്റസ്സായിരുന്ന സ്ത്രീയാണ് മോഹനചന്ദ്രൻെറ സഹോദരിയെ വീട്ടിൽവച്ചു പഠിപ്പിക്കുന്നതു്. ആ സ്ത്രീ എപ്പോഴും കുസുമത്തിൻെറ ബുദ്ധിശക്തിയേയും സ്വഭാവഗുണത്തേയും വാഴ്ത്തുമത്രെ"

സുധ:—"അങ്ങനെ ഒരു നല്ല വരനെ കുസുമത്തിനു കിട്ടിയതിൽ നമുക്കു് അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യാം. സാധുകുടുംബം, അവൾക്കു് ഒരിക്കലും സന്തോഷമില്ല. എപ്പോഴും പറയും "ഞാൻ ഭാഗ്യഹീന"യാണെന്നു്."

വസു:—"സുധയുടെ വിവാഹം കഴിഞ്ഞതു മുതൽ അവൾക്കു് കൂടുതൽ മനഃക്ലേശം കാണും. രണ്ടുപേരും ഒരു പ്രായക്കാരും ഒരുമിച്ചു പഠിച്ചവരുമല്ലേ?"

രമേ:—"അടുത്തുതന്നെ അവളുടെ വിവാഹവും നടക്കും. സംശയിക്കേണ്ട. അക്കാര്യം ഞാൻ ഏററു."

സുധ:—"വിവാഹച്ചെലവുകൾക്കുപോലും അവളുടെ അച്ഛൻെറ കയ്യിൽ പണം കാണുകയില്ല."

രമേ:—"അതെനിക്കറിഞ്ഞുകൂടെ? അക്കാൎയ്യവും ഞാൻ ബാനർജിയോടു പറഞ്ഞു. അത്ര വലിയ ആഡംബരങ്ങളൊന്നും വേണ്ടെന്നും, അഥവാ വേണമെങ്കിൽ തന്നെയും അദ്ദേഹം ചെലവാക്കിക്കൊള്ളാമെന്നും സമ്മതിച്ചു. പക്ഷെ, വിവാഹച്ചെലവു മുഴുവൻ വഹിച്ചുകൊള്ളാമെന്നു ഞാനേററു."

വസു:—"അതുവളരെ നന്നായി. ഞാൻ പ്രസവിച്ചു കുട്ടിയാണെങ്കിൽ ചെലവുചെയ്യേണ്ടേ? ഏതായാലും കാൎയ്യം തീർച്ചയാക്കുന്നതിനു മുമ്പു് കുസുമത്തിന്റെ അഭിപ്രായം കൂടി അറിയണം."

രാമ:—"തീർച്ചയാകാനൊന്നുമില്ല; ദിവസം നിശ്ചയിക്കേണ്ട ജോലിയേ ബാക്കിയുള്ളൂ. സുധതന്നെ കുസുമത്തിനോടു പറയട്ടെ."

വസു:—"സുധേ, കുസുമത്തിനെ കണ്ടു നീ സംസാരിക്കണം. അവൾ പോകുന്നതിന്നു മുമ്പറിഞ്ഞിരുന്നെങ്കിൽ ഉടനെ പറയാമായിരുന്നു."

സുധ:—"കുസുമം പോയിട്ടില്ല; അവൾ താഴെ ഉണ്ടു്. എന്റെ ഒരു സാരിയിൽ ചില പൂക്കൾ തയ്ക്കുകയാണു്".

വസു:—"എന്നാൽ നീ പോയി അവളുടെ അഭിപ്രായം ചോദിക്കു."

സുധ:—"ഞാൻ കുസുമത്തിനെ ഇങ്ങോട്ടയക്കാം. അമ്മയും അച്ഛനുംകൂടി പറയണം.".

വസു:—"എന്നാൽ അങ്ങനെ ചെയ്യു."

സുധ താഴത്തേക്കുപോയി; അല്പം കഴിഞ്ഞു് കുസുമം രമേശ് ബാബുവിൻെറ മുറിയിൽ എത്തി വിനയാദരപൂർവ്വം അദ്ദേഹത്തെ വന്ദിച്ചു.

വസു—"മകളെ, നിന്നോടു് ഒരു കാര്യം പറയാനാണു് വിളിച്ചതു്. നിന്നെ സംബന്ധിക്കുന്ന ഒരു കാര്യമാണു്."

കുസു:—"എന്നെ സംബന്ധിക്കുന്നതോ? ഞാൻ എന്തു ചെയ്യണമെന്നു പറയേണ്ടതാമസമേയുള്ളു വല്ലൊ."

വസു—"കാളിപ്രസാദ് ബാനർജിയെപ്പററി നീ കേട്ടിട്ടുണ്ടോ? ഒരു നല്ല പണക്കാരൻ; പല തൊഴിൽശാലകളുടെയും ഉടമസ്ഥൻ."

കുസു:—"കേട്ടിട്ടുണ്ടു്—എന്നു മാത്രമല്ല, ഞാൻ മട്രിക്കുലേഷൻ ജയിച്ചുശേഷം നടന്ന "സ്സ്രൂൾഡേ" ആഘോഷത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് അദ്ദേഹമാണു്. അന്നു് സ്സ്രൂൾവകയായി ചില സമ്മാനങ്ങൾ എനിക്കു തന്നതും അദ്ദേഹമാണു്."

രമേ:—"അക്കാര്യം അദ്ദേഹം മറന്നുപോയി. ഇല്ലെങ്കിൽ എന്നോടു പറയുമായിരുന്നു. ഇനിയും ഞാൻ അതും ഓർമ്മിപ്പിക്കാം."

വസു:—"അദ്ദേഹത്തിൻെറ മകൻമോഹനചന്ദ്രൻ ഏഴെട്ടു കൊല്ലം യൂറോപ്പിൽ താമസിച്ചു പഠിച്ചു് പല ബിരുദകളും നേടി വന്നിട്ടുണ്ടു്. അയാളെക്കൊണ്ടു

നിന്നെ വിവാഹം കഴിപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു."

കുസു:—"അമ്മേ, അമ്മയ്ക്ക് എന്നോടുള്ള വാത്സല്യം കൊണ്ടു് എന്റെ കുടുംബസ്ഥിതിയും മററും അമ്മ മറക്കുന്നു."

രമേ:— "കുഞ്ഞേ സകലകാര്യങ്ങളും ഞാൻ ബാനർജിയോടു പറഞ്ഞു. നിന്റെ കുടുംബത്തിന്റെ പുരാതനസ്ഥിതിപോലും നിശ്ചയമുള്ള ഒരാളാണു് അദ്ദേഹം .അദ്ദേഹത്തിന്റെ അച്ഛനു് നിന്റെ കുടുംബത്തിൽ നിന്നു പല സഹായങ്ങളും ലഭിച്ചിട്ടുണ്ടു്. ഏതായാലും അദ്ദേഹത്തിനു പൂർണ്ണസമ്മതം. അദ്ദേഹം മകനുമായി ആലോചിച്ചതിൽ അയാളും സമ്മതിച്ചിരിക്കുന്നു."

കുസു:— "ഞാൻ പറയുന്നതു് അവിവേകമാണെങ്കിൽ അവിടുന്നു ക്ഷമിക്കണം; എന്നെയും എന്റെ കുടുംബത്തേയും പററി പൂർണ്ണബോധമുള്ളതുകൊണ്ടു്, അവിടുന്നു പറഞ്ഞതുപോലെ ഒരുന്നതകുടുംബവുമായി എനിക്കു ബന്ധമുണ്ടാകുമെന്നു ഞാൻ ആശിക്കുന്നില്ല. നമ്മുടെ ഇടയിലുള്ള നടപ്പു് അവിടുത്തേക്കു് അറിയാമല്ലോ."

രമേ:— "കുസുമം, നിനക്കു സമ്മതമാണോ എന്നു മാത്രമേ എനിക്കറിയാനുള്ളു. ബാക്കി കാര്യങ്ങൾക്കു് ഉത്തരവാദി ഞാനാണു്. നിന്നെ യോഗ്യനായ ഒരു വരനോടുകൂടി അയച്ചാൽ മാത്രമേ ഞങ്ങൾക്കു് സമാധാനമുള്ളു."

കുസുമത്തിൻെറ നയനങ്ങളിൽ ഹർഷാശ്രു പൊടിച്ചു. തൻെറ വിവാഹം നടക്കുമല്ലോ എന്നുള്ള വിചാരമല്ല അവളെ സന്തോഷിപ്പിച്ചതു്. രമേശബാബുവിനും വസുമതിക്കും അവളോടുള്ള വാത്സല്യം, അവളുടെ കാര്യങ്ങളിൽ ഉള്ള താല്പര്യം, അതാണു ആ സന്തോഷത്തിനു ഹേതു. കുസുമം ഗദ്ഗദത്തോടുകൂടി പറഞ്ഞു.

"നിങ്ങൾക്കെല്ലാം എന്നോടുള്ള വാത്സല്യം ഒന്നു മാത്രമാണു് ഈ ലോകത്തിൽ എനിക്കുള്ള സമ്പാദ്യം. ഞാനും സുധയും നിങ്ങൾക്കു രണ്ടുപേർക്കും ഒന്നുപോലെയാണു്. സുധയ്ക്കു് എന്നെക്കാൾ ആറേഴു് മാസത്തെ മൂപ്പുണ്ടു്. അങ്ങനെ സുധ ജ്യേഷ്ഠപുത്രിയും ഞാൻ കനിഷ്ഠപുത്രിയുമാണെന്നു നിങ്ങൾ കരുതുന്നു. എൻെറഭാഗ്യം! ഞാൻ മുജ്ജന്മം ചെയ്ത പുണ്യത്തിൻെറ ഫലം. ജ്യേഷ്ഠത്തിയുടെ വിവാഹം കഴിഞ്ഞു. ഇനിയും അനുജത്തിയുടെയും നടത്താൻ ഉദ്ദേശിക്കുന്നു. നിങ്ങൾ രണ്ടുപേരും സുധയുംകൂടി തീർച്ചയാക്കുന്നതെല്ലാം എൻെറ നന്മയ്ക്കുവേണ്ടിയായിരിക്കും. അതുകൊണ്ടു് അതനുസരിക്കാൻ ഈ സാധുമകൾ എപ്പോഴും തയ്യാറാണു്."

രമേ:- "മതി, ഇത്രയും കേട്ടാൽമതി, ഇന്നുതന്നെ വിവാഹമുഹൂർത്തം നിശ്ചയിക്കണം. നിൻെറ അച്ഛനോടു പറയണം, വിവാഹത്തിനുവേണ്ടി ഒററക്കാശു കടം വാങ്ങരുതെന്നു്. വേണ്ട കാര്യങ്ങളെല്ലാം ഞാൻ ഏർപ്പാടുചെയ്തുകൊള്ളാം."

കൃതജ്ഞതാപരവശയായി കുസുമം രമേശബാബുവിൻെറ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു. അദ്ദേഹമാകട്ടെ അവളെ എഴുന്നേൽപ്പിച്ചു തൻെറ മടിയിൽ പിടിച്ചിരുത്തി; അവളുടെ ഹർഷാശ്രു തുടച്ചു.

"മകളേ, നീ വസുമതിയുടെ വയററിൽ കിടന്നിട്ടില്ലെന്നേയുള്ളു. സുധയും നീയും ഞങ്ങൾക്കു ഒന്നുപോലെയാണ്."

"അതെനിക്കറിയാം; മരണംവരെ ഞാൻ മറക്കുകയുമില്ല. ഞാൻ പഠിച്ചതു്, നല്ല സാരികൾ ഉടുത്തിട്ടുള്ളതു്, ഇന്നും ഉടുക്കുന്നതു്, ആരുടെ വാത്സല്യം കൊണ്ടാണ്!"

വസു:—"ഇങ്ങനെയൊന്നും പറയരുതു്."

കുസുമം:—"ഇല്ലമ്മാ,പറയുകയില്ല. എൻെറ സന്തോഷവും കൃതജ്ഞതയുംകൊണ്ടു പറഞ്ഞുപോയതാണ്. അമ്മ തെററിദ്ധരിക്കരുതെ."

രമേ:—"നീ അച്ഛനോടു് ഇക്കാര്യത്തെപ്പററി ഇന്നു പറയേണ്ട. വിവാഹമുഹൂർത്തം നിശ്ചയിച്ചുകൊണ്ടു് ഇന്നുതന്നെ ഞാൻ അദ്ദേഹത്തിനെ കണ്ടു പറഞ്ഞുകൊള്ളാം."

ഇങ്ങനെ കുസുമത്തിൻെറ വിവാഹകാര്യം ഏതാണ്ടു തീർച്ചയാക്കിയശേഷം ആ ഗൃഹസദസ്സു പിരിഞ്ഞു.

# അദ്ധ്യായം 3

ഒരു ദിവസം കാലത്തു് കസുമത്തിൻെറ പിതാവു് പുത്രിയോടു് ഇപ്രകാരം പറഞ്ഞു.

"കുഞ്ഞേ, നീ ഇങ്ങനെ സദാ നിരുന്മേഷയായി കഴിഞ്ഞാലോ? നിൻെറ സന്തോഷം കണ്ടു വേണ്ട ഞാൻ ആശ്വസിക്കാൻ; സംതൃപ്തിഅടയാൻ."

കസു:— "അച്ഛാ! എനിക്കു് ഒരു ദുഃഖവുമില്ല. എൻെറ ഉത്സാഹത്തിനു കുറവുമില്ല."

പിതാ:—"നീ ഈയിടെ വളരെ ക്ഷീണിച്ചിരിക്കുന്നു. എൻെറ മകൾക്കു നല്ല ആഹാരംപോലുമില്ല. നല്ല മലക്കറികളോ, പഴങ്ങളോ, നെയ്യോ പാലോ കഴിക്കാത്തതിൻെറ ഫലമാണു്. എന്തു ചെയ്യാം ദൈവം നമ്മളെ ദരിദ്രരാക്കിക്കളഞ്ഞു."

കസു:—"അച്ഛൻ ഇതൊന്നും ചിന്തിച്ചു ദുഃഖിക്കരുതു്. ഉള്ളതുകൊണ്ടു നമുക്കു തൃപ്തിപ്പെടാം. ലോകത്തു നമ്മെക്കാൾ ദരിദ്രരും ഉണ്ടല്ലോ എന്നു സമാധാനിക്കണം."

പിതാ:— "നമ്മുടെ കുടുംബം ഒരുകാലത്തു് എത്ര നല്ല നിലയിലിരുന്നതാണെന്നു് നിനക്കറിഞ്ഞുകൂടല്ലോ."

കസു:— അച്ഛാ, വൃദ്ധിയും, ക്ഷയവും ലോകസ്വഭാവമാണു്. ചന്ദ്രനെ നോക്കണം. പോരെങ്കിൽ ലക്ഷ്മി അസ്ഥിരയുമാണല്ലോ. ധനം എന്നും ഒരാളുടെ കൈയിൽ ഇരിക്കുകയില്ല. ദാരിദ്ര്യവും സമ്പത്തും മാറിമാറി വന്നുകൊണ്ടിരിക്കും."

"ആക്കാണ് ഇപ്പോൾ ദാരിദ്ര്യം വന്നിരിക്കുന്നതു്? സ്ദാ ദാരിദ്ര്യത്തെയും ഭാഗ്യദോഷത്തെയും പററി പ്രസംഗിക്കുന്നതേ കേൾക്കാനുള്ളു. എത്ര പറഞ്ഞാലും അതു നിൎത്തുകയില്ല"

പിതാ:— "ആരു്, സുധയോ? വരൂ മകളെ, ഇങ്ങടുത്തുവരൂ; ആരാണു് കൂടെ?"

സുധ:—"വീട്ടിലെ ഒരു വേലക്കാരൻ."

കുസുമം സുധയെ പിടിച്ചു തൻെറ സമീപം ഇരുത്തി.

പിതാ:— "മകളെ; ഞങ്ങൾ ഞങ്ങളുടെ പ്രാരബ്ധങ്ങളെക്കുറിച്ചു പറയുകയായിരുന്നു. ഇവൾ എന്നും ഉറക്കംതൂങ്ങി കഴിയുകയാണു്. മനുഷ്യരായാൽ ഉത്സാഹം വേണ്ടേ? ചെറുപ്പമല്ലേ?"

സുധ:— "അതുതന്നെയാണു ഞാനും പറയാറുള്ളതു്"

സുധയുടെ ഭൃത്യൻ ചില സാമാനങ്ങൾ അകത്തു കൊണ്ടുചെന്നു വച്ചു.

പിതാ:— "ഇതെന്താണു് കുഞ്ഞേ?"

സുധ ഓരോന്നായി എടുത്തു് അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചു.

പിതാ:— "ങ്ഹാ! ഇതെന്തെല്ലാം? മലക്കറികൾ, പഴങ്ങൾ, ആ ഭരണി, നെയ്യോ? എന്തെല്ലാം? എൻെറ കുഞ്ഞു് ഈ അഗതികൾക്കു് എന്തെല്ലാം കൊണ്ടുവന്നിരിക്കുന്നു?"

സുധ:—"അഗതികളോ? ആരാണു് അഗതികൾ, ആരാണു് ഗതിയുള്ളവർ? കാളിപ്രസാദബാനർജിയു

ടെ കുടുംബം മുമ്പ് എങ്ങിനെ ഇരുന്നു? ഇന്ന് എങ്ങനെ കഴിയുന്നു?"

പിതാ:- "അതെ, അതെ; അതു സത്യംതന്നെ. എൻെറ അച്ഛൻ അവക്ക് എന്തെല്ലാം സഹായം ചെയ്തിട്ടുണ്ട്? ഇന്നോ? എത്രപേർ അവരെക്കൊണ്ടു കഴിയുന്നു?"

സുധ:—"ഇന്നു ഈ കുടുംബം അൽപം മോശമാണെങ്കിൽ നാളെ നല്ല നിലയിലാകും. ഇന്നത്തെ നിലയിൽ കുണ്ഠിതപ്പെടുകയോ, നാളത്തെ നിലയിൽ സന്തോഷിക്കുകയോ അരുതു്." സുധ ഒരു കടലാസ് പൊതിയെടുത്തു കുസുമത്തിൻെറ കയ്യിൽ കൊടുത്തു. കുസുമം അഴിച്ചു നോക്കി

പിതാ:— "എന്താണ് മകളെ, തുണിയോ?"

കുസു:—"നാലു സാരികൾ, ബ്ളൗസിനുള്ള തുണികൾ." (വെളിയിൽ ആരുടേയോ കാൽപെരുമാററം)

"അച്ഛാ, അതാ സുധയുടെ അച്ഛൻ."

രമേശ്ബാബു അകത്തു കടന്നു. കുസുമവും പിതാവും അദ്ദേഹത്തിനെ വന്ദിച്ചു.

രമേ:- "സുധേ, നീയും വന്നിരിക്കുന്നോ?"

പിതാ:- "സുധ എന്തെല്ലാം കൊണ്ടുവന്നിരിക്കുന്നെന്നു നോക്കണം, പാവങ്ങളെ സഹായിക്കാൻ."

രമേ:— "പാവങ്ങളോ? ഇങ്ങനെ സ്വയം താഴരുതു്."

സുധ:—"അച്ഛാ, നമുക്കു പോകാം. ഇവിടുള്ളവർ പാവങ്ങളാണെന്നു കരുതി നാം സഹായിക്കാൻ വന്നിരിക്കുന്നെന്നാണ് ഇവരുടെ രണ്ടുപേരുടെയും വിചാരം. എൻെറ അച്ഛനെയും അനുജത്തിയെയും പോലെയാണ് ഞാൻ നിങ്ങളെ രണ്ടുപേരെയും കരുതുന്നതു്. ഒരു കുടുംബത്തിലുള്ള സാധനങ്ങൾ അവിടുത്തെ അംഗങ്ങളെല്ലാം അനുഭവിക്കണമെന്നാണ് ഞങ്ങളുടെ വിചാരം. എന്നിട്ടും, ഞങ്ങളെ അന്യരായി കരുതുന്നെങ്കിൽ ഇനിമേൽ ഞാൻ ഈ വീട്ടിൽ വരികയില്ല."

സുധയുടെ മുഖം വാടി, തൊണ്ട ഇടറി, കണ്ണുകൾ കലങ്ങി.

കുസു:—"അയ്യോ, കഷ്ടം! അച്ഛൻ നേരംപോക്കു പറഞ്ഞതിന് എൻെറ സുധ ഇങ്ങനെ കലഹിച്ചാലോ?"

പിതാ:—"മകളെ, എൻെറ മനസ്സിൻെറ സന്തോഷം കൊണ്ടു പറഞ്ഞതാണ്. നിങ്ങളെ ഞാൻ അന്യരായി വിചാരിക്കുമോ? അത്ര ദുഷ്ടനാണോ ഞാൻ? എൻെറ കുഞ്ഞു തെററിദ്ധരിക്കരുതു്."

രമേ:—"ഞാൻ ഒരു ഗൌരവമേറിയ കാര്യം പറയാനാണ് വന്നതു്. കാളിപ്രസാദബാനർജിയെ അങ്ങേയ്ക്കറിയാമോ?"

"അറിയാം."

"അദ്ദേഹത്തിൻെറ മകൻ മോഹനചന്ദ്രനേയോ—?"

"അയാളെ ഈയ്യിടെ ഒരു ദിവസം കണ്ടു. കുട്ടിയായിരുന്നപ്പോൾ പലപ്പോഴും കണ്ടിട്ടുണ്ടു്."

"മോഹന ചന്ദ്രനെക്കൊണ്ടു് ഈ മാസം 26-ാംനു- കുസുമത്തിനെ വിവാഹം ചെയ്യിക്കാൻ ഞാനും ബാനർജിയും കൂടി നിശ്ചയിച്ചിരിക്കുന്നു. അവിടുത്തെ അഭിപ്രായം അറിയാനാണു് വന്നതു്."

"ബാനർജിക്കും മകനും സമ്മതമാണോ?"

"രണ്ടു പക്ഷം പൂർണ്ണസമ്മതം. ഞാനും ബാനർജിയും കൂടിയാണു് ദിവസം നിശ്ചയിച്ചതു്."

"കുസുമത്തിനു നിങ്ങളുടെയെല്ലാം സഹായമേയുള്ളൂ. നിങ്ങൾ നിശ്ചയിക്കുന്നതു് എനിക്കും സമ്മതം. പക്ഷെ..........."

"പക്ഷേ, എന്താണു്? മുഴുവൻ പറയണം. അവിടുത്തെ സമ്മതമില്ലെങ്കിൽ ഞാൻ നിർബ്ബന്ധിക്കുകയില്ല."

"എനിക്കു വിസമ്മതമോ? ഒരിക്കലുമില്ല. കുസുമത്തിൻെറ ഭാഗ്യത്തിൽ എനിക്കു സന്തോഷമാണുള്ളതു്."

"പിന്നെ, പക്ഷെ, എന്നു പറഞ്ഞതോ?"

"കല്യാണച്ചെലവിനെപ്പററി വിചാരിക്കുകയാണു്."

"അതൊന്നും അവിടുന്നറിയേണ്ട. അതിനുവേണ്ട സകലകാര്യങ്ങളും ശരിപ്പെടുത്താൻ ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഒരൊററ പൈ അന്വേഷിക്കേണ്ട. കുസുമം എനിക്കു് അന്യയല്ല. സുധയുടെ അനുജത്തി

യാണ്. അവളുടെ കല്യാണം നടത്തേണ്ടതു് എന്റെയും വസുമതിയുടേയും ചുമതലയാണു്.''

"എല്ലാം ഇഷ്ടംപോലെ. ദൈവം നിങ്ങളേയും കുടുംബത്തേയും അനുഗ്രഹിക്കും. കുസുമം എപ്പോഴും നിരുന്മേഷയായി, ദുഃഖിതയായി കഴിയുന്നതിൽ എനിക്കു ദുസ്സഹമായ കുണ്ഠിതമുണ്ടു്. അവൾ ഒരു നല്ല നിലയിൽ വന്നു കാണണമെന്നു മാത്രമാണു് എനിക്കു് ഒരൊററ ആശ."

"എന്നാൽ കല്യാണം ഈമാസം 26-ാംനു- രാത്രിയിൽ 7-30 നും 9നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ. നാളെ മുതൽ അതിലേക്കു വേണ്ട ഒരുക്കങ്ങൾ തുടങ്ങും. അങ്ങു് ഇവിടെ ഇരുന്നു് എല്ലാം നടത്തിക്കണം. കാളിപ്രസാദബാനർജി ഇന്നു് ഇങ്ങോട്ടു വരും.''

"സർവ്വേശ്വരൻ എല്ലാം നടത്തട്ടെ."

സുധ:— ''കുസുമം, ഇങ്ങനെ ഉറക്കം തൂങ്ങി ഇരിക്കാതെ! എപ്പോഴും വൃത്തിയായി ഉത്സാഹമായി കഴിയണം. ഇല്ലെങ്കിൽ നമ്മൾ തമ്മിൽ പിണക്കം."

കുസു;—"എന്റെ ചേച്ചിയുടെ ഇഷ്ടംപോലെ."

സുധ:— ''നീ, വൈകിട്ടു വീട്ടിലേക്കു വരണമെന്നു അമ്മ പറഞ്ഞിട്ടുണ്ടു്. ഇവിടെ കുറേ ദിവസത്തേക്കു് ജോലിക്കാരും മററും കാണും. നീ പകൽ മുഴുവനുമെങ്കിലും വീട്ടിൽ വന്നു താമസിക്കണം.''

കസു:— "അങ്ങനെയാകട്ടെ; എന്റെ ചേച്ചിയുടെയും അമ്മയുടെയും ആജ്ഞകൾ അക്ഷരം പ്രതി അനുസരിക്കാൻ ഞാൻ എപ്പോഴും തയ്യാറാണെന്നറിയാമല്ലോ."

സുധയും രമേശ്ബാബുവും അവരുടെ വീട്ടിലേക്കു പോയി.

# അദ്ധ്യായം നാല്

വസു:— "കസുമം, നിന്റെ വിജയത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു."

കസു:— "എന്തുവിജയം? സംഗീത മത്സരത്തിലോ?"

രമേ:— "അതു സാരമില്ലേ? 146പേർ മത്സരിച്ചതിൽ ഒന്നാം സമ്മാനം നിനക്കല്ലേ ലഭിച്ചതു്? അതു നിസ്സാരമാണോ? ഇന്നത്തെ "ബങ്കാളി"യിൽ നിന്റെ സംഗീതസാമർത്ഥ്യത്തെപ്പററി എഴുതിയിരുന്നതു നീ കണ്ടില്ലേ?"

ബങ്കാളിപത്രം എടുത്തുകൊടുക്കുന്നു. കസുമം വായിക്കുന്നു.

കസു:— "ഇതു്, എന്നോടു സ്നേഹമുള്ളവരാരോ എഴുതിയതാണു്. ഇതിലുള്ള സ്തുതികൾക്കൊന്നും ഞാൻ

അർഹയല്ല. എന്റെ ഫോട്ടോ ഇവർക്കെങ്ങിനെ കിട്ടി?"

സുധ:— "അതു ഞാൻ കൊടുത്തതാണ്."

കസു:— "എന്നാൽ ഇതെഴുതിക്കൊടുത്തതും മററാരുമല്ല."

സുധ:— "അക്കാര്യത്തിൽ എന്നെ സംശയിക്കേണ്ട എന്നോട് ഒരാരം വന്നു നിന്റെ വീടുചോദിച്ചു. ഞങ്ങരം തമ്മിൽ സംസാരിച്ചപ്പോരം ഫോട്ടോയുടെ കാര്യം പറഞ്ഞു, നീ കൊടുക്കുകയില്ലെന്നെനിക്കറിയാം. അതു കൊണ്ടു് നമ്മുടെ ഒരു ഗ്രൂപ് ഫോട്ടോ ഞാൻ കൊടുത്തു."

വസു:— "ടെന്നീസ്സ് കളിക്കും നീയല്ലേ ജയിച്ചതു്?"

കസു:— "ഞാനും ചേച്ചിയും ചേർന്നാണു കളിച്ചതു്. ചേച്ചിയുടെ ചുണകൊണ്ടു ഞങ്ങരം ജയിച്ചു. അതിൽ എനിക്കൊരുമേന്മയുമില്ല."

സുധ:— "കളികണ്ടവരാരെങ്കിലും പറയട്ടെ."

കസു:— "എന്റെ സാമർത്ഥ്യം കൊണ്ടു ജയിച്ചു; ഇനിയും വഴക്കില്ലല്ലൊ. അവനവന്റസ്നേഹമുള്ളവരിൽ ഇല്ലാത്തഗുണംപോലും കാണുന്നതു് മനുഷ്യസഹജമാണ്."

രമേ:— "അഖിലേന്ത്യാ ടെന്നീസ്സ്ടൂർണമെന്റിനു നിങ്ങരം രണ്ടുപേരും കൂടി ചേരണം."

സുധ:— "ഞങ്ങരം വിമൻസ് ഡബിരംസ്സിനു പേരുകൊടുത്തിട്ടുണ്ടു്, കസുമം സിങ്കിരംസ്സിനും ചേർന്നിരിക്കുന്നു."

രമേ:— "അതുകൊള്ളാം മോഹനചന്ദ്രനും നല്ല ടെന്നീസ്സ് കളിക്കാരനായിരിക്കും. ഇനിയും രണ്ടുപേർക്കും കൂടി മിക്സഡ് ഡബിൾസ്സിനു ചേരാമല്ലോ."

കുസുമം ലജ്ജമൂലം അധോമുഖിയായി.

*　　　*　　　*

കുസുമത്തിന്റെ വിവാഹം രമേശ് ബാബുവിന്റെയും വസുമതി ദേവിയുടേയും സുധയുടേയും മേൽനോട്ടത്തിൽ നിശ്ചിത മുഹൂർത്തത്തിൽ യഥാവിധി ആഘോഷിച്ചു. കുസുമം ഭർത്തൃഗൃഹത്തിൽ താമസവുമായി.

ഈ സന്ദർഭത്തിൽ കാളിപ്രസാദബാനർജിയുടെ കുടുംബത്തെക്കുറിച്ചു് രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. അവരുടെ ധനസ്ഥിതിയെപ്പററി മുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. ബാനർജിയും ഭാര്യയും മോഹനചന്ദ്രനും അയാളുടെ രണ്ടു സഹോദരിമാരുമാണു് ഇക്കാലത്തു് ആ കുടുംബത്തിൽ ഉള്ളതു്. സഹോദരിമാരിൽ ഒരാൾ വിവാഹിതയാണു്. എങ്കിലും താമസം അധികവും പിതൃഗൃഹത്തിൽ തന്നെ.

മിസിസ്സ് ബാനർജി കുസുമത്തിന്റെ സൌന്ദര്യത്തിൽ അഭിമാനിക്കുന്നു. സൌശീല്യത്തിൽ സംതൃപ്തയുമാണു്. എങ്കിലും, അമ്മായിഅമ്മമാരുടെ ദുർഗ്ഗുണങ്ങൾ പലതും അവർക്കുണ്ടു്. സ്വപുത്രികളുടെ ആവശ്യങ്ങൾക്കു് കുടുംബത്തിൽനിന്നു് എത്ര പണം ചെലവാക്കുന്നതിന്നും അവർക്കു സന്തോഷമേയുള്ളു. പ്രത്യു

ത, കുസുമത്തിന്നു് ആഭരണങ്ങൾ തീർക്കുകയോ നല്ല സാരികൾ വാങ്ങിക്കുകയോ ചെയ്യുന്നതുകണ്ടാൽ അവർ പറയും "വീടുമുടിക്കാൻ വന്നിരിക്കയാണു്" എന്നു്. കുസുമം ടെന്നിസ്സ് കളിക്കുന്നതോ വിശേഷിച്ചു് ആരെങ്കിലും ഉള്ളപ്പോൾ പാടുന്നതോ അവർക്കിഷ്ടമില്ല.

മോഹനചന്ദ്രന്റെ സഹോദരിമാരും മാതാവിന്റെ തനിപ്പകർപ്പുകളാണു്. അവർക്കു് കുസുമത്തിന്റെ സൌന്ദര്യത്തിൽ പോലുംഅസൂയയുണ്ടു്. അവൾ നല്ല വസ്ത്രങ്ങളോ ആഭരണങ്ങളോ ധരിക്കുന്നതു കണ്ടുകൂടാ.

കുസുമം ആരുടെയും അപ്രീയത്തിനു് ഇടയാക്കാതെ കുടുംബാംഗങ്ങളെയെല്ലാം പ്രീതിപ്പെടുത്തി കഴിഞ്ഞുകൂടുവാൻ ശ്രമിക്കുന്നു. മാതാവോ ഭർത്തൃസഹോദരിയോ വർഷിക്കുന്ന മുള്ളുവാക്കുകളൊന്നും അവൾ മോഹനചന്ദ്രനെ അറിയിക്കുന്നില്ല.

മോഹനചന്ദ്രൻ, വേഷം, ആചാരം ഇതുകളിലെല്ലാം തനി യൂറോപ്യനാകാൻ ശ്രമിക്കുന്നു. സുഖലോലുപൻ, ആഡംബരപ്രിയൻ; പാശ്ചാത്യപരിഷ്കാരത്തിന്റെ ദുഷിച്ച വശങ്ങൾ പലതും പകർത്തുന്നതിൽ ഉത്സുകൻ. ഭാര്യ തന്നെ അനുകരിക്കാതെ ഭാരതീയസ്ത്രീത്വം പുലർത്തുന്നതിൽ അയാൾക്കു് അതൃപ്തിയുണ്ടു്. അവൾ വീട്ടുജോലികൾ ചെയ്യുന്നതു് അയാൾക്കിഷ്ടമില്ല. പക്ഷെ, ചെയ്തില്ലെങ്കിൽ, സ്ത്രീകൾക്കു് അതൃപ്തിയായി. മോഹനചന്ദ്രനു് അവൾ എപ്പോഴും വിശേഷവസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചിരി

ക്കണം. അങ്ങനെ ചെയ്താൽ സ്ത്രീകൾക്കു് കോപമായി. ആകപ്പാടെ കുസുമം കുഴങ്ങി.

# അദ്ധ്യായം അഞ്ചു്

മനോരമ— പലരും കരുതുന്നു അതു് അവൾക്കു് ഏററവും യോജിച്ച പേരാണെന്നു്. സ്വതേ അവൾ അത്രസുന്ദരിയല്ല; എന്നാൽ അതുവിരൂപയുമല്ല. പക്ഷേ, ബാഹ്യമോടികൾകൊണ്ടു് വരുത്താവുന്ന സൌന്ദര്യം തികച്ചും അവൾ നേടുന്നു; സകലരേയും ആകർഷിക്കുന്നു. തലമുടി പരിഷ്കൃതരീതിയിൽ ബാബ്ബുചെയ്തു ചീകി ഒതുക്കിവെച്ചിരിക്കയാണു്. സ്നോ പൌഡർ, ലിപ്സ്റ്റിക്കു് തുടങ്ങി കൃത്രിമസൌന്ദര്യം നൽകുന്ന ഉപകരണങ്ങൾ എപ്പോഴും വേണ്ടപോലെ ഉപയോഗിക്കും. രത്നഖചിതങ്ങളായ ആഭരണങ്ങളും വിലയേറിയ പട്ടുസാരികളുമേ ധരിക്കൂ. സംഭാഷണവും നടപ്പും പെരുമാററവും എല്ലാം തനിയൂറോപ്യൻ മട്ടിലാണു്. സംസർഗ്ഗവും യൂറോപ്യൻമാരുമായും യൂറോപ്യൻരീതിയിൽ ജീവിക്കുന്ന നാട്ടുകാരുമായും മാത്രം. പൌരസ്ത്യരീതിയിൽ ജീവിക്കുന്നവർ, എത്ര വിദ്യാസമ്പന്നരും പണക്കാരും പ്രമാണികളുമായാലും അവരെ അവൾക്കു പുച്ഛമാണു്. കൽക്കത്താ നഗരത്തിലുള്ള മിക്ക യൂറോപ്യൻ ക്ലബ്ബുകളിലും മനോരമയെ

കാണാം. അവരുടെ പാർട്ടികളിലും ഡാൻസിലും അവളുണ്ടായിരിക്കും. ടെന്നീസ്സ് കളിക്കുന്നതും അവരുടെ കൂട്ടത്തിൽ മാത്രം.

മനോരമയുടെ ഭർത്താവായ വിപിനചന്ദ്രൻ ധാരാളം പണമുള്ള ഒരു കണ്ട്രാക്റ്ററാണ്. ഭാര്യയ്ക്ക് എത്രത്തോളം പാശ്ചാത്യ ജീവിതരീതിയിൽ പ്രതിപത്തിയുണ്ടോ അതിലധികം നാടൻ രീതിയിൽ ഭർത്താവിന്ന പ്രതിപത്തിയുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഉണ്ടെങ്കിലും ഇംഗ്ലീഷുകാരെ കണ്ണുംചിമ്മി അനുകരിക്കാൻ അയാൾ തയ്യാറില്ല. ചുരുക്കത്തിൽ, ആശയങ്ങളിലോ ആദർശങ്ങളിലോ ആചാരങ്ങളിലോ ഭാര്യാഭർത്താക്കന്മാർ തമ്മിൽ തീരെ പൊരുത്തമില്ല. എന്നാൽ ഭാര്യയുടെ ഹിതത്തിന്ന വിപരീതമായി ജീവിക്കാൻ അവളെ ഒരിക്കലും നിർബ്ബന്ധിക്കാറുമില്ല. ചിലപ്പോൾ ഉപദേശരൂപേണ വല്ലതും പറയും. മനോരമ കഴുത്തുവെട്ടിത്തിരിച്ച് ചില തുമ്മലും തുമിക്കലും കൊണ്ടു തന്റെ പ്രതിഷേധം പ്രത്യക്ഷമാക്കും. "ഇഷ്ടംപോലെ" എന്നുപറഞ്ഞു് വിപിനൻ അവളെ അവളുടെ പാട്ടിന്നു വിടും. പണത്തിന്റെ കാര്യത്തിൽ ഒരിക്കലും അവൾക്കു ബുദ്ധിമുട്ടു് നേരിടാതെ ശ്രദ്ധിക്കാറുണ്ടു്. ജീവിതാദർശത്തിലും രീതിയിലുമുള്ള ഭീമമായ വ്യത്യാസം ഒരു കുടുംബകലഹത്തിനിടയാകരുതെന്നു വിപിനനു് വിചാരമുണ്ടു്. തന്മൂലം ഭാര്യയുടെ കാര്യങ്ങളിൽ ഇടപെടാതെ സ്വന്തം മുറിയിൽ കഴിച്ചു കൂട്ടുകയാണു് സാധാരണ പതിവു്. ഇതു് അയാളുടെ കെംള്ളരുതായ്മയാണെന്നു്

SAHITYA VILASINI LIBRARY AYATRIL KOLLAM

ചിലർ കരുതുകയും അതിന് അയാളെ കുററപ്പെടുത്തുകയും ചെയ്യുന്നു. അതേ അവസരത്തിൽ മനോരമയും അവളുടെ കൂട്ടുകാരും "ശുദ്ധകണ്ട്രി" എന്നയാളെ പഴിക്കുന്നു.

കുസുമത്തിൻെറ ഭർത്താവായ മോഹനചന്ദ്രൻ മനോരമയുടെ ഒരു സ്നേഹിതനാണ്. അയാളും പാശ്ചാത്യ മാതൃകയിൽ ജീവിക്കുന്ന ഒരാളാണല്ലൊ. ഒരു സായാഹ്നത്തിൽ ടെന്നിസ്സ്കളി കഴിഞ്ഞു രണ്ടുപേരും പരസ്പരം കൈകൾകോർത്തു പിടിച്ചുകൊണ്ടു് ക്ലബ്ബിൽ നിന്നു മടങ്ങുമ്പോൾ മനോരമ ചോദിച്ചു:- "മിസ്ററർ ചന്ദ്രൻ, നിങ്ങളുടെ ഭാര്യ ക്ലബ്ബിലേക്ക വരാത്തതെന്തു്?"

"അവൾക്ക് യൂറോപ്യൻ ക്ലബ്ബുകളിൽ വരാൻ ഇഷ്ടമില്ല."

"കഷ്ടം, Western education (പാശ്ചാത്യ വിദ്യാഭ്യാസം) ഇത്രയധികം പ്രചരിച്ചിട്ടും ഇത്തരക്കാർ ഇനിയുമുണ്ടല്ലൊ. It is really a pity (അതു ദയനീയം തന്നെ) നിങ്ങളെല്ലാം Education (വിദ്യാഭ്യാസം) ഉള്ളവരല്ലേ? Compel Them to follow you (നിങ്ങളെ അനുകരിക്കാൻ നിർബ്ബന്ധിക്കണം)"

"Wife (ഭാര്യ) നോടു് എന്തുപറഞ്ഞാലും തലയിൽ കയറുകയില്ല. ഈയിടെ All India Tennis Tournament (അഖിലേന്ത്യാ ടെന്നീസ്സ് മത്സരം) ന് കളിച്ചു ജയിച്ചു."

"മനുഷ്യരാരും കാണാതെ കളിക്കമായിരിക്കം."

"ഞാൻ മടുത്തിരിക്കുകയാണു്. എത്ര Advise ചെയ്താലും (ഉപദേശിച്ചാലും) Compel ചെയ്താലും (നിർബന്ധിച്ചാലും) ഫലമില്ല."

"Dont allow her to follow her own way of Doing things" (സ്വന്തം ഹിതം പോലെ പ്രവത്തിക്കുവാനനുവദിക്കരുതു്.)

"ഞാനവളുമായി ഇസ്തിക്കു നില്ക്കുന്നതെങ്ങിനെ? എന്റെ പാട്ടു് എനിക്കു്, അവളുടെ പാട്ടു് അവൾക്കു്."

"That is bad. (അതു ചീത്തയാണു്) Wife (ഭാര്യ) എപ്പോഴും Husband (ഭത്താവു്)ന്റെ ഹിതം നോക്കേണ്ടതല്ലേ?"

"വിപിനചന്ദ്രബാബുവിന്റെ ഹിതപ്രകാരമാണോ നിങ്ങൾ ജീവിക്കുന്നതു്?"

ഈ ചോദ്യം കുറിക്കുകൊണ്ടു. അല്പനേരത്തെ മൌനത്തിനുശേഷം അവൾ മറുപടി പറഞ്ഞു?

"There are Some Such idiots in the world." (അതുപോലെ ചില വിഡ്ഢികൾ ലോകത്തുണ്ടു്.)

അവൾ സംഭാഷണവിഷയം മാററാൻ ശ്രമിച്ചു. എങ്കിലും അല്പം കഴിഞ്ഞപ്പോൾ അതേകാര്യങ്ങളിൽ തന്നെ എത്തി. അവരവക്കിഷ്ടമുള്ള വിഷയങ്ങളെപ്പററി സംഭാഷണം ചെയ്യാനാണല്ലോ മനുഷ്യന താല്പയ്യം.

"Husband (ഭർത്താവ്) ഉം Wife (ഭാര്യ) ഉം തമ്മിൽ ഇങ്ങനെ Differ (ഭിന്നിച്ചാൽ) ചെയ്താൽ ജീവിതം ഒരു Burden (ഭാരം) ആയി തോന്നും. Look at My own case (എൻെറ സ്ഥിതിതന്നെ നോക്കണം.) ഞാൻ എത്ര ക്ലേശിക്കുന്നു!"

"എന്തു ക്ലേശം? ഇഷ്ടംപോലെ കഴിയാൻ അദ്ദേഹം സമ്മതിക്കുന്നില്ലേ!"

"But, you see, I Miss his Company always."

(നോക്കണം, അദ്ദേഹത്തിൻെറ കൂട്ട് എനിക്ക് എപ്പോഴും നഷ്ടപ്പെടുന്നു.)

"എന്നാൽ മനസ്സിനു യോജിച്ച ഒരു ഭർത്താവിനെ തിരഞ്ഞെടുക്കണം."

"എന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്. Are you prepared to help me?" (എന്നെ സഹായിക്കാൻ തയ്യാറുണ്ടോ?)

"എന്നു വെച്ചാൽ? ഒരാളെ തിരഞ്ഞെടുക്കണമോ?"

"Not that. Suppose I select you. (അതല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുന്നെന്നു വിചാരിക്കുക.) എൻെറ Partner (പങ്കുകാരൻ) ആയി കഴിയാൻ തയ്യാറാണോ? നമ്മുടെ ക്ലേശത്തിനു Uniformity (ഐകരൂപ്യം) ഉണ്ടല്ലോ. Mutual Sympathy will help to solve the problem" (പരസ്പരാനുകമ്പ പ്രശ്നപരിഹാരം നേടാൻ സഹായിക്കും.)

"അങ്ങനെ വരുമ്പോൾ തീർച്ചയാക്കിയാൽ മതിയല്ലൊ.''

"Answer the question Point plank. My future depends upon that." (ഖണ്ഡിച്ച മറുപടി പറയണം. എന്റെ ഭാവി അതിനെ ആശ്രയിച്ചിരിക്കുന്നു.)

"If So, I will, consider it to be an honour and a blessing." (അങ്ങനെയാണെങ്കിൽ അതൊരു ബഹുമതിയും അനുഗ്രഹവുമായി ഞാൻ കരുതും.)

"എന്നാൽ ആദ്യമായി നമുക്ക് എവിടെയെങ്കിലും ഒരു Pleasure trip (ഉല്ലാസ യാത്ര) പോകാം. Say, just for a month or two." (ഒന്നോരണ്ടോ മാസത്തേക്ക്.)

"I am ready.'' (ഞാൻ തയ്യാർ.)

ഇങ്ങനെ അവരുടെ സംഭാഷണം ദീർഘിച്ചു.

## അദ്ധ്യായം ആറ്

ഒരു ദിവസം കുസുമം കളികഴിഞ്ഞു് തലമുടി ഒതുക്കിക്കൊണ്ടു് നിൽക്കുമ്പോൾ അവളുടെ ഭർത്തൃസോദരി അവളെ സമീപിച്ചു.

"ഇവിടെ ഒരുക്കിക്കൊണ്ടു നിന്നാൽ ചേട്ടൻ വരാറായി. കാപ്പി ഇട്ടുവെച്ചില്ലെങ്കിൽ കുടിക്കാതെ ക്ലബ്ബിലേക്കു പോകും."

"മണി മൂന്നടിച്ചതേയുള്ളു. നാലാകാതെ ഒരു ദിവസവും തിരിച്ചു വരാറില്ല. അതിനകം കാപ്പി തയ്യാറാക്കിയാൽ മതിയല്ലൊ."

"ഹോ! മദാമ്മ, മണിനോക്കിയേ ജോലി ചെയ്യൂ."

"ഞാൻ ആരുമാകട്ടെ, എൻെറ ജോലിക്കു വീഴ്ച വരുത്താതിരുന്നാൽ പോരേ?"

"ഇഷ്ടം പോലെ ചെയ്യണം. മനസ്സെങ്കിൽ കാപ്പി കൊടുത്താൽ മതി. മനസ്സില്ലെങ്കിൽ യഥേഷ്ടം ഒരുങ്ങണം."

"ഞാൻ ഒരുങ്ങുകയാണോ? കുളികഴിഞ്ഞു തലമുടി ഉടക്കറുക്കുന്നതു തെററാണോ? സ്ത്രീകളെല്ലാം ചെയ്യാറുള്ള ഒരു കൃത്യമല്ലേ?"

"ഏഹേ! എൻെറ തലയിൽ കയറേണ്ട. ഞാനൊന്നും പറയുന്നില്ല. അങ്ങുമിങ്ങും കഞ്ഞിവെള്ളം പോലും കിട്ടാതെ കിടന്നവരെ വീട്ടിൽ കൊണ്ടുവരുമ്പോൾ എന്തൊരു ഭാവമാണു്!"

"വെള്ളം കിട്ടാതെ കിടന്നപ്പോഴും ഞാൻ നിങ്ങളെ ഉപദ്രവിക്കാൻ വന്നില്ലല്ലൊ. എന്തിനാണു് വെറുതെ എന്നെ ശകാരിക്കുന്നതു്?"

കുസുമത്തിൻെറ ഭർത്തൃസഹോദരി കോപിഷ്ഠയായി അവളെ നിർഭയം ഭത്സിച്ചു കൊണ്ടവിടെ നിന്നും മാതൃസന്നിധിയിലേക്കു പോയി.

"അമ്മ! മരുമകളോട്ട് മര്യാദയ്ക്കിരിക്കാൻ പറയണം. ഇല്ലെങ്കിൽ മുററത്തുകുന്ന ചൂൽകൊണ്ടു ഞാനവളെ അടിക്കും. തെണ്ടിപ്പരിഷകൾ ആഹാരവും നല്ല തുണിയും കിട്ടിയപ്പോൾ അഹങ്കരിക്കുന്നു."

"ഉം, എന്തുണ്ടായി?"

"ചേട്ടൻവരാറായി കാപ്പി ഇടേണ്ടേ എന്നുചോദിച്ചപ്പോൾ ആ പിശാച് എന്തെല്ലാമാണ് പറഞ്ഞതു. കെട്ടിക്കൊടുത്താൽപിന്നെ ഇവിടെന്തു കാര്യം ഭരിക്കാൻ വന്നിരിക്കുന്നു; ഭർത്താവിനുപോക്കില്ലെങ്കിൽ ആക്കെങ്കിലും വിൽക്കണം ഇല്ലെങ്കിൽ തെണ്ടിക്കഴിയണം; എനിക്ക് അവകാശപ്പെട്ട മുതൽ തിന്നുമുടിക്കാൻ ഞാൻ സമ്മതിക്കയില്ല; എന്നെല്ലാം അങ്ങോട്ടുതുടങ്ങി. ഒരു മണിക്കൂറോളം പ്രസംഗിച്ചു. അതെല്ലാം ഞാനങ്ങു മറന്നു. ഈശ്വരാ! എന്തൊരു ഭാവം! ഇതൊന്നും കേൾക്കുവാൻ എനിക്ക് സാധിക്കുകയില്ല. ഞാനങ്ങുപോയേക്കാം."

"ആ പട്ടിക്കു നീ രണ്ടുകൊടുക്കാഞ്ഞതെന്തു്? പെണ്ണിൻെറ ധിക്കാരം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. ഞാൻ പോയി ചോദിക്കാം. എന്നോടു വല്ലതും പറയുമെങ്കിൽ അടി അപ്പോൾ കൊടുക്കും."

ഈ ഘട്ടത്തിൽ വിപിനചന്ദ്രൻെറ ഇളയ സഹോദരി— ഒരു കോളേജ് വിദ്യാർത്ഥിനി— മാതാവിനോടു പറഞ്ഞു:—

"അമ്മേ! ഈ ചേച്ചി പറയുന്നതെല്ലാം ശുദ്ധ കള്ളമാണു്. ഇവരാണു് ചെന്നു് കുസുമച്ചേച്ചിയെ ശകാരിച്ചതു്. ഞാൻ മുഴുവനും കേട്ടു്. 'മണി മൂന്നായേയുള്ളൂ. ചേട്ടൻ നാലുമണിക്കു ശേഷമേ വരൂ. അതിനകം കാപ്പി തയ്യാറാക്കിയാൽ മതിയല്ലൊ' എന്നു് ആ ചേച്ചി പറഞ്ഞപ്പോൾ കഞ്ഞിവെള്ളം കുടിക്കാതെ കിടന്നവളെ വലിച്ചു കൊണ്ടുവന്നപ്പോൾ ഭരണകർത്രിയായിരിക്കുന്നൊന്നും മററും ഈ ചേച്ചിയാണു് പറഞ്ഞതു്. കുസുമച്ചേച്ചി കരഞ്ഞതല്ലാതെ അനാവശ്യമായി ഒരക്ഷരം പോലും പറഞ്ഞില്ല."

"പോടീ, അവിടെനിന്നു്. ഒരു വക്കീലുണ്ടായിരിക്കുന്നതു്, അമ്മയുടെ മുമ്പിൽ വാദിക്കാൻ!"

"കള്ളം പറയുന്നതിനും ഒരതിരു വേണം. ഒരാളെ സദാ കുററപ്പെടുത്തരുതു്— കരയിക്കരുതു്— ദൈവം ശിക്ഷിക്കും. ആ സാധുവിനു് ഈ വീട്ടിൽ ആരുണ്ടു സഹായത്തിനു്?"

ജ്യേഷ്ഠത്തി അനുജത്തിയെ അടിക്കാൻ മുതിർന്നു.

"ഉം, എന്നെ തൊട്ടാൽ ഫലം അപ്പോൾ കാണാം. കുസുമച്ചേച്ചിയല്ല, ഇതു പെണ്ണു വേറെ— മനുഷ്യർക്കു ദുഷ്ടത മുഴുത്താൽ അതിനും ഒരതിരു വേണം. ആ ചേച്ചിവന്നു കയറിയതുമുതൽ തുടങ്ങിയ യുദ്ധമാണു്. ഒരൊററ ദിവസം അവരെ കണ്ണുനീർകുടിപ്പിക്കാതിരുന്നിട്ടില്ല. പാവം ഇവിടെ വന്നതിൽ പകുതിയായി. കഴുതയെപ്പോലെ ജോലി ചെയ്താലും ചേച്ചിക്കും അമ്മ

യ്ക്കും തൃപ്തിയില്ല. ശകാരം, സദാ ശകാരം. ഇതിന്റെ ഫലം അനുഭവിക്കും, സംശയിക്കണ്ട. ഈശ്വരനുണ്ട്. അദ്ദേഹം ഇതെല്ലാം അറിയുന്നു."

"അമ്മാ! ഇവളോടു പോകാൻ പറയണം. ഇവളും ഇവളുടെ ഈശ്വരനും! എന്നോടു കളിച്ചാൽ വായിൽ പല്ലു കാണുകില്ല"

"അതെ, അതെ, ഡെൻറിസ്റ്റല്ലേ. എത്ര പേരുടെ പല്ലെടുത്തിരിക്കുന്നു. ഈ അഹങ്കാരമൊക്കെ മനസ്സിലിരിക്കട്ടെ, ഇങ്ങോട്ടെടുക്കേണ്ട. അമ്മേയും മകളുംകൂടെ നടത്തുന്ന ദ്രോഹങ്ങളെല്ലാം അച്ഛനോടും ചേട്ടനോടും ഞാൻ പറയുന്നുണ്ട്. വീട്ടിൽ വഴക്കുണ്ടാകരുതെന്നു വിചാരിച്ചു ക്ഷമിക്കുമ്പോൾ തലയിണമന്ത്രവും അക്രമവും വർദ്ധിക്കുകയാണ്. നിങ്ങളുടെ കൂട്ടത്തിൽ കഴിഞ്ഞാൽ എനിക്കും കൂടി പാപം കിട്ടും. ഞാൻ അച്ഛന്റെ സമ്മതം വാങ്ങി ഹോസ്റ്റലിലോ മറ്റോ പോയി താമസിച്ചു കൊള്ളാം. മനഃപൂർവ്വം നുണ പറയാൻ ഒരു മകൾ, അതെല്ലാം വിശ്വസിക്കാൻ ഒരമ്മ അമ്മ വയസ്സുകാലത്തു സ്വന്തം മരുമകളെ ദ്രോഹിച്ചു പാപം സമ്പാദിക്കരുത്. ഇവിടത്തെ മുതലിനു ആഗ്രഹിച്ചിക്കുള്ള അവകാശം നമുക്കാർക്കുമില്ല. എന്നിട്ടും ഭർത്തൃഗൃഹത്തിൽ സുഖമില്ലെന്നു പറഞ്ഞു ഇവിടെ വന്നു താമസിച്ചു സുഖിക്കുന്നതു പോരാ സുഖിക്കേണ്ടവരെ ദ്രോഹിക്കയും ചെയ്യണോ?"

ജ്യേഷ്ഠത്തിക്കോ അമ്മായിയമ്മയ്ക്കോ സംസാരിക്കാൻ സൌകര്യം നൽകാതെ ആ ബാലിക ദീർഘമായി ധർ

മ്മോപദേശം ചെയ്തു. അനന്തരം അവളുടെ മുറിയിലേക്കുപോയി.

# അദ്ധ്യായം ഏഴ്

"എന്റെ കുസുമം, ഇതെന്തു കഷ്ടമാണു്; കല്ല്യാണം കഴിഞ്ഞിട്ടും നിന്റെ ദുഃഖം നീങ്ങുന്നില്ലല്ലോ." സുധ ചോദിച്ചു.

"ഞാൻദുഃഖിക്കുന്നെന്നു് ആരു പറഞ്ഞു?"

"നീ ഒന്നു ചിരിച്ചു കാണുന്നില്ല. കല്ല്യാണത്തിനു മുമ്പുണ്ടായിരുന്ന ഉന്മേഷംപോലും നിനക്കില്ല, പലപ്രാവശ്യവും നിന്നോടു് അതിന്റെ കാരണം ചോദിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം ഒന്നുമില്ലെന്നു പറഞ്ഞു നീ ഒഴിയുകയാണു്. ഇന്നു് ആ സൂത്രം നടപ്പില്ല കാര്യം തുറന്നുപറയാതെ നിന്നെ ഞാൻ വിടുകയില്ല."

"എന്തെങ്കിലും ഉണ്ടെങ്കിലല്ലേ പറയാനൊക്കൂ. ഒന്നുമില്ലാതെ പറയുന്നതെങ്ങിനെ?"

സുധയുടെ മുഖം വാടി.

"നീ പറയേണ്ട. അവനവന്റെ കാര്യങ്ങൾ അന്യരോടു പറയുന്നതെന്തിനു്? ഞാൻ നിനക്കു് അന്യയല്ലേ? നമ്മൾ തമ്മിൽ എന്തു ബന്ധം? ഒരുമിച്ചുപഠിച്ചു, കളിച്ചുവളന്നു. അതു വല്ലതും പ്രായമായാൽ ഓർമ്മിക്കണോ?"

"ചേച്ചീ, ഇങ്ങനെയുള്ള മുള്ളുവാക്കുകൾ പറയരുതേ. ഈ ലോകത്തു് എന്നെ സ്നേഹിക്കുന്നവരായി ആശ്വസിപ്പിക്കുന്നവരായി, എൻെറ സുഖദുഃഖങ്ങളിൽ ശ്രദ്ധയുള്ളവരായി, എൻെറ അച്ഛനും, ചേച്ചിയും ചേച്ചിയുടെ മാതാപിതാക്കന്മാരുമല്ലാതെ ആരാണു് എനിക്കുള്ളതു്? നിങ്ങളോടു പറയരുതാത്ത എന്തു രഹസ്യമാണു് എനിക്കുള്ളതു്?"

"അതുകൊണ്ടാണോ എത്ര നിർബ്ബന്ധിച്ചിട്ടും നീ കാര്യം പറയാത്തതു്?" കുസുമം നെടുതായൊന്നു നിശ്വസിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു. തൊണ്ട ഇടറി.

"ചേച്ചീ, ഞാൻ എൻെറ ഭർത്തൃഗൃഹത്തിൽ താമസിച്ചാൽ അധികം താമസിയാതെ മരിച്ചുപോകും."

"ഞാൻ സംശയിച്ചു. എന്താണു് നിനക്കു് അവിടെയുള്ള ക്ലേശങ്ങൾ? അതാണു് എനിക്കറിയേണ്ടതു്. നിൻെറ ഭർത്താവു് നിന്നെ സ്നേഹിക്കുന്നില്ലേ? നിൻെറ ആവശ്യങ്ങൾ അന്വേഷിക്കുന്നില്ലേ?"

"ഭർത്താവു്— എന്നെ സ്നേഹിക്കുന്നോ? എനിക്കു നിശ്ചയമില്ല. അദ്ദേഹം ഒരിക്കലും എന്നോടു കോപിക്കാറില്ല. പക്ഷേ, അദ്ദേഹത്തിനു് എന്നിൽ തൃപ്തിയില്ല. ഞാൻ യൂറോപ്യൻ ക്ലബ്ബുകളിൽ പോകുന്നില്ല; യൂറോപ്യന്മാരുമായി ടെന്നീസ്സ് കളിക്കുന്നില്ല; അവരുടെ പാട്ടികളിലും ഡാൻസുകളിലും പങ്കുകൊള്ളുന്നില്ല;; പാശ്ചാത്യരീതിയിൽ ഉടുത്തൊരുങ്ങുന്നില്ല;

ലിപ്സ്റ്റിക്കും പൌഡറും മററും ഉപയോഗിക്കുന്നില്ല. ഇതെല്ലാം അദ്ദേഹത്തിനുകുറച്ചിലായി തോന്നുന്നു. ഈ കുറവുകളൊന്നും ഇല്ലാത്ത ഒരു സ്ത്രീയെ അദ്ദേഹം......................"

വാചകം പൂർത്തിയാക്കാതെ അവരം പൊട്ടിക്കരഞ്ഞു. രാധ അവളുടെ കണ്ണുനീർ തുടച്ച് ആശ്വസിപ്പിച്ചു.

"എന്റെ അനുജത്തീ, നീ ഇങ്ങനെ കരയരുതു്. നിന്റെ വിഷമങ്ങളെപ്പററി അച്ഛനും അമ്മയും അദ്ദേഹവുമായി (തന്റെ ഭർത്താവുമായി) ആലോചിച്ച് എന്തെങ്കിലും പരിഹാരം ഉണ്ടാക്കും. നിന്റെ ഭർത്താവു് ആരെയാണു് വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നതു്?"

"വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നോ എന്നു് എനിക്കു നിശ്ചയമില്ല. അവരം ഒരുമിച്ചാണു് എന്നും ക്ലബ്ബിൽ പോകുന്നതും രാത്രിയിൽ അവിടെ നിന്നു വരുന്നതും. അവളെ മാതൃകയായി സ്വീകരിക്കണമെന്നു് എപ്പോഴും എന്നോടു പറയാറുണ്ടു്. ചിലപ്പോറം 'പ്ളഷർട്രിപ്പ്' 'പിക്ക്നിക്ക്' എന്നെല്ലാം പറഞ്ഞു പോയാൽ രണ്ടും മൂന്നും ദിവസം കഴിഞ്ഞാണു് തിരിച്ചുവരുന്നതു്. ഓരോ ദിവസം കഴിയുംതോറും അദ്ദേഹം എന്നിൽ നിന്നും അകലുന്നതായി എനിക്കു തോന്നുന്നു."

"നിന്റെ ഭർത്താവിന്റെ അമ്മയും അച്ഛനും സഹോദരിയും നിന്നോടു സ്നേഹമായി പെരുമാറുന്നോ?"

“അച്ഛനെക്കൊണ്ടു ഗുണവും ദോഷവുമില്ല. അമ്മയ്ക്കു സ്വന്തമായി ഒരഭിപ്രായവും ഉണ്ടെന്നുതോന്നുന്നില്ല. അവരുടെ മൂത്തമകൾ— എൻെറ ചേച്ചി! അവരെ സ്മരിക്കുമ്പോൾ എൻെറ ഹൃദയം തകരുന്നു. അവൾക്ക് എന്നെ കണ്ണിൽ കണ്ടുകൂടാ—വേണ്ട_ കാണാതെ കഴിയാം— അതുകൊണ്ടു ഫലമുണ്ടോ? അതു ചെയ്തില്ല, ഇതു ചെയ്തില്ല; ഇങ്ങനെ എന്തെങ്കിലും കാരണം ഉണ്ടാക്കി യുദ്ധത്തിനുവരും. മനുഷ്യൎക്കു സഹിക്കാൻ സാധിക്കാത്ത ആക്ഷേപങ്ങളും ശകാരങ്ങളുമാണ്. ഒരക്ഷരം മറുപടി പറയാതെ നിന്നാലും അമ്മയോടുചെന്ന് ഞാൻ മനസ്സിൽ വിചാരിക്കുകപോലും ചെയ്യാത്തതെല്ലാം ചെയ്തെന്നുപറയും. ഉടനെ അവരും യുദ്ധത്തിന്നു പുറപ്പെടും. ചുരുക്കത്തിൽ ഞാൻ അനുഭവിക്കുന്ന സങ്കടം ചേച്ചിക്കു് ഊഹിക്കാൻ പോലും സാദ്ധ്യമല്ല.”

“ഇളയ മകളോ? കോളേജിൽ പഠിക്കുന്ന പെണ്ണു്.”

“അവളൊന്നാണു് ആ വീട്ടിൽ എന്നോടു സ്നേഹമായി പെരുമാറുന്നതു്. അതിനോടു ചോദിച്ചാൽ ചേച്ചിക്കു് ഞാൻ അനുഭവിക്കുന്ന ദുരിതം കുറെയൊക്കെ മനസ്സിലാക്കാം. അവൾ കോളേജിലായിരിക്കുമ്പോൾ ഉണ്ടാകുന്നതൊഴിച്ചു് എല്ലാം അവൾ പറയും.”

“ഞാൻ ഇന്നലെ അവളെക്കണ്ടു. കുറെയൊക്കെ അവൾ പറഞ്ഞു. അതാണു് ഞാൻ നിന്നെ നിർബ്ബന്ധിച്ചതു്. നിൻെറ ഭർത്താവും മനോരമയുമായുള്ള കൂട്ടുകെട്ടിനെപ്പററിയും അവൾ പറഞ്ഞു— അക്കാര്യം

അവൾ അവളുടെ അച്ഛനോടു പറയാൻ ഉദ്ദേശിക്കുന്ന തെ. അമ്മയുടേയും ജ്യേഷ്ഠത്തിയുടേയും പെരുമാററങ്ങ ളെപ്പററി കഴിയുന്നതും അച്ഛനോടു പറഞ്ഞു് വീട്ടിൽ ലഹളയുണ്ടാക്കരുതെ.നാവൾക്കുദ്ദേശമുണ്ടു്. നിവൃത്തിയി ല്ലാതായാൽ അതും അവൾ പറയും. ഏതായാലും നീ ദുഃഖിക്കരുതു്. വീട്ടുജോലികൾ എല്ലാം ചെയ്യാൻ തുനിയരുതു്. വേലക്കാരുണ്ടു്. മൂത്തമകൾ ഉണ്ടു്. നീ നിൻെറ ഭത്താവിനുവേണ്ടതെല്ലാം ചെയ്യണം. പിന്നെ ഒന്നും ചെയ്യുന്നില്ലെന്നു പറയാനും ഇടയാക്കരുതു്. ഞ ങ്ങൾ നേരിട്ടു് ഇതിൽ ഇടപെടുന്നതു് നന്നായിരിക്കു കയില്ല. നോക്കട്ടെ— നീ വെറുതെ ദുഃഖിച്ചു് ആരോ ഗ്യം നശിപ്പിക്കരുതു്. അവൾ പറയുന്നതൊന്നും ശ്ര ദ്ധിക്കേണ്ട. എന്തെങ്കിലും പറയട്ടെ."

"ലച്ചീ, ചിലപ്പോൾ തോന്നും ഗംഗാനദിയിൽ ചാടി മരിച്ചുകളയാമെന്നു്— അത്ര ദുരിതം അനുഭവി ക്കുന്നുണ്ടു്."

"സാഹസമൊന്നും കാണിക്കരുതു്. കൂടെക്കൂടെ ഇ ങ്ങോട്ടു വരണം. നമുക്കു് ആലോചിച്ചു് ഒരു പോംവഴി കണ്ടുപിടിക്കണം. ഞങ്ങൾ നിൻെറ സുഖത്തിനു വേ ണ്ടി നടത്തിയ വിവാഹം ഇത്ര ദുഃഖകാരണമായിത്തീന്ന തിൽ ഞങ്ങൾക്കു് നിന്നെപ്പോലെ കുണ്ഠിതമുണ്ടു്. ഈ ദുരിതങ്ങളെല്ലാം ഈശ്വരൻെറ പരീക്ഷണങ്ങളാണു്. എല്ലാം ക്ഷമയോടെ സഹിക്കൂ. നിനക്കു നിശ്ചയമായും നന്മ ലഭിക്കും. സുഖമായും സന്തോഷമായും കഴിയാൻ ഇടയാകും."

"അതുതന്നെയാണു ചേച്ചി, എന്റെയും വിശ്വാസം. ഈശ്വരൻ സത്യസ്വരൂപനല്ലേ? ഓർമ്മയായശേഷം മനസാ, വാചാ, കർമ്മണാ ഞാൻ ഒരു തെററും ചെയ്തിട്ടില്ല. മരിക്കേണ്ടിവന്നാലും ഒരു തെററും ചെയ്യാതെ കഴിച്ചുകൂട്ടണമെന്നാണു് എന്റെ വിചാരം. ഞാൻ ഇവിടെ ഇരിക്കുമ്പോൾ ദുഃഖമൊന്നും അറിയാറില്ല. വീട്ടിൽചെന്നാൽ എനിക്കു സ്വൈരമില്ല."

"നിനക്കു് എന്നും പകൽ ഇങ്ങോട്ടു വരരുതേ? മദനനു് (സുധയുടെകുട്ടി) നിന്നെക്കണ്ടാൽ എന്തു സന്തോഷമാണു്!"

"ചേച്ചി, എന്നും ഞാൻ അവനെ സ്വപ്നം കാണും. അവനെ കാണാതെ കഴിയുന്നതാണു് എന്റെ മറെറാരു ക്ലേശം."

"നിന്റെ ഭർത്താവു് കാലത്തു പൊയ്ക്കഴിഞ്ഞാൽ നിനക്കിങ്ങോട്ടു വരരുതേ? വൈകിട്ടു് അദ്ദേഹം തിരിച്ചുവരുന്നതിനുമുമ്പു് എത്തിയാൽ മതിയല്ലൊ. അവിടത്തെ കാർ സൌകര്യത്തിനു കിട്ടിയില്ലെങ്കിൽ, അഥവാ അതുപയോഗിക്കാൻ നിനക്കു ഭയമുണ്ടെങ്കിൽ വേണ്ട- ഞാൻ കാറയക്കാം. തിരികെ വീട്ടിലാക്കുകയും ചെയ്യാം."

"ചേച്ചി കാർ അയക്കേണ്ട- ഞാൻ വന്നുകൊള്ളാം. നടക്കാൻ വയ്യാത്ത ദൂരമൊന്നുമില്ലല്ലൊ."

"അതു പാടില്ല— നിന്റെ ഭർത്താവിനു് അതു് ഇഷ്ടമായിരിക്കുകയില്ല."

ഇങ്ങനെ കുറെനേരം സ്നേഹിതകൾ സംഭാഷണം തുടർന്നു.

# അദ്ധ്യായം എട്ട്

മനോരമയുടെ നിർദ്ദേശപ്രകാരം അവളും മോഹനചന്ദ്രനും കൂടി ആരോടും പറയാതെ ഡൽഹിയിലേക്കു പുറപ്പെട്ടു. അവിടെ ഒരു വീടു വാടകയ്ക്കെടുത്തു താമസമാക്കി. — അജ്ഞാതവാസമല്ല — ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ പരസ്യമായി ജീവിക്കുകയാണ്. കാലത്തും വൈകിട്ടും രണ്ടുപേരും യൂറോപ്യൻ ക്ലബ്ബിൽ പോയി ടെന്നിസ്സ് കളിക്കും. ക്രമേണ ക്ലബ്ബിലെ അംഗങ്ങളെ ക്ഷണിച്ചു കാപ്പിസൽക്കാരം നടത്തും — വിരുന്നു നൽകും. ഇതിനെല്ലാമുള്ള ചെലവു മുഴുവൻ മോഹനചന്ദ്രനാണ് വഹിക്കുന്നതു്. ഇങ്ങിനെ മാസം ഒന്നു കഴിഞ്ഞു. മോഹനന്റെ കൈയിൽ ഉണ്ടായിരുന്ന പണം തീർന്നു. ബേങ്കിൽ നിന്നു പണം എടുക്കാൻ തുടങ്ങി. ചെലവു നാൾക്കുനാൾ വർദ്ധിക്കുന്നു. മനോരമയുടെ ആഡംബരങ്ങൾക്കും സൽക്കാരാവശ്യങ്ങൾക്കും എത്ര ഉണ്ടായാലും മതിയാകുന്നില്ല. ബാങ്കിൽ ചന്ദ്രനുണ്ടായിരുന്ന നിക്ഷേപം രണ്ടാം മാസത്തിൽ എടുത്തു തീർന്നു. പണത്തിന്റെ കാര്യത്തിൽ അയാൾ പിറുപിറുക്കാൻ തുടങ്ങി. മനോരമയ്ക്കു ഈർഷ്യയായി. അവൾ അയാളെ കൂട്ടാക്കാതായി. പകൽ അധികം സമയം വീട്ടിനു പുറത്തു പുതിയ സ്നേഹിതന്മാരുമായി കഴിയും. രാത്രിയിൽ പത്തുമണിക്കാണ് തിരിച്ചെത്തുന്നതു്. ചിലപ്പോൾ അ

തിലും താമസിക്കും. പോക്കും വരവും ചന്ദ്രനെ അറിയിക്കുകയില്ല. വീട്ടിലെത്തിയാൽ അയാളെ അന്വേഷിക്കുകപോലും ചെയ്യാതെ സ്വന്തം മുറിയിൽ പോയി കിടന്നുറങ്ങും. ഒരു ദിവസം കാലത്ത് അവൾ ചന്ദ്രൻെറ മുറിയിലേക്കു ചെന്നു.

"പണമുണ്ടോ?"

"ഇല്ല. എന്തിനാണ്?"

"ഇല്ലെങ്കിൽ ആരോടെങ്കിലും Borrow ചെയ്യണം (കടം വാങ്ങണം.) എനിക്കു Money (പണം) ഇല്ലാതെ ജീവിക്കുവാൻ പ്രയാസമാണ്. മററുള്ളവരുടെ പാർട്ടികളിൽ പങ്കുകൊണ്ടിട്ട് അവർക്കൊരു പാർട്ടി നൽകാതെ കഴിക്കാൻ Self respect (ആത്മാഭിമാനം) അനുവദിക്കുകയില്ല."

"നാം ഇവിടെ വന്നിട്ടു രണ്ടരമാസമേ ആയുള്ളു. ഇതിനകം എത്രമാത്രം ചെലവാക്കി! എൻെറ കയ്യിൽ യാത്രച്ചെലവു കഴിച്ചു പതിനായിരം രൂപാ ഉണ്ടായിരുന്നു. ബാങ്കിൽ മുപ്പത്തിഅയ്യായിരം ഉണ്ടായിരുന്നു. ഇതെല്ലാം തീൎന്നു. ഇനി അച്ഛനോടു ചോദിക്കാതെ പണത്തിനു വഴിയില്ല."

"അച്ഛനു കമ്പിയടിക്കണം."

"എന്തിനെന്നു ചോദിച്ചാലോ? എൻെറ ബാങ്ക് ഡിപ്പോസിററ് മുഴുവൻ തീൎന്ന വിവരം അച്ഛൻ അറിഞ്ഞിരിക്കും. ഇതെല്ലാം എന്തുചെയ്യുന്നു ചോദിക്കുകയില്ലേ?"

"എനിക്ക് ഈ Philosophy (തത്വശാസ്ത്രം) യൊന്നും കേൾക്കേണ്ട. I want money- Have you got it?" (എനിക്ക പണം വേണം. അതുണ്ടോ?)

"No. I haven't got money" (ഇല്ല. കയ്യിൽ പണമില്ല.)

"പിന്നെ എന്തിനാണ് എന്നെ ഇങ്ങോട്ടു ക്ഷണിച്ചതു്?"

"ഒന്നാമതു ഞാനല്ല അതിന്ന കാരണക്കാരൻ. എങ്ങോട്ടെങ്കിലും പോകണമെന്നു പറഞ്ഞതും സ്ഥലം നിശ്ചയിച്ചതും എല്ലാം രമയാണ്. ഒരുമാസം താമസിക്കണമെന്നു പറഞ്ഞു പുറപ്പെട്ടു. രണ്ടുമാസം കഴിഞ്ഞിട്ടും രമയ്ക്കു പോകുവാൻ സമ്മതമില്ല. വിശ്രമത്തിന്നും വിനോദത്തിന്നും വേണ്ടി അല്പകാലം എവിടെ എങ്കിലും മാറി താമസിക്കുന്നവർ ഇങ്ങനെ പാർട്ടികൾ നൽകാറുണ്ടോ? എന്തെല്ലാം പാഴ്ചെലവുകൾ! രണ്ടുപേക്കു താമസിക്കുവാൻ ഇത്ര വലിയ വീടു വേണമായിരുന്നോ?"

"ഹും— എന്നെ ഡൽഹിയിൽ കൊണ്ടുവന്നു് വല്ല ഹോട്ടലിന്റെയും മൂലയിൽ താമസിപ്പിക്കാമെന്നു വിചാരിച്ചോ? എന്റെ Husband എത്ര മഹാൻ— എനിക്കുവേണ്ടി ഈ രണ്ടുമാസത്തിനകം പത്തുലക്ഷം ചെലവാക്കുമായിരുന്നു. He has a noble heart which you have not. (അദ്ദേഹത്തിന്ന മഹത്വമുള്ള ഒരു ഹൃദയമുണ്ടു്; നിങ്ങൾക്കതില്ല.)

"മതി, മതി— ഇന്നലെവരെ അദ്ദേഹത്തിനെ എത്രത്തോളം ചീത്തപറഞ്ഞെന്നു് എനിക്കറിയാം ഇങ്ങനെ Noble heart ഉള്ള അദ്ദേഹത്തിനെ ഉപേക്ഷിച്ചു് യാത്രപോലും പറയാതെ, ഒരന്യൻെറ കൂടെ ഇറങ്ങി തിരിച്ചില്ലേ? ഇന്നു ഞാൻ ചീത്തയായി— ഞാൻ ഇതെല്ലാം കേൾക്കണം. പരിശുദ്ധയും പ്രേമനിധിയുമായ കുസുമത്തിനെ ഉപേക്ഷിച്ചു് നിൻെറകൂടെ തിരിച്ചതിനുള്ള ശിക്ഷ! എൻെറ ധർമ്മം മറന്നതിനുള്ള ശിക്ഷ!"

"Shut up: you have no right to criticise me (മതിയാക്കണം— നിങ്ങൾക്കു് എന്നെ വിമർശിക്കാൻ അവകാശമില്ല.)"

I thought you are a man, you will grasp the value of a lady's love· You cannot even dream of a lady of my status an d accomplishments. (നിങ്ങൾ ഒരു മനുഷ്യനാണെന്നു്— ഒരു സ്ത്രീയുടെ പ്രേമത്തിൻെറ വില അറിയുമെന്നു് ഞാൻ വിചാരിച്ചുപോയി. നിങ്ങൾക്കു് എൻെറ നിലയും കഴിവുമുള്ള ഒരു സ്ത്രീയെ സ്വപ്നം കാണാൻ പോലും അവകാശമില്ല.)"

മോഹനചന്ദ്രൻെറ ക്ഷമ അസ്തമിച്ചു. അയാൾ പുറവും കണ്ണുരുട്ടിച്ചു. ഇനിയും മുറിക്കുള്ളിൽ നിൽക്കുന്നതു് അപകടമാണെന്നു മനോരമയ്ക്കുതോന്നി. അവൾ വാതിൽ ഉറക്കെ വലിച്ചടച്ചുകൊണ്ടു പുറത്തേക്കു പോയി·

SAHITHYA VILASINI LIBRARY AYATHIL SPORTS CLUB

മോഹനചന്ദ്രൻ പശ്ചാത്താപവും കോപവും കൊണ്ടു് അവശനായി. മനോരമ വീട്ടിലേക്കു തിരിച്ചു ചെന്നില്ല. അവളെ പ്രതീക്ഷിച്ചുകൊണ്ടു് അന്നു ചന്ദ്രൻ ആഹാരം പോലും കഴിക്കാതെ കഴിച്ചുകൂട്ടി. അന്നു രാത്രിയിൽ അയാൾക്കു് ഒരു പനി ആരംഭിച്ചു. അയാളുടെ സ്ഥിതി അറിയുവാൻ, അന്വേഷിക്കാൻ, ആരുമില്ല. പശ്ചാത്താപവും അതോടൊപ്പം രോഗവും അനുനിമിഷം വർദ്ധിച്ചുതുടങ്ങി.

## അദ്ധ്യായം ഒൻപതു്

മോഹനന്റെ മാതാപിതാക്കന്മാർ പുത്രനെ കാണാതെ പരിഭ്രമിച്ചു കാളിപ്രസാദ ബാനർജി കുസുമത്തിനെ വിളിച്ചു.

കുസു:— "എന്നോടൊന്നും പറഞ്ഞില്ല. ഒരു സൂട്ട്കേസ്സിൽ വസ്ത്രങ്ങൾ അടുക്കുന്നതു കണ്ടു ചോദിച്ചു. "ദൂരെയെങ്ങും പോകുന്നില്ല നാളെ തിരിച്ചുവരും." എന്നാണു് എന്നോടു പറഞ്ഞതു്. നാളെ തിരിച്ചുവരുമെങ്കിൽ ഇത്രയധികം കൊണ്ടുപോകണോ എന്നു പോലും ഞാൻ ചോദിച്ചു."

കാളി:-"അവൻ പോയിട്ടു് ഒരാഴ്ച കഴിഞ്ഞല്ലോ. ഇനിയും അവന്റെ സ്നേഹിതന്മാർക്കാർക്കെങ്കിലും അറിയാമോ എന്നന്വേഷിക്കാം."

ബാനർജി പുറത്തേക്കു പോയപ്പോൾ വിപിനന്റെ മാതാവും സഹോദരിമാരിൽ മൂത്തവളും കൂടി എത്തി.

മാതാ:— "വിപിനൻ എവിടെ പോയിരിക്കുന്നു? എട്ടുപത്തു ദിവസമായല്ലോ."

കുസു:—"എന്നോടൊന്നും പറഞ്ഞില്ലമ്മാ."

സഹോദരി:— "ഇതെല്ലാം കള്ളം അമ്മാ. ചോദിക്കാതിരിക്കുന്ന ആളല്ലേ? "

കുസു:—"ഞാൻ ചോദിക്കാതിരുന്നില്ല പെട്ടിയിൽ വസ്ത്രങ്ങൾ അടുക്കുന്നതു കണ്ടു ചോദിച്ചു. ദൂരെയെങ്ങും പോകുന്നില്ല, നാളെ തിരിച്ചുവരും എന്നാണു് എന്നോടു പറഞ്ഞതു്."

സഹോ:— "ഈ പിശാചിനെക്കൊണ്ടു സഹികെട്ടു് ജ്യേഷ്ഠൻ എവിടെയോ പോയതാണു്. ഇവൾ വന്നു കയറിയതു മുതൽ ജ്യേഷ്ഠനു മനസ്സുഖമില്ല."

കുസു:— "ഞാൻ അദ്ദേഹത്തിനോടോ, നിങ്ങളോടോ ഒരു തെററും ചെയ്തിട്ടില്ല. പിന്നെന്തിനാണു് നിങ്ങൾ രാപ്പകൽ എന്നെ ഇങ്ങനെ ശകാരിക്കുന്നതു്?"

സഹോ:— "നാക്കുമാത്രം ഒരു മുഴത്തിനുണ്ടു്. ഇവളെ ഇവിടെനിന്നു കളഞ്ഞാലല്ലാതെ ഈ വീട്ടിൽ ഐശ്വര്യം ഉണ്ടാവുകയില്ല."

കുസു:— "എന്നെക്കൊണ്ടു നിങ്ങളാരും വിഷമിക്കേണ്ട. ഞാൻ ഇതാ ഈ നിമിഷത്തിൽ ഇറങ്ങി

യേക്കാം. ഇതാ താക്കോൽ— അച്ഛന്റെയും എന്റെയും പെട്ടികളുടേയും അലമാരികളുടേയും എല്ലാം താക്കോൽ ഉണ്ട്."

കുസുമം വസ്ത്രാഞ്ചലം മാറാതെ കരഞ്ഞുകൊണ്ടു് പുറത്തേക്കിറങ്ങി. ഗേററിനു സമീപം എത്തിയപ്പോൾ വിപിനന്റെ ഇളയ സഹോദരി അവളെ കണ്ടു് ഓടിച്ചെന്നു് അവളെ പിടിച്ചുനിർത്തി—

"ചേച്ചി കരയുന്നതെന്തിനു്? എങ്ങോട്ടു പോകുന്നു?"

"ഞാൻ സുധയുടെ വീട്ടിലൊന്നു പോയിട്ടുവരാം."

"നടന്നോ? അത്ര ദൂരം ചേച്ചി നടന്നു പോകുന്നതു കുറച്ചിലല്ലേ?"

"ഞാൻ നടന്നിട്ടുള്ള വഴിതന്നെയാണല്ലോ."

"അതിരിക്കട്ടെ; ചേച്ചി കരഞ്ഞതെന്തിനു്?"

"ഞാൻ കരഞ്ഞില്ലല്ലോ— എന്റെ മുഖം വല്ലാതിരിക്കുന്നോ?"

"ചേച്ചീ, ഈ സൂത്രമൊന്നും എന്നോടു വേണ്ട, കാര്യം എന്നോടു പറയണം. ഞാൻ അച്ഛനെ അറിയിച്ചു നിവൃത്തി ഉണ്ടാക്കാം."

"കുഞ്ഞേ, നിനക്കെന്നോടു് എത്രത്തോളം സ്നേഹമുണ്ടെന്നു് എനിക്കറിയാം. ഈ വീട്ടിൽ എനിക്കു് ആശ്വാസവും സന്തോഷവും ലഭിക്കുന്നതു് നിന്റെ നിഷ്കളങ്കമായ മുഖം കാണുമ്പോൾ മാത്രമാണു്. അല്പംമുമ്പു് അച്ഛൻ വന്നു് നിന്റെ ജ്യേഷ്ഠൻ എവിടെ

പോയിരിക്കുന്നെന്നു ചോദിച്ചു. നിന്നോടു പറഞ്ഞിട്ടുള്ള വിവരങ്ങൾ ഞാൻ അദ്ദേഹത്തിനോടു പറഞ്ഞു. മകൻെറ സ്നേഹിതന്മാരോടു ചോദിക്കാമെന്നു പറഞ്ഞു് അദ്ദേഹം പോയി. പുറകെ അമ്മയും ചേച്ചിയും കൂടെ വന്നു. എൻെറ സമാധാനം ചേച്ചിക്കു കള്ളമാണെന്നു തോന്നി ഞാൻ ഇവിടെ നിന്നുപോയേ ഈ വീട്ടിൽ ഐശ്വര്യം ഉണ്ടാകൂ എന്നാണു് ചേച്ചിയുടെ അഭിപ്രായം ഞാൻ വന്നതുമുതൽ നിൻെറ ജ്യേഷ്ഠനു മനസ്സുഖമില്ലത്രെ. ഞാനാണു് അദ്ദേഹത്തിനെ ഓടിച്ചതു്. ഇതെല്ലാം കേട്ടുകൊണ്ടു് എങ്ങനെ ജീവിക്കും?"

കുസുമവും ആ ബാലികയും പൊട്ടിക്കരഞ്ഞു. കുസുമം ബാലികയെ ആശ്ലേഷിച്ചു; അവളുടെ മൂർദ്ധാവിൽ ചുംബിച്ചു

"കുഞ്ഞേ, ഏതായാലും നിൻെറ ജ്യേഷ്ഠൻ ഇവിടെയില്ല അദ്ദേഹം വരുന്നതുവരെ ഞാൻ അച്ഛൻെറ കൂടെ പോയി താമസിക്കാം."

"ചേച്ചി ഒരിടത്തും പോകേണ്ട ഇന്നുതന്നെ ഞാൻ അച്ഛനോടു പറഞ്ഞു് ഇതിന്നു നിവൃത്തിയുണ്ടാക്കാം."

"പുത്രനെ കാണാതെ ദുഃഖിക്കുന്ന അദ്ദേഹത്തിനോടു് ഇതൊന്നും പറയരുതു്. ഞാൻ അച്ഛനെ കണ്ടിട്ടും കുറേ ദിവസമായല്ലൊ— ഒന്നുപോയിട്ടുവരാം. എൻെറ അനുജത്തി കരയാതിരിക്കൂ."

"ചേച്ചി പോകുന്നെങ്കിൽ ഞാനും വരും."

"കുഞ്ഞുകൂടി വരുന്നതു് എനിക്കു വളരെ സന്തോഷമാണു്. പക്ഷേ എൻെറകുററം വദ്ധിക്കും. അതു കൊണ്ടു്, നീ നാളെ അച്ഛനോടു പറഞ്ഞു് സമ്മതം വാങ്ങിക്കൊണ്ടുവരൂ."

ആ ബാലികയെ സമ്മതിപ്പിക്കാൻ കുസുമം വളരെ പണിപ്പെടേണ്ടിവന്നു.

"എന്നാൽ ചേച്ചി സാരി മാറിക്കൊണ്ടു പോകണം. ഞാൻ ഡ്രൈവറോടു കാർ ഇറക്കാൻ പറയാം."

"കുഞ്ഞേ, ഞാൻ എങ്ങനെ വളൎന്നവളാണെന്നു് ഈ നാട്ടുകാക്കെല്ലാം അറിയാം. ഇതിനെക്കാൾ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് ഞാൻ നടന്നിട്ടുണ്ടു്."

"ഇപ്പോഴും അങ്ങനെ നടക്കണമോ?"

"എൻെറ കുഞ്ഞു് ശാഠ്യം പിടിക്കരുതു്. താക്കോലുകളെല്ലാം ഞാൻ ചേച്ചിയെ ഏല്പിച്ചു. ഇനിയും അദ്ദേഹം തിരിച്ചുവന്നു വാങ്ങിത്തരുമ്പോഴല്ലാതെ ഞാൻ വാങ്ങുകയില്ല."

"എൻെറ ജ്യേഷ്ഠൻ ഒന്നു വരുന്നെങ്കിൽ എല്ലാകാൎയ്യങ്ങളും വെളിപ്പെടുത്തി ഇനിയും ഇതൊന്നും സംഭവിക്കാതെ നോക്കാമായിരുന്നു." കുസുമം അവളെ സ്നേഹപൂർവ്വം ചുംബിച്ചു. അനന്തരം കണ്ണുനീർ തൂകിക്കൊണ്ടു നില്ക്കുന്ന ആ ബാലികയെ കൂടെക്കൂടെ തിരിഞ്ഞുനോക്കി ദീർഘശ്വാസം പൊഴിച്ചുകൊണ്ടു് അവൾ നടന്നു.

---

# അദ്ധ്യായം പത്ത്

കുസുമം അല്പദൂരം നടന്നപ്പോൾ അവൾക്ക് അഭിമുഖമായി ഒരു കാർവരുന്നതു കണ്ടു്, അവൾ റോഡിൻെറ അരികിലേക്കൊഴിഞ്ഞു. അവളെ കണ്ടയുടൻ കാർ നിന്നു. സുധ കാറിൽ നിന്നും ഇറങ്ങി ഓടിച്ചെന്നു കുസുമത്തിനെ ആശ്ലേഷിച്ചു.

"ഉം, എങ്ങോട്ടു പോകുന്നു? ഈ വെയിലത്ത് ഇറങ്ങിയതെന്തു്?"

"അച്ഛനെ കണ്ടിട്ടു കുറേ ദിവസമായി. ഒന്നുപോയി കാണാമെന്നു വിചാരിച്ചു."

"കള്ളം ഒരിക്കലും എന്നോടു പറയരുതെന്നു് ഞാൻ എത്ര പ്രാവശ്യം നിന്നോടു പറഞ്ഞിട്ടുണ്ടു്. നിൻെറ മുഖം വാടിയിരിക്കുന്നു; കണ്ണുകൾ കലങ്ങിയിരിക്കുന്നു; ശബ്ദം ഇടറുന്നു. നീ വീട്ടിൽനിന്ന വേഷത്തിലാണ് തിരിച്ചിരിക്കുന്നതു്. ഇതിനെല്ലാം തക്കതായ കാരണം— കുസുമം എന്നോടു സകലതും തുറന്നു പറയൂ."

കുസുമം പൊട്ടിക്കരഞ്ഞു. അതുകണ്ടു് സുധ ഡ്രൈവറോടു കാർ തിരിച്ചു കൊണ്ടു വരാൻ ആജ്ഞാപിച്ചു.

"ചേച്ചി എങ്ങോട്ടോ തിരിച്ചതല്ലേ? പോയിട്ടു വരണം."

"എനിക്കെങ്ങും പോകേണ്ട. നമുക്ക് വീട്ടിലേക്കു പോകാം."

"ചേച്ചി പോയിട്ടു വരണം. ഞാൻവീട്ടിൽ പോയിട്ടു നാളെ കാലത്തു് അങ്ങോട്ടു വരാം."

"ഇപ്പോഴം നിന്നെ വിട്ടയച്ചിട്ടല്ലെ നാളെ വരുന്നതു്! കാറിൽ കയറൂ."

കുസുമം മടിച്ചു. സുധ അവളെ പിടിച്ചു കാറിൽ കയററി.

കുസുമം തൻെറ അനുഭവങ്ങളിൽ കുറെയൊക്കെ സുധയെ അറിയിച്ചു.

സുധ:— "മോഹനൻചേട്ടനും മദനാരമയും ഒന്നിച്ചാണു് വണ്ടി കയറിയതു്. എങ്ങോട്ടെന്നു മാത്രം നിശ്ചയമില്ല. ധാരാളം ലഗ്ഗേജ് ഉണ്ടായിരുന്നു. അതുകൊണ്ടു് ഒരു ദീർഘയാത്രയാണെന്നു വിചാരിക്കണം. ഏതായാലും എങ്ങും നീ പോകേണ്ട. അദ്ദേഹം തിരിച്ചുവരുന്നതുവരെ എൻെറ കൂടെ താമസിക്കണം. നമുക്ക് അദ്ദേഹത്തിനെ കണ്ടുപിടിക്കാനും ശ്രമിക്കാം. ഇപ്പോഴം തന്നെ അച്ഛനോടും അദ്ദേഹത്തിനോടും (തൻെറ ഭർത്താവിനോട്) പറയാം. അതാ ഒരു കാർവരുന്നു. അച്ഛനായിരിക്കും."

ഒരു കാർ ഗേററുകടന്നു് അകത്തു പ്രവേശിച്ചു. കാറിൽ നിന്നു ഇറങ്ങിയതു് മോഹനചന്ദ്രൻെറ ഇളയ സഹോദരിയാണു്. കാർവരുന്നതുകണ്ടു് ആരെന്നു

നോക്കാനായി രമേശ് ബാബുവിൻെറ പത്നി വസുമ തീദേവിയും അവരുടെ കൂട്ടത്തിൽ എത്തി. ബാലികയുടെ കണ്ണുകളിൽ നിന്നു് അപ്പോഴും കണ്ണുനീർ മാറിയിട്ടില്ല. കുസുമം അവളെ പിടിച്ചു് കണ്ണുനീർ തുടച്ചു.

കുസു:— "കുഞ്ഞേ, നീ എന്തിനാണു് ഇങ്ങോട്ടു പോന്നതു്?"

ബാലി:— "ചേച്ചിയെ അന്വേഷിച്ചു്. ചേച്ചിയില്ലാതെ എനിക്കു് ആ വീട്ടിൽ താമസിക്കാൻ വയ്യ. അച്ഛൻ ചേച്ചി ഇങ്ങോട്ടിറങ്ങിയപ്പോൾ വന്നു. ഞാൻ സകലതും പറഞ്ഞു. അച്ഛൻ അമ്മയെയും ചേച്ചിയെയും കഠിനമായി ശാസിച്ചു. ചേച്ചിയെ കൂട്ടിക്കൊണ്ടു ചെല്ലാൻ എന്നെ അയച്ചു. ഞാൻ ചേച്ചിയുടെ അച്ഛനെ കണ്ടപ്പോൾ അവിടെ ചെന്നില്ലെന്നറിഞ്ഞു. പിന്നെ ഇവിടെക്കാണുമെന്നു കരുതി ഇങ്ങോട്ടു തിരിച്ചു. ഇനിയും നമുക്കു പോകാം."

കുസു:— "അച്ഛൻെറ ആജ്ഞ നിഷേധിക്കാൻ എനിക്കു മനസ്സില്ല. എങ്കിലും അദ്ദേഹം തിരിച്ചു വന്നിട്ടേ അങ്ങോട്ടു വരുവെന്നു സത്യം ചെയ്തിട്ടാണു് ഞാൻ പോന്നതു്. ഞാൻ എന്തു ചെയ്യട്ടെ ചേച്ചി?"

വസു:—"ഞാൻ പറയാം. മോഹനൻ തിരിച്ചുവരുന്നതുവരെ നീ ഇവിടെ താമസിക്കണം. ഇവൾ പോയി ഇവളുടെ അച്ഛനോടു് വിവരം പറയട്ടെ. എൻെറ നിശ്ചയമാണെന്നറിഞ്ഞാൽ അദ്ദേഹം ഒന്നും പറയുകയില്ല."

ബാലിക:—"എന്നാൽ ഞാനും.................."

സുധ:— "വളരെ സന്തോഷം. എൻെറ കൊച്ചനുജത്തി പോയി അച്ഛനോടു് വിവരം പറഞ്ഞിട്ടു് ഇങ്ങുപോരൂ. നമുക്കു് ഇവിടെ താമസിക്കാം. ഇതു നിനക്കു് അന്യവീടല്ലല്ലോ."

ബാലി:— "അച്ഛൻ പറഞ്ഞു സുധച്ചേച്ചി അറിഞ്ഞാൻ ചേച്ചിയെ അയക്കുകയില്ലെന്നു്."

സുധ:— "എന്നാൽ നീ പോയി അച്ഛനോടു പറയൂ. ഞാൻ വഴിക്കുവെച്ചു് കുസുമത്തിനെക്കണ്ടു് കൂട്ടിക്കൊണ്ടു പോന്നെന്നു്. അവരം ഭൂധിപിടിച്ച ചാകാറായി. കുറേ ദിവസം എൻെറകൂടെത്താമസിച്ചു് അവളുടെ ആരോഗ്യം വീണ്ടെടുക്കട്ടെ."

ബാലി:— "അവിടെ എനിക്കൊരു ജ്യേഷ്ഠത്തിയുണ്ടു്. ഇങ്ങനെയൊരു ഭയങ്കരരാക്ഷസിയെ ഞാൻ കണ്ടിട്ടില്ല. ഈ ചേച്ചിയെ ചവച്ചിറക്കാൻ അവർക്കു് മനസ്സുണ്ടു്. പാവം. ചേച്ചിയുടെ സാധുത്വം കൊണ്ടാണു്. ബുൾപട്ടിയെപ്പോലെ അങ്ങോട്ടും നിൽക്കേണ്ടെ? എന്തു പറഞ്ഞാലും കേട്ടുകൊണ്ടു നിന്നു കരയും. അതവർക്കൊരു വളമായി. ചേച്ചി വന്നതു മുതൽ ഇതുവരെ ഉണ്ടായിട്ടുള്ള വഴക്കുകളിൽ ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അച്ഛനോടു പറഞ്ഞു. അച്ഛൻ താക്കോലെല്ലാം വാങ്ങി മുറി പൂട്ടിയിരിക്കുകയാണു്."

മിസസ്സ് രമേ:— "നീയെങ്കിലും കുസുമത്തിനു താങ്ങായിട്ടുള്ളതു് എത്ര അനുഗ്രഹമായി."

കുസുമം:— "ഇവൾ എനിക്കുവേണ്ടി വഴക്കുപിടിച്ച് കൂടക്കൂടെ തല്ലുവാങ്ങും."

സുധ:— "ജ്യേഷ്ഠത്തിയാണോ അടിക്കുന്നതു?."

ബാലി:— "പിന്നെ അവരാരെയും അടിക്കുകയില്ല. ഒരു ദിവസം എന്നെ ഒന്നടിച്ചു. അന്നവരുടെ കയ്യ്പിടിച്ചു ഞാൻ കടിച്ചുമുറിച്ചു. ഉടുത്തിരുന്ന ഒന്നാംതരം സാരി മുഴവൻ വലിച്ചുകീറി. അച്ഛനെക്കൊണ്ടു വേണ്ടതിലധികം കൊടുപ്പിച്ചു. അതിനുശേഷം എൻെറനേരെ നാക്കു നീട്ടുകയേയുള്ളു."

സുധയും അവളുടെ മാതാവും പൊട്ടിച്ചിരിച്ചു. സുധയുടെ മാതാവ് അവളെ വാത്സല്യപൂർവ്വം പിടിച്ചു മടിയിൽ ഇരുത്തി തലോടി; മൂർദ്ധാവിൽ ചുംബിച്ചു.

വസു:— "കുഞ്ഞെ, പോയി അച്ഛനോടു ഞാൻ പറഞ്ഞ വിവരം പറയൂ. അച്ഛൻ സമ്മതിക്കുന്നെങ്കിൽ നീയും ഇങ്ങുവരൂ."

ബാലിക വൈമനസ്യത്തോടുകൂടിയെങ്കിലും അവരുടെ ഉപദേശപ്രകാരം വീട്ടിലേക്കു മടങ്ങി.

## അദ്ധ്യായം പതിനൊന്ന്

കാളിപ്രസാദബാനർജി ശരീരാസ്വാസ്ഥ്യത്താൽ ശയ്യാവലംബിയായിത്തീർന്നിരിക്കുന്നു. ഭർത്താവിൻെറ രോഗബാധമൂലം യഥാസമയങ്ങളിൽ ആഹാ

രം കഴിക്കാതെയും ഉറക്കമില്ലാതെയും അദ്ദേഹത്തിൻെറ പത്നിയും അവശതയിലായി. അവരുടെ മൂത്തമകളുടെ ഭർത്താവു് പെട്ടെന്നു് മരിച്ചു. വീട്ടിൽ കള്ളന്മാർ കടന്നു വിലയേറിയ പല സാധനങ്ങളും അപഹരിച്ചു കൊണ്ടുപോയി. ആകപ്പാടെ അടിക്കടി അനിഷ്ട സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മിസസ്സ് കാളി:— "എന്തൊരു ഗ്രഹപ്പിഴ, തുടർച്ചയായി ഓരോ ആപത്തുണ്ടായിക്കൊണ്ടല്ലേ ഇരിക്കുന്നതു്? ഒരൊററ ദിവസംപോലും മനസ്സിനു് സ്വാസ്ഥ്യമില്ല."

ഇളയമകൾ:— എങ്ങിനെ ഉണ്ടാകാതിരിക്കും? ആ ചേച്ചി എന്നിവിടെനിന്നിറങ്ങിയോ അതുമുതൽ കഷ്ടകാലവും തുടങ്ങി. ലക്ഷ്മി അവരോടുകൂടി പോയി. ഇപ്പോൾ എവിടെ നോക്കിയാലും ഇരുൾ അടഞ്ഞിരിക്കുന്നു. സാമാനങ്ങൾ വൃത്തികെട്ടു് അങ്ങുമിങ്ങും കിടക്കുന്നു. ആർക്കും സമയത്തു് ആഹാരമില്ല. ഈശ്വരസ്മരണയില്ല. ആ ചേച്ചി ഉള്ളപ്പോൾ കാലത്തു് നാലരയ്ക്കു് എഴുന്നേററു് വേലക്കാരെ വിളിച്ചുണർത്തും; അന്നു് എവിടെ നോക്കിയാലും ഒരു അടുക്കും വെടിപ്പുമുണ്ടു്. ലക്ഷ്മി വിളയാടുകയായിരുന്നു.

മൂത്തമകൾ:— "അനുജത്തി പറഞ്ഞതു് പരമാർത്ഥമാണു്. കാലത്തു് എഴുന്നേററാൽ പാതിരാവരെ അവൾക്കു് വിശ്രമമില്ല. എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. എവിടെ നോക്കിയാലും അവളെ കാണാം. കുഞ്ഞിനെ കുളിപ്പിക്കുന്നതവൾ — അതി

ന് ആഹാരം കൊടുക്കുന്നതവൾ— കൊണ്ടുനടക്കുന്നതവൾ— എനിക്ക് അതിന്റെ കാര്യം ശ്രദ്ധിക്കുകയേവേണ്ട."

ഇളയമകൾ:— "മതിമതി. ചേച്ചി ഒന്നും പറയേണ്ട. സർവ്വേശ്വരാ! ആ സാധു വന്നുകയറിയതുമുതൽ യുദ്ധം തുടങ്ങി— ഒരു നിമിഷം അവർക്ക് സ്വൈരമില്ല. അന്യർക്കുപോലും കേട്ടാൽ സഹിക്കാത്ത ശകാരം. ഒരൊററ ദിവസം ഒരു പറ കണ്ണുനീർ ഒഴുക്കാതെ അവർ കഴിച്ചിട്ടില്ല."

മൂത്ത:— "അതിന്റെയെല്ലാം ഫലം ഞാൻ അനുഭവിച്ചില്ലേ? ഇനിയും നീ എന്നെ സങ്കടപ്പെടുത്താതിരിക്കു. എന്റെ ഭർത്താവു് മരിച്ചെന്നറിഞ്ഞു് അവൾ വന്നപ്പോൾ ഞാൻ അതിനെല്ലാം അവളോടു മാപ്പുചോദിച്ചു. ഈശ്വരാ! അവളുടെ സങ്കടം. സുധ നിർബന്ധിച്ചതുകൊണ്ടാണു് പിറേറന്നു് അവൾ പോയതു്. എന്നിട്ടും അന്നു വൈകിട്ടു് പിന്നെയും വന്നു. ഞാൻ അവളോട്ടു് ദയവില്ലാതെ പെരുമാറിയെന്ന വിചാരമേ അവൾക്കില്ല."

ഇളയ:— "ആ ചേച്ചി നമുക്കു് ഒരു നല്ല മാതൃകയാണു്. സുധാചേച്ചിയേയും കുസുമച്ചേച്ചിയേയും പോലെ കുറെ സ്ത്രീകൾ നമ്മുടെഇടയിൽ ഉണ്ടാകണം."

മിസസ്സ് കാളി:— "ശരിയാണു്; രണ്ടും ഒന്നുപോലെ സ്വഭാവഗുണമുള്ളവർ, ഒരമ്മപെററ മക്കളെപ്പോലെ അവർക്കു് എന്തൊരു യോജിപ്പു്— മോഹനനൊപ്പുററി യാതൊരു വിവരവും ഇല്ലല്ലോ."

SAHITHYA VILASINI LIBRARY AYATHIL KILIKOLLOOR P. O. QUILON. SPORTS CLUB GYMNASIUM

മൂത്ത— "ആ പിശാചില്ലേ; മനോരമ? അവളോടുകൂടി പോയിരിക്കുകയാണ്. കുറേക്കാലമായി ചേട്ടൻ അവളുടെ വലയിൽ അകപ്പെട്ടിട്ട്. ബാങ്കിൽ ഉണ്ടായിരുന്ന പണമെല്ലാം എടുത്തു തീർത്തു. കൈയിൽ എത്ര പണം കൊണ്ടുപോയെന്നു് ആർക്കും നിശ്ചയമില്ല. എല്ലാം അവൾക്കു കാഴ്ചവെച്ചതാണ്. കുസുമത്തിൻെറ പത്തിലൊന്നു സൌന്ദര്യമോ സ്വഭാവഗുണമോ ഇല്ലാത്ത ആ പിശാചിൻെറ വേഷംകണ്ടു് ഭ്രമിച്ചുപോയി."

മിസ്സസ്സ്കാളി:—"പണമെല്ലാം പോകട്ടെ, അവൻ ഇങ്ങു വന്നാൽ മതിയായിരുന്നു. എവിടെയാണെന്നുപോലും നിശ്ചയമില്ല നിങ്ങളുടെ അച്ഛനു സുഖമില്ലാത്തതുകൊണ്ടു് പോയി അന്വേഷിക്കാനും നിവൃത്തിയില്ല."

ഇളയമകൾ:— "സുധാചേച്ചിയുടെ ഭർത്താവും അച്ഛനും അന്വേഷിക്കുന്നുണ്ടു്. വല്ല വിവരവും കിട്ടിയാൽ നമ്മളെയും അറിയിക്കും."

മിസ്സസ്സ്കാളി:— "ഈശ്വരാ! അവരെല്ലാം നന്നായിരിക്കട്ടെ; എത്ര നല്ല മനുഷ്യർ! അവരുടെ കുടുംബമഹിമയും സ്വത്തും മററും നോക്കിയാൽ നമ്മെക്കാൾ എത്ര വലിയ നിലയാണ് അവർക്കുള്ളതു്. പക്ഷ, അവർക്കാർക്കെങ്കിലും ആ ഭാവമുണ്ടോ? നമ്മളെ ആരെയെങ്കിലും കണ്ടാൽ എത്ര സ്നേഹപൂർവ്വം പെരുമാറുന്നു. കുസുമം ആ വീട്ടിലേതെന്നാണ് അവരുടെ വിചാരം."

ഇളയമകൾ:—"ചേച്ചിക്കു് അങ്ങോട്ടും അങ്ങനെതന്നെ. ഞാൻ പറഞ്ഞില്ലേ അമ്മേ, കുസുമച്ചേച്ചിയോടു കുറെയൊക്കെ സ്വഭാവയോഗ്യതയിൽ അടുത്തുനിൽക്കുന്നതു് സുധാചേച്ചിമാത്രമാണു്."

മൂത്തമകൾ:—"കണ്ണുള്ളപ്പോൾ അതിന്റെ ഗുണം അറിയുകയില്ല. കുസുമം ഇവിടെ നിന്നു പോയശേഷമാണു് അവളുടെ മഹത്വം അറിയുന്നതു്."

ഇളയ:—"ആ ചേച്ചി മെട്രിക്കുലേഷൻ ജയിച്ചിട്ടേയുള്ളു. കോളജിൽ പഠിക്കുന്ന ഞങ്ങളെക്കാൾ വൃത്തിയായി ഇംഗ്ലീഷ് എഴുതും. എനിക്കുതന്നെ പല വാക്കുകളുടെയും അർത്ഥം പറഞ്ഞുതരും. ഇവിടെ വന്ന ശേഷം ചേട്ടന്റെ പുസ്തകങ്ങൾ ഒട്ടുമുക്കാലും വായിച്ചുതീർത്തു. ഞാൻ കോളേജിൽനിന്നു കൊണ്ടുവരുന്നതെല്ലാം വായിക്കും."

മൂത്ത:—"ഇതിനൊക്കെ അവൾക്കു സമയം എവിടെ?"

ഇള:— "ചിലപ്പോൾ അടുക്കളയിൽ ഇരിക്കുമ്പോൾ പുസ്തകം കയ്യിൽ കാണും. ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞു് നിങ്ങളെല്ലാം ഉറങ്ങുമ്പോൾ ചേച്ചി പോയിരുന്നു വായിക്കും, അതുപോലെ രാത്രിയിലും. അതാ ആരോ വരുന്നു. (നോക്കിയിട്ടു്) ചേച്ചിയുടെ കാര്യം ഞാൻ പറഞ്ഞപ്പോഴേക്കു വന്നല്ലോ."

കുസു:— "അച്ഛനു് എങ്ങനെയിരിക്കുന്നു?"

മിസസ്സ് കാളി:—"സാരമില്ല. ദേഹത്തിൻെറ ക്ഷീണം മാററിയാൽ മതി."

കസു— "അമ്മയ്യോ?"

മിസസ്സ്—"എനിക്കൊന്നുമില്ല."

കസു— (ഭത്താവിൻെറ സഹോദരിമാരിൽ മൂത്തവളോട്) "ചേച്ചി ഇന്നു കളിച്ചുപോലുമില്ലല്ലോ. പോയി കളിക്കണം. എന്തൊരുവേഷം- വല്ലതും നനയ്ക്കണമെങ്കിൽ ഞാൻ നനച്ചുതരാം."

മൂത്ത:—"ഒന്നും വേണ്ട- ഞാൻ അരമണിക്കൂർ കഴിഞ്ഞു കുളിക്കാം."

കസു:— "ഞാൻ അച്ഛൻെറ അടുത്തൊന്നു പോയിട്ടുവരാം. വരു അനുജത്തി-"

കസുമം കാളിപ്രസാദബാനർജിയുടെ മുറിയിലേക്കു പോയി.

# അദ്ധ്യായം പന്ത്രണ്ട്.

സുധ:— "നിൻെറ ഭത്താവ് ഡൽഹിയിൽ ഉണ്ടെന്നു് ഇപ്പോൾ അദ്ദേഹത്തിനു കമ്പികിട്ടിയിരിക്കുന്നു. മനോരമയും അദ്ദേഹവും ഒരുമിച്ചാണു് താമസിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അവളെ അങ്ങ

നെ കാണാറില്ല. അദ്ദേഹത്തിനേയും വീട്ടിനുപുറത്തു കാണാറില്ലത്രേ."

കുസു:—"സുഖമില്ലാതെ കിടപ്പാണോ എന്തോ?"

സുധ:—"എന്തിനാണു് ഏതുകാര്യത്തിലും ആ പച്ചശങ്ക?"

കുസു:— "ചേച്ചി, ഞാൻ ഇന്നുതന്നെ ഡെൽഹിയിലേക്കു പോകുന്നു. അദ്ദേഹത്തിനു സുഖക്കേടൊന്നുമില്ലെന്നറിഞ്ഞിട്ടേ എനിക്കു സമാധാനമാകു."

സുധ:— "മനോരമ കൂടെ ഉണ്ടെങ്കിൽ നീ ചെല്ലുന്നതു നിൻെറ ഭത്താവിനു രസിക്കാതെ വന്നേക്കും. അവർ ഒരുമിച്ചു താമസിക്കുന്നതു കണ്ടു പിടിക്കാനാണു് നീചെല്ലുന്നതെന്നു ധരിക്കും."

കുസു:— "ഞാൻ സത്യത്തിൽ വിവരമെല്ലാം മനസ്സിലാക്കിയിട്ടേ അങ്ങോട്ടു പോകു."

സുധ:— "എനിക്കു കൂടെവരാൻ സൌകര്യമില്ലല്ലോ."

കുസു:—"തനിച്ചു പോയാലെന്തു്? ഒന്നുമില്ല. അങ്ങനെ ഒരു ഭയമില്ല."

സുധ:— "നിൻെറ കയ്യിൽ പണമുണ്ടോ?"

കുസു:— "അദ്ദേഹം പോയ ദിവസം ഇരുന്തറുപാ എന്നെ ഏൽപ്പിച്ചു. അതിനുശേഷം അദ്ദേഹത്തിനു കൊടുക്കാനായി ഒരാൾ ആയിരം രൂപാ എൻെറ കയ്യിൽ തന്നു. ഇത്രയും എൻെറ കയ്യിൽ ഉണ്ടു്. അ

ങ്ങു ചെന്നിട്ട് കൂടുതൽ വേണ്ടിവന്നാൽ അച്ഛനു കമ്പിയടിക്കാം.

സുധ:— "പണം ആവശ്യമുള്ളതു ഞാൻ തരാം. പെട്ടെന്നു പോകണമെന്നു പറഞ്ഞതു കൊണ്ടു ചോദിച്ചെന്നു മാത്രം."

* * *

കുസുമം അന്നു വൈകിട്ടു ഡൽഹിയിലേക്കു പുറപ്പെട്ടു. തീവണ്ടിയിൽ വെച്ചു ഡൽഹിയിൽ സ്ഥിരമായി താമസിക്കുന്ന ഒരു യുവതിയുടെ പരിചയം അവൾ നേടി. ഇന്ത്യാ ഗവർമ്മെൻറിൻെറ കീഴിൽ ഒരു സിക്രട്ടറിയാണ് അവളുടെ പിതാവ്. ധാരാളം, പ്രതാപവും സ്വാധീനശക്തിയുമുള്ള ഒരു വലിയ ഉദ്യോഗസ്ഥൻെറ പുത്രിയുമാണ്. പരിചയപ്പെട്ടതിൽ കുസുമം സന്തോഷിച്ചു. അല്പനേരത്തെ സംഭാഷണം കൊണ്ട് ആ യുവതി വിദ്യാഭ്യാസസമ്പന്നയും സുശീലയും ആണെന്നു ബോദ്ധ്യമായി. അതിനാൽ തൻെറ യാത്രയുടെ ഉദ്ദേശം അവൾ മറച്ചില്ല. സുശീല (ആ യുവതി) ചോദിച്ചു— "ഭർത്താവ് താമസിക്കുന്നതു് എവിടെയാണെന്നറിയാമോ?" "ചില വിവരങ്ങൾ ഞാൻ കുറിച്ചു സൂക്ഷിച്ചിട്ടുണ്ട്. എനിക്കു സുധയെന്നൊരു സ്നേഹിതയുണ്ട്. സുധയുടെ ഭർത്താവ് ഡൽഹിയിൽ ചിലർക്കെഴുതിയിരുന്നു. അവരിൽ ഒരാൾ അദ്ദേഹത്തിനയച്ച കമ്പിയിൽ നിന്നു കിട്ടിയ വിവരങ്ങളാണ്."

"അദ്ദേഹത്തിന്റെ കൂടെയുള്ള സ്ത്രീയുടെ പേരെന്താണു്?"

"മനോരമ."

"അങ്ങനെ ഒരു സ്ത്രീയെ എനിക്കു പരിചയമില്ല. ഏതായാലും നിരാശപ്പെടരുതു്. അവിടെ പരിചയക്കാരില്ലാത്ത സ്ഥിതിക്കു് നമുക്കൊരുമിച്ചു വീട്ടിലേക്കു പോകാം. അച്ഛനോടു പറഞ്ഞു് അന്വേഷിപ്പിച്ചു വീടുകണ്ടുപിടിക്കാം— അതിനു വിരോധമില്ലല്ലോ?"

"എന്നെ സഹായിക്കാൻ വേണ്ടി നൽകുന്ന നിർദ്ദേശം ഞാൻ കൃതജ്ഞതാപുരസ്സരം സ്വീകരിക്കേണ്ടതല്ലേ?"

"നിങ്ങൾക്കു് എന്നെ പരിചയമില്ല. പക്ഷെ, നാം തമ്മിൽ ഒരു ദിവസം കണ്ടിട്ടുണ്ടു്. ഒരു Tennis tournament ൽ നിങ്ങളും സുധയുംകൂടി എന്നെയും എന്റെ Partnerനെയും തോല്പിച്ചു. അങ്ങനെയാണു് നമ്മൾതമ്മിൽ കാണാൻ ഇടയായതു്. നിങ്ങളെ കണ്ടയുടൻ ഞാൻ ഓർമ്മിച്ചു. എങ്കിലും സംശയം തീർക്കാതെ പറയേണ്ടെന്നു കരുതിയതാണു്. സുധയുടെ കാര്യം പറഞ്ഞപ്പോൾ സംശയം തീർന്നു. പേരു കുസുമാദേവി എന്നല്ലേ?"

"അതെ. സുധയെയും അന്നു കണ്ടിട്ടേയുള്ളോ?"

"അല്ല, സുധ ഡൽഹിയിൽ വന്നു് എന്നോടുകൂടി രണ്ടാഴ്ച താമസിച്ചിട്ടുണ്ടു്. ഞങ്ങൾ തമ്മിൽ അല്പം ബന്ധവും ഉണ്ടു്."

"സുധ എൻെറ ജ്യേഷ്ഠത്തിയാണു്, സുധയുടെ അമ്മ എൻെറ അമ്മയാണു്‌- എന്നുവെച്ചാൽ അത്ര അടുപ്പം ഞങ്ങൾതമ്മിലുണ്ടു്. എന്നെ പഠിപ്പിച്ചതും വിവാഹം ചെയ്യിച്ചതും സുധയുടെ പിതാവാണു്."

"അപ്പോൾ നമ്മളും ബന്ധുക്കളാണെന്നു പറയൂ; യാദൃച്ഛികമായിട്ടെങ്കിലും തമ്മിൽ കൂട്ടിമുട്ടിയല്ലോ. ഇനിയും ഈ ബന്ധം അഭംഗുരമായി നിലനിർത്തണം."

"കൽക്കത്തായിൽ എന്നു വന്നു.?"

"ഞാൻ വന്നിട്ടു് ഒരാഴ്ച കഴിഞ്ഞു. എൻെറ ഒരു സഹോദരി അവിടെ താമസമുണ്ടു. ഞാൻ ജനിച്ചതും വളൎന്നതും അവിടെയാണു്. ഞങ്ങൾ ഒറീസാ സ്വദേശികളാണെങ്കിലും അച്ഛനു വളരെക്കാലം കൽക്കത്തായിൽ ആയിരുന്നു ഉദ്യോഗം. അതുകൊണ്ടു് ഞങ്ങൾ പഠിച്ചതും വളൎന്നതുമെല്ലാം അവിടെയാണു്."

"സഹോദരിയുടെ പേരെന്താണു്?"

"കൌമുദി— അവളുടെ ഭൎത്താവിനു കൽക്കത്തായിലാണു് ജോലി."

"കൌമുദിയോ? എനിക്കറിയാം-എനിക്കറിയാം. ഞങ്ങൾ "ക്ലാസ് മേററ്"സാണു്. സഹോദരിമാരെപ്പോലെ കഴിഞ്ഞവരാണു്. ഈയിടെ വല്ലപ്പോഴുമേ കാണാറുള്ളു. എൻെറ കൌമുദിയുടെ സഹോദരിയുമായി പരിചയപ്പെട്ടതു ഭാഗ്യം തന്നെ."

ഇങ്ങനെ സംഭാഷണം ചെയ്തു് അവർ നേരം പോക്കി. ഡൽഹിയിൽ എത്തിയപ്പോഴേക്കും അവർ ഉററസ്നേഹിതകളായി. കുസുമവും സുശീലയും സുശീലയുടെ വസതിയിലേക്കു തിരിച്ചു.

# അദ്ധ്യായം പതിമ്മൂന്നു്

സുശീല പിറേറന്നുതന്നെ അവളുടെ ഭർത്താവും സഹോദരന്മാരും മുഖേന മോഹനചന്ദ്രനെപ്പററി അന്വേഷണം നടത്തി. അന്നു വൈകിട്ടു സുശീല കുസുമത്തിനോടു പറഞ്ഞു:—

"അനുജത്തിയുടെ ഭർത്താവു് ഇതിനടുത്തുതന്നെയാണു് താമസം— ഇപ്പോൾ സുഖമില്ലാതെ കിടപ്പാണു്. രണ്ടാഴ്ചയായി ഒരു പനി പിടിച്ചിട്ടു്. കൂടെ ഉണ്ടായിരുന്ന സ്ത്രീ ഈയിടെ വല്ലപ്പോഴുമേ അവിടെ ചെല്ലാറുള്ളൂ. അവൾ ഇവിടെ വന്നതുമുതൽ പേരു മാററിയിരിക്കുന്നു. അരുണാദേവി എന്നാണു് ഇപ്പോഴത്തെ പേരു്— അവളെ ഞാനും കണ്ടിട്ടുണ്ടു്— ഒന്നു രണ്ടു പബ്ളിക് സ്ഥലങ്ങളിൽവച്ചു്— അവൾ അദ്ദേഹത്തിൻെറ പണം മുഴുവൻ നശിപ്പിച്ചിരിക്കും. കയ്യിൽഉള്ള പണം തീർന്നപ്പോൾ അദ്ദേഹത്തിനെ പിരിഞ്ഞെന്നാണു് തോന്നുന്നതു്. കരിമ്പിൻെറ നീരു മുഴുവൻ എടുത്താൽ കൊത്തു് ദൂരെ കളയുകയല്ലേ

പതിവ്— അരുണയുടെ ഒരു കൂട്ടുകാരിയുണ്ട്. മിസസ്സ് എഡ്‌വേർഡ്സ്—ഒരു ആംഗ്ലോഇൻഡ്യൻ സ്ത്രീ—അവൾ എൻെറ ഒരു സ്നേഹിതയാണ്. പാശ്ചാത്യപരിഷ്കാരത്തിൽ മുഴുകിയിരിക്കുന്ന ഒരു സ്ത്രീ. അവരുടെ ഭർത്താവും അങ്ങനെതന്നെ—"

"ആംഗ്ലോ ഇൻഡ്യൻസെല്ലാം യൂറോപ്യന്മാരായിട്ടാണല്ലോ ഭാവിക്കുന്നതും ജീവിക്കുന്നതും."

"മിസ്റ്റർ എഡ്‌വേർഡ്സ് അച്ഛൻെറ കീഴിൽ ഒരു സൂപ്രണ്ടാണ്. നാളെ കാലത്ത് മിസസ്സ് എഡ്‌വേർഡ്സിനെക്കണ്ടു് അവരെയും കൂട്ടിക്കൊണ്ടു് നിങ്ങളുടെ ഭർത്താവു് താമസിക്കുന്ന വീട്ടിൽ പോകാം. അവർക്കു് അദ്ദേഹത്തിനെയും പരിചയമുണ്ടു്."

അന്നുരാത്രിമുഴുവൻ കസുമം അസ്വസ്ഥയായി, നിദ്രാവിഹീനയായി, കഴിച്ചുകൂട്ടി. ഭർത്താവിനു സുഖമില്ലെന്നറിഞ്ഞതാണു് അതിനു കാരണം.

പിറേറന്നു് രാവിലെ സുശീലയും കസുമവും ഒരു കാറിൽ മിസസ്സ് എഡ്‌വേർഡ്സിൻെറ വീട്ടിലേക്കു പുറപ്പെട്ടു.

സുശീല:— "നിങ്ങളുടെ പുതിയ കൂട്ടുകാരി എവിടെയാണു്; ഈയിടെ കാണാറില്ലല്ലോ."

മിസസ്സ് എഡ്‌വേർഡ്സ്:— "ആരു്? അരുണാദേവിയോ? ഇന്നലെ വൈകിട്ടു് ഇവിടെ വന്നിരുന്നു. ഞങ്ങൾ ഒരുമിച്ചാണു് ക്ലബ്ബിൽപോയതു്."

സുശീ:— "അവർ ഒരു നല്ല ടെന്നീസ് കളിക്കാരിയാണു്; ഇല്ലേ?"

മിസസ്സ് എഡ്:— "ഭാവിക്കുന്നിടത്തോളം മിടുക്കൊന്നുമില്ല. എങ്കിലും ഒരുവിധം കളിക്കും."

സുശീ:— "എൻെറ സഹോദരിയും ഒരു നല്ല ടെന്നീസ്സ് കളിക്കാരിയാണു്."

മിസസ്സ്:— "സഹോദരിയാണോ?"

സുശീ:—"അതെ; കൌമുദിയല്ലാതെ എനിക്കു സഹോദരികളില്ലെന്നാണോ വിചാരം?"

മിസസ്സ്:— "അതെ."

സുശീ:— "കുമുദം (സുശീല കുസുമത്തിനു നൽകിയ പുതിയ പേരു്) എൻെറ ചിററമ്മയുടെ മകളാണു്. അവൾ ഇങ്ങോട്ടെങ്ങും വന്നിട്ടില്ല."

മിസസ്സ്:— "ഇന്നു വൈകിട്ടു് നിങ്ങളും കൂട്ടുകാരിയുംകൂടി ക്ലബ്ബിൽവരണം. അരുണാദേവിയും ഇവളുംകൂടി കളിക്കുന്നതു നമുക്കു കാണാമല്ലോ."

സുശീ:— "അക്കാര്യം അവരോടൊന്നു പറയേണ്ടേ? അവരുടെ വീട്ടിലേക്കു് പോകാമോ?"

മിസസ്സ്:— "പോകാം. പക്ഷേ, അവിടെ കാണുമോ എന്നു നിശ്ചയമില്ല. മിക്കവാറും സർക്കീട്ടായിരിക്കും. ഓ! ഇല്ല, അവിടെക്കാണും. അവരുടെ ഭർത്താവിനു സുഖമില്ലെന്നുപറഞ്ഞു."

സുശീ:— "അവരുടെ ഭർത്താവാരാണ്?"

മിസ്സസ്സ്:— "ബാരിസ്ററർ എസ്സ്.എൻ. ബാനർജി— അദ്ദേഹം ഒരു പ്രസിദ്ധ വക്കീലാണ്. വലിയ കോടീശ്വരൻ." തൻെറ ഭർത്താവിൻെറ പേരും മാറിയിരിക്കുന്നതായി കേട്ടപ്പോൾ കുസുമം അത്ഭുതപ്പെട്ടു.

മിസ്സസ്സ് എഡ്വേർഡ്സും സുശീലയും കുസുമവുംകൂടി മോഹനചന്ദ്രൻെറ വീട്ടിലേക്കുപോയി.

കഷ്ടം! മനുഷ്യന് ഇങ്ങനെയും ദുർദ്ദശ നേരിടുമോ? മോഹനചന്ദ്രൻെറ സ്ഥിതി എന്ത്? വിദ്യാസമ്പന്നനും കുബേരപുത്രനുമായ ആ യുവാവ് ഒരു അസ്ഥിപഞ്ജരം എന്നപോലെ നിശ്ചേഷ്ടനായി, അവശനായി, ഒരു മുറിയിൽ വെറും തറയിൽ കിടക്കവിരിച്ചുകിടക്കുന്നു. കട്ടിൽമുതലായ ഉപകരണങ്ങളോടുകൂടിയ വിശാലമായ ശയനമുറി മനോരമയുടെ ഉപയോഗത്തിലായതിനാൽ അതവൾ പൂട്ടിയിരിക്കുന്നു. മോഹനചന്ദ്രനുമായി യാതൊരു കടപ്പാടും ഇല്ലാത്ത ഒരു മദ്രാസിലെ ഭൃത്യനാണ് അയാളെ ശുശ്രൂഷിക്കുന്നത്. ഒരു തുള്ളി വെള്ളം രോഗിക്കു കിട്ടണമെങ്കിൽ ഭൃത്യൻെറ സൌകര്യം കാക്കണം. മനോരമ മിക്കവാറും അവസരങ്ങളിൽ അവനെയും പുറത്തേക്കയക്കും. എന്നാൽ അപ്പോഴെങ്കിലും രോഗിയുടെ ആവശ്യങ്ങൾ അന്വേഷിക്കുമോ? അതൊട്ടില്ലതാനും. കുസുമവും മററും ആ വീട്ടിൽഎത്തിയപ്പോൾ മനോരമ പുറത്തുപോയിരിക്കുകയാണ്. അവളുടെ ഉപയോഗത്തിലിരിക്കുന്ന

രണ്ടുമുറികൾ ഒഴിച്ച് ബാക്കി മുറികളെല്ലാം തുറന്നുകിടക്കുന്നു. ഭൃത്യനും വീട്ടിലില്ല. സുശീലയും കൂട്ടുകാരികളും രോഗിയേയും മനോരമയേയും തേടി ഓരോ മുറിയിലും നോക്കി. ഒരു മുറിയുടെ വാതുക്കൽ എത്തിയപ്പോൾ അകത്തുനിന്നു ദയനീയമായ ഒരു രോദനംകേട്ടു. കുസുമം മുന്നോട്ടുപാഞ്ഞു. എന്നാൽ സുശീല അവളെ പിടിച്ചുനിർത്തി. മോഹനനുമായുള്ള ബന്ധം വെളിവാക്കരുതെന്നു് ചില ആംഗ്യങ്ങളാൽ നിർദ്ദേശിച്ചു.

രോഗിയെ കണ്ടപ്പോൾ കുസുമത്തിൻെറ ഹൃദയം തകൎന്നു. കണ്ണുകൾ നിറഞ്ഞു. വളരെ പണിപ്പെട്ടു് വിദഗ്ദ്ധയായ ഒരു നഴ്സിനെപ്പോലെ അവൾ അയാളുടെ ശരീരത്തിൽ തൊട്ടുനോക്കുകയും നാഡീചലനം പരിശോധിക്കുകയും ചെയ്തു.

സുശീ: — "എൻെറ അനുജത്തി ഒരു മെഡിക്കൽ സ്റ്റുഡൻറാണു്."

മിസിസ്സ്:—"അതു നന്നായല്ലോ. രോഗിയെ ആവുംമട്ടു പരിശോധിക്കണം."

കുസു: — "ചേച്ചി, ടൈഫോയിഡാണെന്നു തോന്നുന്നു. നല്ല പനിയുണ്ടു്. കോംപ്ളിക്കേഷൻ ഒന്നും ഇല്ലാതിരുന്നാൽ ഭാഗ്യം."

രോഗി വെള്ളം ചോദിച്ചു. കുസുമം ആ മുറിമുഴുവൻ പരിശോധിച്ചിട്ടും ഒരു പാത്രമോ രോഗിക്കു കൊടുക്കത്തക്ക എന്തെങ്കിലും പാനീയമോ കണ്ടില്ല. സുശീല തൻെറ ഡ്രൈവറെ വിളിച്ചു കാറിൽ വീട്ടിൽ

പോയി രോഗിക്കുകൊടുക്കുവാൻ എന്തെങ്കിലും കൊണ്ടു വരണമെന്നാജ്ഞാപിച്ചു. അതേ സന്ദർഭത്തിൽ കുസുമം റോഡിലേക്കിറങ്ങി ഓറഞ്ചു വാങ്ങിക്കൊണ്ടുവന്നു. അതിൻെറ ചാറുപിഴിഞ്ഞു രോഗിക്കു കൊടുത്തു.

# അദ്ധ്യായം പതിനാല്.

സുശീലയും കുസുമവും മിസസ്സ് എഡ് വേർഡ്സും ചെന്നു രണ്ടു മണിക്കൂറിലധികം കഴിഞ്ഞപ്പോൾ മനോരമ തിരിച്ചെത്തി.

മിസസ്സ് എഡ്:— "എവിടെപ്പോയിരുന്നു?"

മനോ:—"ഒരു ഫ്രണ്ടിൻെറ ഹൌസിൽ"(ഒരു സ്നേഹിതൻെറ വീട്ടിൽ)

സുശീല:— "ഇദ്ദേഹത്തിനെ ഈ സ്ഥിതിയിൽ ഇട്ടിട്ടോ?"

മനോ:—"ഓ, There is nothing, serious (കാര്യമായിട്ടൊന്നുമില്ല) ഒരു ചെറിയ പനി· അതും ചില പ്പോൾ മാത്രം."

സുശീ:—"എങ്കിലും ഞങ്ങൾ വന്നപ്പോൾ വെള്ളം കുടിക്കാതെ വിഷമിക്കുകയായിരുന്നു."

മിസസ്സ് എഡ്:— "എൻെറ സ്നേഹിതകളെ പരിചയമില്ലല്ലോ. ഇതു് സുശീലാദേവി–ഇവരുടെ അ

ച്ഛൻ ഇവിടത്തെ ഒരു വലിയ ഉദ്യോഗസ്ഥനാണ്. ഇതു് മിസ്സ് കുമുദാദേവി-സുശീലാദേവിയുടെ സഹോദരി-ഒരു മെഡിക്കൽ സ്റ്റുഡൻറ്—നല്ല ടെന്നിസ്സ് കളിക്കാരി. (സുശീലയോടും കുസുമത്തിനോടും) മിസ്സ് അരുണാദേവി ഒരു നല്ല ടെന്നിസ്സ് കളിക്കാരിയാണ്. ഇന്നു വൈകിട്ടു് നിങ്ങൾ രണ്ടുപേരുമായി കളിക്കണം."

കുസു:—"ടെന്നിസ്സ് കളിക്കാൻ അറിയാമെന്നല്ലാതെ ഞാൻ അതിൽ വിദഗ്ദ്ധയൊന്നുമല്ല. പതിവായി കളിക്കാറുമില്ല."

മനോ:— "ടൂർണമെൻറുകൾക്ക കളിച്ചിട്ടുണ്ടോ?"

കുസു:—"ഏയ്, അതൊന്നുമില്ല."

മനോ:—"ഏതായാലും ഇന്നു വൈകിട്ടു നമുക്കു ക്ലബ്ബിൽപോയി കളിക്കണം. ഞാൻ പല ടൂർണമെൻറിലും കളിച്ചു സമ്മാനം വാങ്ങിയിട്ടുണ്ടു്."

സുശീ:—"ഇവിടെ നിങ്ങൾ രണ്ടുപേരും ഒരു ഭൃത്യനും മാത്രമേയുള്ളു. ഇദ്ദേഹത്തിനു ടൈഫോയിഡാണെന്നു് അനുജത്തി പറയുന്നു. ഒന്നാമതു് അതു് പകരുന്ന രോഗമാണ്. രണ്ടാമതു വേണ്ടതുപോലെ ചികിത്സയും നഴ്സിങ്ങും ഇല്ലെങ്കിൽ 'കോംപ്ലിക്കേഷൻ' ഉണ്ടായേക്കുമെന്നും ഇവൾ പറയുന്നു. ഞങ്ങളുടെ വീട്ടിൽ ധാരാളം സ്ഥലം ഉണ്ടു്. പ്രത്യേകം പ്രത്യേകമായിരണ്ടുമൂന്നു കെട്ടിടങ്ങളുമുണ്ടു്. ഡാക്ടറന്മാരേയോ നേഴ്സുകളെയോ ഏർപ്പാടുചെയ്യാൻ വിഷമവുമില്ല.

ഞങ്ങൾക്കും ജോലി അധികമില്ല. ഇവർ മെഡിക്കൽ സ്ററുഡൻററ് ആയതുകൊണ്ടു് പല സഹായങ്ങളും ചെയ്യാൻ കഴിയും. വിരോധമില്ലെങ്കിൽ അങ്ങോട്ടു മാററാം.

മനോ:—"എനിക്കെന്തു വിരോധം? രോഗികളെ ശുശ്രൂഷിക്കാനും അവരുടെ ഹിതം നോക്കാനുമെല്ലാം എനിക്കു പ്രയാസമാണ്."

സുശീ:—"ഭർത്താവിനെ ശുശ്രൂഷിക്കേണ്ടതു് ഭാര്യയുടെ ചുമതലയല്ലേ?"

മനോ:—"ഹ്യൂമൺ റസ്പോൺസിബിലിററിയിൽ (മനുഷ്യസഹജമായ ചുമതല) കവിഞ്ഞു് ഒന്നും ഉള്ളതായി എനിക്കു വിചാരമില്ല."

കുസുമം നെടുതായൊന്നു നിശ്വസിച്ചു.

കുസു:—"അങ്ങനെയാണെങ്കിൽ ഇന്നുതന്നെ മാററുകയല്ലെ നല്ലതു്?"

സുശീ:—"നമുക്കു വീട്ടിൽപോയി അച്ഛനുമായി ആലോചിച്ചു തീർച്ചയാക്കാം."

മനോ:—"വൈകിട്ടു രണ്ടുപേരും ക്ലബ്ബിലേക്കു വരുമല്ലോ. മിസസ്സ് എഡ്വേർഡ്സ്, ഇവരെയും കൂട്ടിക്കൊണ്ടു വരണം."

മിസസ്സ് എഡ്:— "അങ്ങനെ തന്നെ."

കുസുമവും സ്നേഹിതകളും പോയി. സുശീല അച്ഛനുമായി ആലോചിച്ചശേഷം മോഹനചന്ദ്രനെ ഡാ

ക്ടർ റായിയുടെ നഴ്സിങ്ങ് ഹോമിലേക്കു മാററാൻ നിശ്ചയിച്ചു. അതനുസരിച്ച് അന്നുതന്നെ ഒരു ആംബുലൻസ് കാറിൽ നേഴ്സിങ്ങ് ഹോമിലേക്കു മാററി. കുസുമവും സുശീലയുടെ പിതാവും കൂടി പോയി.

ഡാക്ടർ രോഗിയെ പരിശോധിച്ചശേഷം പറഞ്ഞു: -.

സാരമില്ല. രണ്ടാഴ്ചയ്ക്കുള്ളിൽ പൂൎണ്ണസുഖം കിട്ടും. ഇപ്പോൾ തന്നെ രോഗത്തിൻെറ ഗൌരവം കുറഞ്ഞിരിക്കുന്നു."

കുസു:—"ശരിയായ ചികിത്സയോ ശുശ്രൂഷയോ ഇല്ലാതെ കിടക്കുകയായിരുന്നു."

ഡാക്ടർ:—"ആരും അന്വേഷിക്കാനില്ലാത്തവരെ ദൈവം നോക്കും. ഏതായാലും, ഒട്ടും ഭയപ്പെടാനില്ല. നിങ്ങളാരും ബുദ്ധിമുട്ടേണ്ട."

സുശീലയുടെ പിതാവ്, രോഗിയെ പ്രത്യേകം ശ്രദ്ധിച്ചു ചികിത്സിക്കണമെന്നപേക്ഷിച്ചു. അനന്തരം അദ്ദേഹം കുസുമത്തിനെയും കൂട്ടിക്കൊണ്ടു വീട്ടിലേക്കു പോയി.

"എങ്ങനെ കളിക്കാനാണു ചേച്ചി? എൻെറ ഹൃദയം നഴ്സിങ്ങ് ഹോമിലാണ്."—കുസുമം പറഞ്ഞു.

"സാരമില്ലെന്നു ഡാക്ടർ ഖണ്ഡിച്ചു പറഞ്ഞില്ലേ? പിന്നെന്തിനു പരിഭ്രമിക്കുന്നു?-" സുശീല ചോദിച്ചു.

SAHITHYA VILASINI LIBRARY AYATHIL

കസു:—"എൻെറ ഭർത്താവല്ലേ? അദ്ദേഹത്തിന്ന സുഖമില്ലാത്തപ്പോൾ അടുത്തിരുന്നു ശുശ്രൂഷിക്കുകയല്ലേ എൻെറ ചുമതല?"

സുശീ:--"അല്ലെന്നു ഞാൻ പറഞ്ഞോ? പക്ഷേ, കള്ളി പുറത്തായാൽ നമ്മുടെ പ്ലാൻ മുഴുവൻ തെററും. അദ്ദേഹത്തിന്നും മനോരമയ്ക്കും സംശയം ഉണ്ടാകാതെ സൂക്ഷിക്കണം."

കുസുമം മനഃക്ലേശത്തോടുകൂടി എങ്കിലും സമ്മതിച്ചു. ടെന്നിസ് കളി അടുത്ത ദിവസത്തേക്കുമാററി.

പിറേറന്നു കാലത്തു് സുശീലയും കുസുമവും കൂടി നഴ്സിങ്ങ് ഹോമിൽപോയി മോഹനചന്ദ്രൻെറ രോഗസ്ഥിതിയെപ്പററി അന്വേഷിച്ചു. തലേ ദിവസത്തെക്കാൾ രോഗിക്കു സുഖമുണ്ടെന്നു് അവൾക്കു ബോദ്ധ്യമായി. വൈകിട്ടു് അവർ നഴ്സിങ്ങ് ഹോമിൽ പോയശേഷമാണു് ക്ലബ്ബിൽ എത്തിയതു്. മിസ്സസ്സ് എഡ്വർഡ്സും മനോരമയും അവരെ കാത്തിരിക്കുകയായിരുന്നു.

ആദ്യമായി മനോരമയും കുസുമവും കൂടി സിങ്കിൾസ് കളിച്ചു. മൂന്നു സെററു കളിച്ചതിൽ മൂന്നിലും കുസുമം ജയിച്ചു. എന്നു മാത്രമല്ല രണ്ടു ലവ് ഗെയിമും ആയിരുന്നു. മൂന്നാമത്തെ സെററിലും പായിൻറുകൾക്കു ഭീമമായ അന്തരം ഉണ്ടായിരുന്നു. ആകപ്പാടെ മനോരമയുടെ അഭിമാനം തകന്നു. പലരുടെയും നിർബ്ബന്ധത്താൽ മനോരമയും ഒരു യൂറോപ്യനും, സ

ശീലയും കുസുമവും ചേൎന്നു ഡബിൾസ് കളിച്ചതിൽ കുസുമവും സുശീലയും ജയിച്ചു. ക്ലബ്ബിലെ അംഗങ്ങളെല്ലാം കുസുമത്തിനെ പ്രശംസിച്ചു-എന്നു മാത്രമല്ല ഡൽഹിയിൽ നിന്നു പോകുന്നതുവരെ ദിവസവും ക്ലബ്ബിൽ ചെല്ലണമെന്നു് അവളോടു് അപേക്ഷിക്കുകയുംചെയ്തു.

സുശീല:—"മനോരമയുടെ അഹങ്കാരം തീൎന്നു. അവൾ മൎയ്യാദ പഠിച്ചു"

കുസു:—"ഇതിൽ എന്തു സാമൎത്ഥ്യം ചേച്ചീ? അവക്കു ന്യായമായി വേണ്ട മൎയ്യാദയുണ്ടാക്കാൻ സാധിച്ചാൽ ഞാൻ കൃതാൎത്ഥയായി."

സുശീ:—"അതും സാധിക്കും; ദൈവം അതിന്നു കടാക്ഷിക്കും. നിൻെറ ഭൎത്താവു നിന്നെ കൂടെക്കൂടെ സൂക്ഷിച്ചുനോക്കുന്നു. വല്ലസംശയവും ഉണ്ടോ, എന്തോ?"

കുസു:—"എനിക്കും തോന്നാതിരുന്നില്ല. ഞാൻ എത്ര തന്നെ ശ്രമിച്ചു ശബ്ദം മാററിയിട്ടും ചിലപ്പോൾ സ്വതേഉള്ള സ്വരം വന്നുപോകുന്നു. മുഖം കാണാൻ ഞാൻ ഇടയാക്കുന്നില്ല."

സുശീ:—"കുറെക്കൂടി സൂക്ഷിക്കണം. നമ്മുടെ രഹസ്യം ഒട്ടവിലേ പുറത്താകാവൂ."

അവർ ഇങ്ങനെ സംഭാഷണം ചെയ്തുകൊണ്ടു വീട്ടിലെത്തി.

# അദ്ധ്യായം പതിനഞ്ച്.

മിസസ്സ് എഡ്വേർഡ്സ്:- "കുമുദാദേവി (കുസുമത്തിന്റെ വ്യാജപ്പേർ) സുശീലാദേവിയുടെ അനുജത്തിതന്നെയാണോ? അങ്ങനെ ഒരനുജത്തി അവൾക്കുള്ളതായി അറിവില്ലെന്ന് അവരുടെ സ്നേഹിതകൾ പറയുന്നു. അവർ തമ്മിലുള്ള പെരുമാററത്തിൽ സഹോദരീഭാവമാണ് കാണുന്നതും. ഒരു ദിവസം സുശീലാദേവിയുടെ അമ്മയുടെ സംഭാഷണത്തിൽ കുമുദാദേവി ഒരന്യയാണെന്നു സൂചിപ്പിച്ചു. എന്നാൽ ഉത്തരക്ഷണത്തിൽ തനിക്കൊരു തെററു പററിയഭാവം അവരുടെ മുഖത്തു പ്രത്യക്ഷമായി. എന്നുമാത്രമല്ല, അവർ ആ തെററുതിരുത്തുകയും ചെയ്തു.

എഡ്വേർഡ്സ്:— അവർ ആരായാലും ഒന്നാംതരം ടെന്നിസ്സ് കളിക്കാരിയാണ്. ഇത്രഭംഗിയായി നമ്മുടെ ക്ലബ്ബിലെ യൂറോപ്യൻ മെമ്പർമാർ പോലും കളിക്കാറില്ല. അവർക്കു കുമുദാദേവിയെക്കുറിച്ചു ബഹുമാനമാണ്."

മിസസ്സ്:— "അവരുടെ സംഗീതമോ? കുയിൽനാദം— എത്രഭംഗിയായിപ്പാടുന്നു! ഞാൻ ഒരു ദിവസമേ കേട്ടുള്ളു. സുശീലാദേവിയുടെ നിർബ്ബന്ധംകൊണ്ടാണ്" അന്നു തന്നെ പാടിയതു്."

എഡ്:— "നല്ല ഇംഗ്ലീഷ്; യൂറോപ്യൻ മര്യാദകളെല്ലാം നല്ലതുപോലെ അറിയാം."

മിസസ്സ്:— "അവരുടെ സ്വഭാവമാണ് ഇതിലെല്ലാം വിശേഷം. സകലരോടും ഒരുവിധം പെരുമാറും— സകലരോടും സ്നേഹം— എന്തൊരു മര്യാദ — നേരേമറിച്ച് മിസസ്സ് മോഹനചന്ദ്രനെ നോക്കണം. എന്തൊരഹങ്കാരം— ലോകം മുഴുവൻ കണ്ടിട്ടുണ്ട്, തനിക്കറിഞ്ഞുകൂടാത്ത കലയില്ല, എന്നെല്ലാം പറയും. ഏതായാലും ടെന്നിസ്സിന്ന തോററപ്പോൾ അവരുടെ മുഖംകാണണം."

എഡ്:— "ഒരൊററ സെററെങ്കിലും ജയിക്കാൻ സാധിച്ചോ? രണ്ടുസെററിന്ന് ഒരൊററ പോയിൻററുത്തോ? അവരെ എനിക്കു മുഷിഞ്ഞു."

മിസസ്സ്:— "അതെന്തു?"

എഡ്:— "മനുഷ്യത്വമില്ലാത്ത സ്ത്രീ. ഭർത്താവിനോടുള്ള പെരുമാററം കണ്ടില്ലേ? എത്ര പുച്ഛം— സുഖമില്ലാതെ കിടന്ന ആ മനുഷ്യനെ തിരിഞ്ഞു നോക്കുക പോലുമില്ലല്ലോ."

മിസസ്സ്:— "സുശീലാദേവി വന്ന് അദ്ദേഹത്തിനെ നേഴ്സിങ്ങ് ഹോമിലേക്കു മാററിയില്ലെങ്കിൽ അദ്ദേഹം ഇതിനുമുമ്പ് മരിക്കുമായിരുന്നു. നാളെ അദ്ദേഹം നഴ്സിങ്ങ് ഹോമിൽ നിന്നു പോരും."

എഡ്:— "ആ രാക്ഷസിയുടെ മേൽനോട്ടത്തിലേക്കോ?"

മിസസ്സ്:— "സുശീലാദേവിയുടെ വീട്ടിലേക്കു്. അദ്ദേഹത്തിനു പൂർണ്ണമായ ആരോഗ്യം ലഭിക്കുന്നതുവരെ അവിടെ താമസിക്കും. മിസസ്സ് ചന്ദ്രനും അവിടെചെന്നു താമസിക്കാൻ പറഞ്ഞു. പക്ഷെ, അവൾക്കതു സമ്മതമില്ല."

എഡ്:— "എങ്ങനെ സമ്മതമാകും? കണ്ടവരുടെയെല്ലാം പുറകെ ഓടുന്ന സ്വഭാവമാണവൾക്കു്— എൻജിനീയർ മിസ്റ്റർ സിങ്ങ്, ബാരിസ്റ്റർ ഗോകുലദാസ്, ഡാക്ടർ കമ്മധീരൻ ഇവരുടെ കൂടെയാണു്. ഇവരിൽ രണ്ടുപേർ ബാച്ചിലേഴ്സു (അവിവാഹിതർ) മാണല്ലോ."

മിസസ്സ്:—"ഇതെല്ലാം കാണുമ്പോൾ എനിക്കുതോന്നാറുണ്ടു് അവർ അദ്ദേഹത്തിന്റെ ഭാര്യയല്ലെന്നു്."

എഡ്:— "അതും ഈയിടെ നമുക്കറിയാം. അദ്ദേഹത്തിനെ ആപത്തിൽ ഉപേക്ഷിച്ച സ്ഥിതിക്കു് ഭാര്യയല്ലെങ്കിൽ അദ്ദേഹം ഇനിയും അവരെ കൂടെ താമസിപ്പിക്കുകയില്ല."

മിസസ്സ്:— "ഏതായാലും ഒരു അസാധാരണ സ്ത്രീ തന്നെ. ഭർത്താവായാലും അല്ലെങ്കിലും ആ മനുഷ്യനെ അവൾക്കു സ്നേഹമില്ല. അങ്ങുമിങ്ങും പറന്നു നടക്കുന്ന വണ്ടുകളുടെ സ്വഭാവമാണു് കാണുന്നതു്. അവരല്ലെ ആ വരുന്നതു്— അതെ, അതെ."

മിസസ്സ് എഡ്വർഡ്സ് എഴുന്നേററു ചെന്നു മനോരമയെ സ്വീകരിച്ചു.

മിസ്സസ്സ് എഡ്:—"Husbandന്നു (ഭർത്താവിന്നു) എങ്ങിനെ ഇരിക്കുന്നു?"

മനോ:— "സുഖമുണ്ട്. ഇന്നലെയും ഇന്നും ഞാൻ കണ്ടില്ല."

എഡ്:— "അതു കൊള്ളാം. നല്ല അന്വേഷണം തന്നെ!"

മനോ:— "ഹെയ് പറയത്തക്ക സുഖക്കേടൊന്നുമില്ല. all pretensions" (എല്ലാം ഭാവന)

മിസ്സസ്സ് എഡ്:—"അതല്ലെന്നു തീർച്ച. നഴ്സിങ്ങ് ഹോമിൽ കൊണ്ടുപോയ ദിവസം പനി 104 ഓളം ഉണ്ടായിരുന്നല്ലൊ?"

എഡ്:— "സുശീലാദേവിയുടെ സഹായം ഇല്ലാതിരുന്നെങ്കിൽ അദ്ദേഹം വെള്ളംകുടിക്കാതെ കിടന്നു മരിക്കുമായിരുന്നു. ഞാൻ ഹൃദയം തുറന്നു പറയുന്നതു കൊണ്ട് മുഷിയരുതു്. നിങ്ങളുടെ ഭർത്താവല്ല കേവലം ഒരു ഭൃത്യനാണെങ്കിൽ തന്നെയും നിങ്ങളോടു കൂടിവന്നു താമസിച്ചിരുന്ന സ്ഥിതിക്ക് അദ്ദേഹത്തിൻെറ രക്ഷയ്ക്കു വേണ്ടതു് ചെയ്യേണ്ടതു് നിങ്ങളുടെ ധർമ്മമാണ്. സുശീലാദേവിയുടെ ആ സഹോദരി എത്രദിവസം ഉറക്കവും ഊണും ഉപേക്ഷിച്ചു ശുശ്രൂഷിച്ചു? അവരുടെ സഹായം അദ്ദേഹത്തിനു വളരെ പ്രയോജനപ്പെട്ടു."

മനോ:— എന്നോട് Consult ചെയ്യാതെ (ആലോചിക്കാതെ) അവർ അദ്ദേഹത്തിനെ ഹാസ്പിററലിലേക്കു റിമൂവ് ചെയ്തതു് (മാററിയതു) ഉചിതമാണോ?"

എഡ്:— "നിശ്ചയമായും ഉചിതമായി. വെള്ളം കുടിക്കാതെ നാക്കുണങ്ങി കിടക്കുമ്പോഴാണ് ആദ്യമായി അവർ കണ്ടതു് — നല്ല പനി — ടൈഫോയിഡെന്നും കണ്ടു. നിങ്ങൾ സക്കീട്ടായിരുന്നു. അവരുടെ വീട്ടിൽ നിന്നാണ് വെള്ളം കൊണ്ടുവരുവിച്ചു കൊടുത്തതു് അദ്ദേഹത്തിനു നാക്കെടുക്കാറായപ്പോൾ ആദ്യം പറഞ്ഞതു തന്നെ ഏതെങ്കിലും ഒരാശുപത്രിയിൽ ആക്കണമെന്നാണ്. ഒരു ഗവർമ്മെണ്ടു് ആശുപത്രിയിലേക്കല്ല, ഡൽഹിയിലുള്ള ഏററവും നല്ല നഴ്സിങ്ങ് ഹോമിലേക്കാണു മാററിയതും."

മിസസ്സ്:— "അതു തന്നെയും നിങ്ങളോടു ചോദിച്ചു സമ്മതം വാങ്ങിയശേഷമായിരുന്നല്ലോ. 'രോഗികളെ ശുശ്രൂഷിക്കാനും അവരുടെ ഹിതം നോക്കാനും എന്നെക്കൊണ്ടു സാധ്യമല്ലെ'ന്നാണ് നിങ്ങൾ പറഞ്ഞതു്. ആ സ്ഥിതിക്കു മനുഷ്യത്വമുള്ളവർ എന്തു ചെയ്യണം?"

എഡ്:— "ഒരു കാര്യം ആലോചിക്കണം. നഴ്സിങ്ങ്ഹോമിലേക്കു മാററിയതുമുതൽ ഇതുവരെ അവർക്കു് എന്തുമാത്രം പണം ചെലവായിട്ടുണ്ടു്! ഈ പണം തിരികെ കിട്ടുമെന്ന് അവർ സ്വപ്നം കാണുന്നുപോ

ല്യമില്ല. പിന്നെ അദ്ദേഹത്തിനെക്കൊണ്ടു് എന്തെങ്കിലും കാൎയ്യം സാധിക്കുമെന്നു വിചാരിക്കുന്നോ?"

മ്നോഃ-"They may have some selfishmotive." (അവൎക്കെന്തെങ്കിലും സ്വാൎത്ഥോദ്ദേശം കാണും.)

എഡ്ഃ— "അവനവൻെറ മനോഭാവംകൊണ്ടു് മററുള്ളവരെ അളക്കുന്നതു കഷ്ടമാണു്."

തൻെറ ഭൎത്താവിൻെറ സംഭാഷണം മനോരമയ്ക്കു രസിക്കുന്നില്ലെന്നു മിസസ്സു് എഡ്വേർഡ്സിനു മനസ്സിലായി. തന്മൂലം സംഭാഷണവിഷയം മാററാൻ അവർ തുനിഞ്ഞു.

## അദ്ധ്യായം പതിനാറു്.

"അവൾ ആരു്? സുശീലാദേവിയുടെ സഹോദരിയോ? മുഖം ഇതുവരെ ഞാൻ നേരെകണ്ടിട്ടില്ല. ഒരു ദിവസം മാത്രം മുഖത്തുനിന്നു് മുണ്ടു് അല്പംമാററിനോക്കുന്നതുകണ്ടു. ആ കണ്ണുകളുടെ വശ്യത— എന്തൊരുനിറം— സ്ത്രീകൾക്കു് ഇങ്ങനെയും സൌന്ദൎയ്യം ഉണ്ടാകുമോ? സുശീലാദേവി രോഗശുശ്രൂഷാകാൎയ്യത്തിൽ അത്രതന്നെ ശ്രദ്ധിക്കാറില്ല..............എനിക്കു തോന്നുന്നു എൻെറ രോഗം ഭേദമാകേണ്ടായിരുന്നെന്നു്. ഭേദമാകുന്തോറും അവൾ അകലുന്നു— മുമ്പൊക്കെ എത്ര പ്രാവശ്യം അവളുടെ സ്പൎശനസുഖം അനുഭവിക്കാ

മായിരുന്നു...................... ... കഷ്ടം! എൻെറ ദുർമ്മോഹങ്ങളുടെ ഫലമായി എത്ര ദുരിതം ഞാൻ അനുഭവിച്ചു. എന്നിട്ടും ഒരന്യസ്ത്രീയുടെ സൌന്ദര്യത്തിൽ ഞാൻ ഭ്രമിക്കുന്നല്ലോ....... മനോരമ! ഈശ്വരാ ആ രാക്ഷസിക്ക് ഇത്ര നല്ല ഒരു പേരു കൊടുത്തവർ നശിക്കട്ടെ! ഒരു നിമിഷമെങ്കിലും അവൾ എനിക്കു മനോരമയായിരുന്നോ? എത്ര സ്വാർത്ഥം നിറഞ്ഞ ഒരു സ്ത്രീ! മര്യാദയോ, സ്നേഹമോ കണികാണ്മാനില്ലാത്ത രാക്ഷസി— കൽക്കത്തായിൽനിന്നു തിരിക്കുന്നതുവരെ അവൾ എങ്ങിനെയെല്ലാം മയക്കി ഇവിടെവന്നു നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ മട്ടുമാറി-പുതിയ പരിചയക്കാരുമായിട്ടായി വേഴ്ച, എൻെറ സ്നേഹിതൻ മുക്കർജി ഉപദേശിച്ചു അവളുടെ വലയിൽ അകപ്പെടരുതെന്നു്. പലരെയും അവൾ വഴിയാധാരമാക്കിയിട്ടുണ്ടെന്നും പറഞ്ഞു. അതൊന്നും ഞാൻ ഗണ്യമാക്കിയല്ല. അവളുടെ ബാഹ്യമോടി കണ്ടു ഭ്രമിച്ചു. അവളുടെ ഹിതത്തിനൊത്തു തുള്ളി. ഒരു കുടുംബത്തിന് ആയുഷ്കാലം സുഖമായി കഴിയാൻ വേണ്ട മുതൽ രണ്ടു മൂന്നു മാസംകൊണ്ടു തുലച്ചു......... എൻെറ കുസുമം!! അവളുടെ സൌന്ദര്യം എത്ര നൈസർഗ്ഗികം! അവളുടെസ്വഭാവമാധുര്യം! സ്നേഹം! ലോകത്തു് ഏതൊരു സ്ത്രീക്കുണ്ടു് ഇത്ര ഗുണങ്ങൾ! കഷ്ടം! അവളെ ഞാൻ എത്ര സങ്കടപ്പെടുത്തി! അതിൻെറ ഫലമാണു് ഈ നാശമെല്ലാം. അവളെക്കണ്ടു മാപ്പുചോദിച്ചാൽ, അവളെ പ്രീതിപ്പെടുത്തിയാൽ ഈ ദുരിതം നീങ്ങും-- അ

വരം ലക്ഷ്മിയെപ്പോലെ ഐശ്വര്യവതിയാണു്; സരസ്വതിയെപ്പോലെ വിദുഷിയാണു്; അരുന്ധതിയെപ്പോലെ പതിവ്രതയാണു്; ശീലാവതിയെപ്പോലെ സ്വഭാവഗുണമുള്ളവളാണു്. അവരം എന്നെ എത്ര ഉപദേശിച്ചിട്ടുണ്ടു് "നാം ഭാരതീയരാണു്, ഭാരതീയരായി ജീവിക്കണം. അനുകരണം എല്ലാത്തിലും പാടില്ല. നല്ല കാര്യങ്ങളിൽ അനുകരിക്കണം, നമ്മുടെ വേഷം നമ്മുടെ നാട്ടിനു യോജിച്ചതാണു്." എന്നെല്ലാം അവരം എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. ഞാൻ ചെവിക്കൊണ്ടില്ല— പാശ്ചാത്യപരിഷ്കാരത്തിൽ ഭ്രമിച്ചു; ആ ഭ്രമമാണു് മനോരമയുമായി എന്നെ അടുപ്പിച്ചതു്; എൻെറ നാശത്തിനു വഴിതെളിച്ചതു്. ഈശ്വരാ! എൻെറ കുസുമത്തിനെ ഒന്നു കണ്ടെങ്കിൽ—അവരം എൻെറ തെററുകരം ക്ഷമിക്കും. പണ്ടെപ്പോലെ എന്നെ സ്നേഹിക്കും. അത്ര സ്വഭാവഗുണം അവരംക്കുണ്ടു്."

ഏവംവിധങ്ങളായ ചിന്തകളിൽ മുഴുകി മോഹനചന്ദ്രൻ കുറെ നേരം കഴിച്ചുകൂട്ടി. ആരുടെയോ കാൽപെരുമാററം കേട്ടാണു് അയാരം ചിന്തയിൽനിന്നു വിമുക്തനായതു്.

"ഇന്നെങ്ങനെ ഇരിക്കുന്നു?" കുസുമം ചോദിച്ചു.

"ഈശ്വരകാരുണ്യത്താലും, നിങ്ങളുടെയും ജ്യേഷ്ഠത്തിയുടെയും, രാപ്പകലുള്ള ശുശ്രൂഷയാലും, ഞാൻ മൃത്യുവക്ത്റത്തിൽനിന്നും രക്ഷപ്പെട്ടു. എൻെറ ആരോഗ്യം ഒട്ടുമുക്കാലും വീണ്ടുകിട്ടി. ഇനിയും എനിക്കു കൽക്കത്തായ്ക്കുമടങ്ങണം."

സുശീ:— "അതിനുതക്ക ആരോഗ്യം കിട്ടിയിട്ടില്ല. കുറഞ്ഞതു രണ്ടാഴ്ചകൂടി വേണം. അങ്ങയ്ക്കു സ്വന്തം വീട്ടിൽ ഉള്ള സ്വാതന്ത്ര്യം ഇവിടെയും ഉണ്ടു്. എന്താണ് ആവശ്യമെന്നു പറയാൻ മടിക്കരുതു്."

മോഹ:—"ഞാൻ പറയാതെതന്നെ എന്റെ സകല ആവശ്യങ്ങളും ഭംഗിയായി നിറവേറുന്നുണ്ടല്ലോ. എന്റെ വീട്ടിലായിരുന്നെങ്കിൽ— മാതാപിതാക്കന്മാരും ഭാര്യയും അടുത്തുതന്നെ ഉണ്ടായിരുന്നെങ്കിൽ-എനിക്കു് ഇത്ര സ്നേഹപൂർണ്ണമായ ശുശ്രൂഷ ലഭിക്കുമായിരുന്നില്ല."

സുശീ:— "അങ്ങയുടെ ഭാര്യ ഡൽഹിയിൽതന്നെ ഉണ്ടായിരുന്നല്ലോ"

മോഹ: — "ദ്രോഹി, അവൾ എന്റെഭാര്യയോ? ആ രാക്ഷസിയല്ലേ എന്റെ സർവ്വനാശങ്ങൾക്കും കാരണക്കാരി?"

സുശീ:— "അവർ എന്തെങ്കിലും തെററുചെയ്തിട്ടുണ്ടെങ്കിലും സ്വന്തം ഭാര്യയല്ലേ? എല്ലാം മറന്നുകളയണം."

മോഹ:— "ആ പിശാചു് എന്റെ ഭാര്യയല്ല. അവൾ രാക്ഷസിയാണു്– എന്നെ നശിപ്പിക്കാൻ, എന്റെ ധനവും മാനവും സുഖവും നശിപ്പിക്കാൻ, വന്നുകൂടിയ ദുർഭൂതമാണു്. എന്റെ ജീവനെ രക്ഷിച്ച നിങ്ങളോടു് എന്റെ അപരാധം ഏററു പറഞ്ഞു് എന്റെ മനസ്സു തകർക്കുന്ന ഭാരം കുറേ ലഘൂകരിച്ചെടുക്കട്ടെ. എന്റെ ഭാ

രൂ ഒരു ദേവസ്ത്രീയെപ്പോലെ പരിശുദ്ധയാണു്. സ്നേഹത്തിന്റെ അവതാരമാണു്, സ്ത്രീധർമ്മത്തിന്റെ മൂർത്തീകരണമാണു്."

സുശീ:— "പക്ഷേ, ഒരന്യസ്ത്രീയിൽ അങ്ങയുടെ ദൃഷ്ടി പതിയത്തക്കവണ്ണം ആ ഭാര്യ വിരൂപയായിരിക്കാം."

മോഹ: — "സൌന്ദര്യമോ? അവൾ നിശ്ചയമായും സുന്ദരിയാണു്, ഈശ്വരദത്തമായ സൌന്ദര്യമാണു് അവളുടേതു്. ആഡംബരഭ്രമം അവളെ തീണ്ടിയിട്ടില്ല. അനുകരണഭ്രാന്തു് അവൾക്കില്ല; ഇങ്ങനെ സ്വഭാവസംസ്കാരവും മാധുര്യവും ഉള്ള സ്ത്രീകൾ നമ്മുടെ നാട്ടിൽ കുറയും."

സുശീ:— "പിന്നെന്താണു് അവരെ ഉപേക്ഷിച്ചു് ഈ സ്ത്രീയെയുംകൊണ്ടു തിരിച്ചതു്?"

മോഹ: — "എന്റെ ഭാഗ്യദോഷംകൊണ്ടു്. നശിക്കാനുള്ള കാലമായിരുന്നതുകൊണ്ടു്."

സുശീ:— "ഒരു പക്ഷേ, അങ്ങയുടെ ഭാര്യയ്ക്കു തക്കതായ സ്വഭാവദൂഷ്യം........."

മോഹ:—"അയ്യോ! അങ്ങനെ പറയരുതേ. ഗുണവതിയായ നിങ്ങൾ അവളുടെ സ്വഭാവശുദ്ധിയിൽ ശങ്കിച്ചാൽ പാപംകിട്ടും. അവൾക്കു ജീവിതത്തിൽ ഒരേ ഒരു ആഗ്രഹമേയുള്ളു. ഭർത്താവിനെ സ്നേഹിക്കുക. ശുശ്രൂഷിക്കുക— അവളെപ്പോലെ മനസ്സിലും വചനത്തിലും കർമ്മത്തിലും പരിശുദ്ധയായ ഒരു സ്ത്രീ

ഈ ലോകത്തില്ല. ഞാൻ പറഞ്ഞില്ലേ അവരം ദേവ യാണെന്നു്. അതിശയോക്തിയല്ല അതു്."

കസു:—"ഇതാ ഈ പാൽ കുടിക്കണം, കുറെ നേരമായി സംസാരിക്കുന്നല്ലോ. ഇനിയും അല്പം വിശ്രമിക്കണം."

കസുമം ഒരു ഗ്ളാസ്സിൽ പാൽ പകർന്നുകൊടുത്തു. ഈഘട്ടത്തിൽ അവളുടെ മുഖത്തുനിന്നു് വസ്ത്രം അല്പം നീങ്ങി മോഹനചന്ദ്രൻ അവളെ സൂക്ഷിച്ചുനോക്കി. കസുമം പൊടുന്നനെ മുഖംമറച്ചു.

# അദ്ധ്യായം പതിനേഴ്.

മനോരമയുടെ ഭത്താവു് പലടിക്കുകളിലും അവളെ അന്വേഷിക്കുകയും അന്വേഷിപ്പിക്കുകയും ചെയ്തു. മോഹനചന്ദ്രനോടുകൂടി ഒളിച്ചോടിയതാണെന്നു. കേട്ടപ്പോരം തന്റെ ഭാര്യയുടെ സ്വഭാവദൂഷ്യത്തിൽ ആ സാധുവിനുണ്ടായിരുന്ന ആശങ്ക ദൃഢപ്പെട്ടു. അതോടുകൂടി അന്വേഷണവും മതിയാക്കി.

*　　　*　　　*

"ഭാര്യ അത്ര സ്വഭാവഗുണമുള്ളവരാണെങ്കിൽ അങ്ങയുടെ വേർപാടുകളിൽ എത്രമാത്രം ദുഃഖിക്കും?" സുശീല മോഹനചന്ദ്രനോടു ചോദിച്ചു.

"അവരം കരഞ്ഞു കരഞ്ഞു കഴിയുകയായിരിക്കും. അവളെ ആശ്വസിപ്പാൻ ആരാണു്? കഷ്ടം! ഞാൻ എത്ര പാപിയാണു്! എന്റെ കുസുമത്തിന്റെ ഗുണം ഞാൻ അറിഞ്ഞില്ല. കയ്യിൽ ഇരുന്ന അമൂല്യരത്നം ഉപേക്ഷിച്ചു് തീക്കനൽ കണ്ടുഭ്രമിച്ചു. അതിന്റെ ഫലമാണു് ഞാൻ അനുഭവിച്ച ദുരിതങ്ങളെല്ലാം. കുസുമത്തിന്റെ ഒരുതുള്ളികണ്ണീരിനു് എന്റെ കണ്ണിൽനിന്നു ഒരു പറ പായണം. അവളുടെ ഒരു നിമിഷത്തെ മനഃക്ലേശത്തിനു് ഞാൻ ഒരു ജന്മം ഭയങ്കര ദുരിതം അനുഭവിക്കണം."

സുശീ:— "ആ സാധു സഹോദരി സങ്കടംകൊണ്ടു് രോഗിണിയായിരിക്കും. വീട്ടിൽ നിന്നു പോന്നിട്ടു മൂന്നു മാസത്തിലധികമായില്ലേ? ഒരു പക്ഷേ ഇതിനകം മരി..............."

മോഹനചന്ദ്രൻ "അയ്യോ" എന്നു് അത്യുച്ചത്തിൽ വിളിച്ചു. ഇരുകരങ്ങളും ഉയർത്തി ശിരസ്സിൽ താഡിക്കാൻ മുതിന്നു, എന്നാൽ കുസുമം പെട്ടെന്നു ആ ഉദ്യമത്തിൽ നിന്നും തടഞ്ഞു.

"കുസുമം, കുസുമം, എന്റെ കുസുമം, ഹാ! അവളെവിടെ? നിർദ്ദയനായ ഈ ദ്രോഹിയെ നീ ഉപേക്ഷിച്ചോ?"

അങ്ങുദുഃഖിച്ചു വീണ്ടും രോഗിയാകരുതു്. ഞാൻ ഇന്നുതന്നെ കൽക്കത്തായ്ക്കു് എഴുതാം. അങ്ങയുടെ ഭാര്യയെ ഇങ്ങോട്ടയക്കാൻ."

മോഹ:—"അങ്ങനെ ചെയ്യുമോ? സഹോദരി, നിങ്ങളെ ഈശ്വരനനുഗ്രഹിക്കും. എൻെറ കുസുമത്തിനെ കാണാൻ എൻെറ ഹൃദയം വെമ്പുന്നു. അവളുടെ പാദങ്ങളിൽ എൻെറ ശിരസ്സണച്ചു ഞാൻ കിടക്കും. പശ്ചാത്താപം കൊണ്ടു പാപപരിഹാരം നേടും. എൻെറ ഹൃദയം തകരുന്നു. കുസുമത്തിനേ— എൻെറ കുസുമത്തിനേ എന്നെ ആശ്വസിപ്പാൻ കഴിയൂ."

സുശീ:—"മനോരമ വീണ്ടും വന്നു ചേരുന്നെങ്കിൽ ഈ ഭാവമെല്ലാം മാറുകില്ലേ?"

മോഹ:—"ഇല്ല ഒരിക്കലുമില്ല. ആ പാപിയുടെ— ചണ്ഡാലിയുടെ— മുഖത്തു ഞാൻ ഇനിയും നോക്കുകയില്ല."

"ദ്രോഹീ! നീ എൻെറ കുടുംബസുഖം നശിപ്പിച്ചു. എന്നേയും എൻെറ കുസുമത്തിനേയും തകർത്തു. ഹാ! അനുകരണം, ആഡംബരം— എല്ലാം നശീകരണ വിദ്യകൾ, ഇതൊന്നും എന്നെ ദുഷിപ്പിക്കുകയില്ല. എൻെറ കുസുമത്തിൻെറ കാൽച്ചുവടുകളെ പിൻതുടന്നു ഞാൻ ജീവിക്കും."

മോഹനചന്ദ്രൻ സ്വസ്ഥനായി: കണ്ണുകൾ അടച്ചു. ക്ഷീണം കൊണ്ടുറങ്ങുകയാണെന്നു കരുതി കുസുമവും സുശീലയും മൌനമായി നോക്കിനിന്നു. അങ്ങിനെ ഏതാണ്ടു് അരമണിക്കൂർ കഴിഞ്ഞു.

കുസുമം! "അത്യന്തം പരിഭ്രമിച്ചും ഉറക്കെയും വിളിച്ചു കൊണ്ടു് മോഹനചന്ദ്രൻ പെട്ടെന്നു് എഴു

ന്നോററു അദ്ദേഹം വീണുപോകുമെന്നു ഭയന്നു് കുസുമം താങ്ങി. സുശീലയും അടുത്തുചെന്നു.

"എന്തു്! എന്തിനാണു് ഈ പരിഭ്രമം? സ്വപ്നം കണ്ടോ?" സുശീല ചോദിച്ചു.

"കുസുമത്തിനു സുഖമില്ല. അവളുടെ ആധി വ്യാധിയായി. എന്നെ കണ്ടെ അവൾക്കു സുഖം കിട്ടൂ. എനിക്കു പോകണം, കൽക്കത്തായ്ക്കു പോകണം."

കുസുമം:— "കുസുമത്തിനെ ഇവിടെ വച്ചു കണ്ടാലോ?"

മോഹ:— "നിങ്ങളുടെ ശബ്ദം എന്റെ കുസുമത്തിന്റെ ശബ്ദം പോലെ ഇരിക്കുന്നു. നിങ്ങൾ എനിക്കുവേണ്ടി വളരെ കഷ്ടപ്പെട്ടു. എന്നെ വ്യാധിയിൽ നിന്നു രക്ഷിച്ചു. പക്ഷെ, ആധിയിൽ നിന്നുരക്ഷിക്കാൻ കുസുമത്തിനേ സാധിക്കൂ എനിക്കു് അവളെക്കാണണം."

കുസുമം സുശീലയുടെ അനുമതി ചോദിക്കുകയും സുശീല അനുമതി നൽകുകയും കണ്ണുകൊണ്ടു കഴിച്ചു,

"അവിടത്തെ പാദശുശ്രൂഷയ്ക്കു കടപ്പെട്ട കുസുമം തന്നെയാണു് ഇതു"—

എന്നുപറഞ്ഞു് അവൾ മോഹനചന്ദ്രന്റെ പാദങ്ങളെ ചുംബിച്ചുകൊണ്ടു് കട്ടിലിലേക്കു കുനിഞ്ഞു.

"കുസുമം തന്നെയോ? കുസുമമോ?"

"അതെ; അവിടത്തെ കുസുമംതന്നെ."

കസുമം മുഖത്തുനിന്നും വസ്ത്രംമാററി. അദ്ദേഹം അവളെ ഒന്നുനോക്കി. സുശീല അട്ടത്തമുറിയിലേക്കു പോയി. മോഹനചന്ദ്രൻ എഴുന്നേല്ക്കാൻ തുനിഞ്ഞു. കസുമം അദ്ദേഹത്തിനെ താങ്ങി. ദമ്പതിമാർ പരസ്പരാശ്ലേഷത്തിൽ ലയിച്ചു രണ്ടുപേരുടേയും കണ്ണുകളിൽനിന്നു അശ്രുവർഷിച്ചു. പക്ഷെ, അതു സന്താപാശ്രു അല്ല; ആനന്ദാശ്രുവാണു്.

# അദ്ധ്യായം പതിനെട്ടു്

മനോരമ എവിടെ? എഡ്വേർഡ്സ്സിൻെറയും പത്നിയുടെയും വിമർശനരൂപത്തിലുള്ള പ്രഭാഷണം മനോരമയുടെ ചിന്താശക്തിയെ ഉണർത്തി. അതിനടുത്തുതന്നെ കൽക്കത്തായിൽ നിന്നു് അവളുടെ ഭർത്താവിൻെറ ഒരു കത്തും അവൾക്കു കിട്ടി. ഭാര്യാഭർത്താക്കന്മാർ പരസ്പരം അയക്കുന്ന എഴുത്തുകൾ പ്രസിദ്ധം ചെയ്യുന്നതു വിഹിതമല്ല. എങ്കിലും മനോരമയുടെ ജീവിതത്തിൽ ആരും പ്രതീക്ഷിക്കാത്ത ഒരു പരിവർത്തനം ആ കത്തു് ഉളവാക്കിയതിനാൽ അതു കാണാൻ വായനക്കാക്കു് ജിജ്ഞാസ ഉണ്ടായിരിക്കാം. അതിനാൽ ചുവടെ ഉദ്ധരിക്കുന്നു.

"ശ്രീ മനോരമാദേവിക്കു്,

നിങ്ങൾ നിങ്ങളുടെ തനിസ്വഭാവം സകലക്കും ബോദ്ധ്യമാക്കി എന്നെ അപരാധവിമുക്തനാക്കിയതി

ൽ അതിയായ ചാരിതാത്ഥ്യമുണ്ട്. നിങ്ങൾ എന്നെ സ്നേഹിച്ചില്ലെന്നു മാത്രമല്ല വെറുക്കുകയും ചെയ്തുവന്നതായി എനിക്കു തോന്നിയിരുന്നു. അതുപോലെ, പരിഷ്കാരഭ്രമവും മൃഗീയമായ വികാരതീക്ഷ്ണതയും മൂലം പുതുമധുതേടി നടക്കുന്ന മധുപങ്ങളെപ്പോലെ, ജാതിമതഭേദംപോലും ഇല്ലാതെ, പലരുമായി വിഹരിച്ചുവരുന്നെന്നും എനിക്കറിയാമായിരുന്നു. നിങ്ങളുടെ സ്വഭാവദൂഷ്യങ്ങൾ നാട്ടുകാക്കെല്ലാം ബോദ്ധ്യമായി. ആദിയിൽ രഹസ്യമായും, കുറേക്കഴിഞ്ഞു് പരസ്യമായും അവർ എന്നെ പുച്ഛിക്കാൻ തുടങ്ങി. ഒരു സ്ത്രീ യാതൊന്നിനും ബുദ്ധിമുട്ടില്ലാതെ ഒരു ഭത്താവിനെ വെറുക്കാനും അന്യപുരുഷന്മാരുമായി യഥേഷ്ടം വിഹരിക്കാനും ധൈയ്യപ്പെട്ടാൽ, ആ സ്ത്രീയേയും അവളെ ഭായ്യയായിക്കരുതി സ്നേഹിക്കുകയും അവൾക്കുവേണ്ടി ലുബ്ധില്ലാതെ പണം ചെലവാക്കുകയും ചെയ്യുന്ന ആളിനെയും ലോകം പുച്ഛിക്കുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. കുടുംബസ്ഥിതി, ജാതിമയ്യാദ, മതാചാരങ്ങൾ, സ്ത്രീധമ്മം ഇവയെല്ലാം പരിഷ്കാരത്തിന്റെ പേരിൽ ലംഘിച്ചാണു് നിങ്ങൾ ജീവിക്കുന്നതെന്നു മനസ്സിലാക്കിയിട്ടും, ദുർവ്വിധി ഭായ്യയെന്ന നിലയിൽ എന്റെ തലയിൽ വച്ചുകെട്ടിയ സ്ത്രീയോടുള്ള ധമ്മം ഞാൻ ശരിക്കു പാലിച്ചുവന്നു. യഥേഷ്ടം ജീവിക്കാൻ ഞാൻ അനുവദിച്ചു. പക്ഷേ, അതുകൊണ്ടു തൃപ്തിപ്പെടാതെ നിങ്ങൾ മോഹനചന്ദ്രനോടുകൂടി ഒളിച്ചോടി. അങ്ങനെ എനിക്കും എന്റെ കുടുംബത്തി

നും ശാശ്വതമായ അപമാനം വരുത്തിവച്ചു. അഭിമാനമോ, ധർമ്മബോധമോ ഇല്ലാതെ ജീവിക്കുന്ന ഒരു സ്ത്രീക്ക് സ്വയം അധഃപതിക്കുന്നതിൽ കുണ്ഠിതമില്ല. എന്നിക്കോ?

നിങ്ങൾക്കു പ്രായമായശേഷം എങ്ങനെ ജീവിച്ചു? ഏതെല്ലാം ജാതിയിലും മതത്തിലും പെട്ട എത്ര പേരുമായി സ്വേച്ഛപോലെ വിഹരിച്ചിട്ടുണ്ട്? എത്ര പേരുടെ കുടുംബജീവിതം തകർത്തിട്ടുണ്ട്? എത്രപേരെ നശിപ്പിച്ചിട്ടുണ്ട്? മോഹനചന്ദ്രനോടുകൂടി നാടുവിട്ടു ഡൽഹിയിൽ എത്തിയ ശേഷമെങ്കിലും, മനസ്സിനിണങ്ങിയ ഒരു ഭർത്താവിനെ സ്വയം വരിച്ചശേഷമെങ്കിലും, മാനമായും മര്യാദയായും ജീവിക്കാൻ തയ്യാറായോ? അതിനുശേഷം എത്രപേർ നിങ്ങളുടെ സ്ത്രീത്വം വിററു? ഇതെല്ലാം സ്വയം ആലോചിച്ചു നോക്കുക. തന്നെപ്പോലെ നികൃഷ്ടജീവിതം നയിച്ചിട്ടുള്ള, നയിക്കുന്ന, ഒരു സ്ത്രീകൂടി ലോകത്തുണ്ടോ എന്ന് ആലോചിക്കുക. ഈ പാപഭാരം എങ്ങനെ നീക്കും? എത്രപേരുടെ താപശാപങ്ങൾ ഇതിനകം നേടിയിട്ടുണ്ട്? ഇന്ന് ജീവിക്കാൻ സഹായിക്കുന്ന ആരോഗ്യം ക്ഷയിച്ചാൽ നിങ്ങളുടെ ഗതി എന്തായിരിക്കും? ഒരൊററ ആളെങ്കിലും സഹായത്തിനു കാണുമോ? ചെയ്തിട്ടുള്ള മഹാപാപങ്ങൾക്കു, ലഭിക്കുന്ന ദൈവശിക്ഷ എങ്ങനെ നിങ്ങൾ താങ്ങും?

ഏതായാലും നാം തമ്മിലുള്ള സകല ബന്ധങ്ങളും അവസാനിച്ചിരിക്കുന്നു. എൻെറ ഭാവിജീവിത

മെങ്കിലും സമാധാനത്തോടും സന്തുഷ്ടിയോടുംകൂടി നയിച്ചുകൊള്ളട്ടെ. സ്വയം ആത്മപരിശോധന ചെയ്തു്, പാപഭാരം ലഘൂകരിക്കുന്നതിനു പററിയ ഒരു ജീവിതസരണി കണ്ടുപിടിക്കുന്നതു് ഉചിതമായിരിക്കും. സർവ്വേശ്വരൻ നിങ്ങളുടെ അപരാധങ്ങൾ പൊറുക്കട്ടെ! നിങ്ങൾക്കു് ഇനിയുമെങ്കിലും സൽബുദ്ധി നൽകട്ടെ! ഇതാണു് എൻെറ പ്രാർത്ഥന. ഈ പ്രാർത്ഥന ഒന്നുമാത്രമാണു് ഇനിയും നിങ്ങൾക്കുവേണ്ടി എനിക്കു നിർവ്വഹിക്കുവാൻ കഴിയുന്ന ഏകകൃത്യം.

എന്നു്,

നിങ്ങളുടെ അഭ്യുദയകാംക്ഷി

വിപിനചന്ദ്രൻ"

മനോരമ ഈ എഴുത്തു് ഒരിക്കലല്ല, രണ്ടുപ്രാവശ്യമല്ല, പല പ്രാവശ്യം വായിച്ചു. അതിലെ ഓരോ വാചകത്തെപ്പററിയും അവൾ ആലോചിച്ചു. താൻ നിപതിച്ചിരിക്കുന്ന ആപൽഗർത്തത്തിൻെറ ആഴവും ഭയങ്കരതയും അവൾക്കു കുറെയൊക്കെ മനസ്സിലായി. ആ നിമിഷംവരെയുള്ള തൻെറ ജീവിതത്തെ അവൾ കൂലങ്കഷമായി പരിശോധിച്ചു. നാലഞ്ചുമണിക്കൂർ ഒരേ ഇരുപ്പിൽ ഇരുന്നു് അവൾ ചിന്തിച്ചു. കണ്ണുനീർ അവളുടെ ശരീരവും വസ്ത്രങ്ങളും മാത്രമല്ല, ആ മുറിപോലുംനനച്ചു.

പെട്ടെന്നു് മനോരമയുടെ മുഖം പ്രസന്നമായി. ഒരു ദൃഢനിശ്ചയം അവളുടെ മുഖത്തു് പ്രത്യക്ഷപ്പെട്ടു. വീട്ടിൻെറ പുറത്തേക്കുള്ള വാതലുകൾ എല്ലാം

അടച്ച ശേഷം വിലയേറിയ സാരികഠം, ബെ'ളൗസു കഠം, സുഗന്ധദ്രവ്യങ്ങഠം മുതലായവയെല്ലാം എടുത്തു് അടുക്കളയിൽ കൊണ്ടുപോയി അഗ്നിക്കു കാഴ്ചവെച്ചു. സന്ധ്യയോടുകൂടി അവഠം പുറത്തേക്കുപോയി. ഏഴു മണിക്കുശേഷമാണു് തിരിച്ചുവന്നതു്. മുറിതുറന്നു അകത്തു പ്രവേശിച്ചു് ഒരു കണ്ണാടി എടുത്തു് അതിലേ ക്കു നോക്കി. അവളുടെ ശിരസ്സു മുണ്ഡനം ചെയ്തിരിക്കു ന്നു. സംതൃപ്തി സൂചകമായി അവഠം മന്ദഹസിച്ചു. അന ന്തരം കാവിയിൽ മുക്കിയ ഒരു സാരി എടുത്തുടുത്തു് വീണ്ടും കണ്ണാടിയിൽനോക്കി. "ഓം" എന്നവഠം ഭ ക്തിപൂർവ്വം ഉച്ചരിച്ചു.

നേരം പ്രഭാതമായി, മനോരമ താമസിച്ചിരു ന്നവീട്ടിൻെറ പ്രധാനവാതിൽ തുറന്നു കിടക്കുന്നു അവഠം അകത്തില്ല. അവളെ അന്വേഷിച്ചുചെന്ന വർ അകത്തു കടന്നു നോക്കി. മേശപ്പുറത്തു് ഒരെഴു ത്തു കണ്ടു. അവളുടെ അതുവരെയുള്ള യഥാർത്ഥവും വിശദവുമായ ജീവിതചരിത്രം! ഭാവിയിൽ താൻ എ ന്തു ചെയ്യാൻ ഉദ്ദേശിക്കുന്നെന്നു് അതിൽ സൂചിപ്പി ച്ചിട്ടുപോലുമില്ല. പശ്ചാത്താപവും സൽക്കർമ്മവും കൊണ്ടു് പാപശാന്തി നേടാൻ ഉദ്ദേശിക്കുന്നെന്നു മാ ത്രം എഴുതിയിട്ടുണ്ടു്.

## അദ്ധ്യായം പത്തൊൻപതു്.

കുസുമവും ഭർത്താവും കൽക്കത്തായിൽ തിരിച്ചെ ത്തി. റെയിൽവെ സ്റ്റേഷനിൽ സുധയും ഭർത്താവും,

മോഹനചന്ദ്രൻെറ മാതാപിതാക്കന്മാരും സഹോദരിമാരും സന്നിഹിതരായിരുന്നു. കുസുമവും മോഹനനും മാതാപിതാക്കന്മാരുടെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു. അനന്തരം കുസുമം ഭർത്തൃസഹോദരിമാരെയും സുധയെയും ആശ്ലേഷിച്ചു. അവരും അവളും ഹർഷാശ്രുപൊഴിച്ചു. സുധയുടെ നിർബ്ബന്ധത്താൽ എല്ലാവരും അവളുടെ വീട്ടിലേക്കു തിരിച്ചു. രണ്ടു മൂന്നു ദിവസം അവർ അവിടെ കഴിച്ചുകൂട്ടി.

* * * *

മാസം ആറു കഴിഞ്ഞു മോഹനചന്ദ്രൻെറ ജന്മനാൾ പ്രമാണിച്ച് പല പ്രശസ്താതിഥികളും അദ്ദേഹത്തിൻെറ വീട്ടിൽ സന്നിഹിതരായിട്ടുണ്ട്. രമേശ് ബാബുവും ഭാര്യ വസുമതീദേവിയും സുധയും അവളുടെ ഭർത്താവായ സുരേന്ദ്രനും, വിപിനചന്ദ്രനും സുശീലയും അവളുടെ മാതാപിതാക്കന്മാരും ഭർത്താവും നേരത്തെ തന്നെ എത്തി. കുസുമവും ഭർത്താവും കൂടി അതിഥികളെ യഥായോഗ്യം സ്വീകരിച്ചു. ഭക്ഷണാനന്തരം എല്ലാവരും വീട്ടിൻെറ മുൻവശമുള്ള അതിവിശാലമായ ഹാളിൽ കൂടി. ഏകദേശം രണ്ടുമണിക്കൂർ സുശീല, സുധ, കുസുമം എന്നിവരുടെ സംഗീതം നടന്നു. അതിനുശേഷം എല്ലാവരും സംഭാഷണത്തിൽ ഏർപ്പെട്ടു.

രമേ:—"മനോരമ ഇപ്പോൾ എവിടെയാണു്?"

വിപി:—"കാശിയിൽ ഒരു സന്യാസിമഠത്തിൽ താമസിക്കുന്നു. എനിക്കു സുഖമില്ലാതെ കിടന്നപ്പോൾ

ഒരിക്കൽ വീട്ടിൽ വന്നു് നാലഞ്ചു മണിക്കൂർതാമസിച്ചിട്ടു മടങ്ങി. കൽക്കത്തായിൽ വന്നു് ആതുരശുശ്രൂഷ, അഗതിസംരക്ഷണം മുതലായ സൽക്കർമ്മങ്ങളിൽ ഏർപ്പെട്ടു ജീവിതശേഷം നയിക്കാൻ ഞാൻ ഉപദേശിച്ചു. കുസുമാദേവിയുടെ സ്മാരകമായി ഒരു അനാഥമന്ദിരം പണിയിച്ചു് അതിന്റെനടത്തിപ്പിനുവേണ്ട പണവും കൊടുക്കാമെന്നു ഞാൻ പറഞ്ഞു. കെട്ടിടം പണിയും അതിലെ സജ്ജീകരണവും പൂർത്തിയാക്കിയാൽ ഉടൻവരാമെന്നു പറഞ്ഞാണു് പോയതു്. പണി മിക്കവാറും തീരാറായി. വസുമതീദേവി, സുധാദേവി, കുസുമാദേവി, സുശീലാദേവി, മറെറാരു സ്ത്രീ, മനോരമ എന്നിവരും അവരുടെ പിൽക്കാലം അവർ നിശ്ചയിക്കുന്ന ആറു പേരും അടങ്ങിയ ഒരു കമ്മററിയുടെ ഭരണത്തിൽ മന്ദിരത്തിന്റെ നടത്തിപ്പു വിട്ടുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു."

വസു:— "ഈ വയസ്സുകാലത്തു് എന്നെ ഇതിലെല്ലാം വലിച്ചിടുന്നതെന്തിനു്?"

വിപി:— "ഒരുനല്ലകാര്യത്തിനു് തുനിയുമ്പോൾ തടസ്സം പറയരുതു്. അനാഥമന്ദിരത്തിനും അതിലെ സജ്ജീകരണങ്ങൾക്കും കൂടി ഒന്നരലക്ഷം ചിലവു വരും. അതോടുകൂടി ഒരു തൊഴിൽശാലയും ഏർപ്പെടുത്തണമെന്നു് ഉദ്ദേശിക്കുന്നു. നൂൽനൂൽപ്പു്, നെയ്ത്തു തുടങ്ങിയ ചില കുടിൽവ്യവസായങ്ങൾക്കു വേണ്ട സൌകര്യവും ഉണ്ടായിരിക്കണം."

മോഹ:— "അനുകരണീയമായ തീച്ച്. ബങ്കാളികളുടെയെല്ലാം സഹായസഹകരണവും ഉണ്ടാകും. ഇവിടെ ഇങ്ങിനെ ഒന്നു് അത്യാവശ്യമാണു്. അതിൻെറ നടത്തിപ്പിലേക്കു് അൻപതിനായിരം രൂപാ ഞാൻ വാഗ്ദാനം ചെയ്യുന്നു."

സുകു:— "സുധയുടെ പേരിൽ അത്രയും ഞാനും തരാം."

രമേ:— "വസുമതിയുടെ പേരിൽ ഒരു ലക്ഷം രൂപാ ഞാൻ വാഗ്ദാനം ചെയ്യുന്നു."

സുശീലയുടെ പിതാവു്:-"അത്രയും ഞാനും തരാം."

ടിയുടെ ഭത്താവു്:— "25000ക സുശീലയ്ക്കുവേണ്ടി ഞാൻ തരാം."

വിപി:— "എൻെറ ആഗ്രഹസാദ്ധ്യത്തിൽ നിങ്ങളെല്ലാം സഹായിക്കാൻ തയ്യാറായതിൽ എനിക്കു് അതിയായ ചാരിതാത്ഥ്യമുണ്ടു്. നമുക്കെല്ലാംകൂടി ശ്രമിക്കാം. നമ്മുടെനാട്ടിൽ എത്രസാധുക്കളാണു രോഗം കൊണ്ടും പട്ടിണികൊണ്ടും വലയുന്നതു്! അവരെ രക്ഷിക്കുന്നതിനേക്കാൾ മഹത്തരമായ ധമ്മംഎന്താണുള്ളതു്?............ഇനിയും ഒരു കാര്യംകൂടി- മനോരമയുടെ സ്വഭാവത്തിൽ ഗണ്യമായ മാററം കാണുന്നെങ്കിലും എനിക്കതിൽ വിശ്വാസമില്ല. അതുകൊണ്ടു സകലകാര്യങ്ങളും കുസുമദേവിയും സുധാദേവിയും കൂടി ആലോചിച്ചു തീരുമാനിക്കണം. അവരുടെ തീച്ച് മനോരമ അനുസരിക്കണം.

സുശീ:— "അനാഥമന്ദിരത്തിൻെറ നടത്തിപ്പിന് ചിലരെ നിദ്ദേശിച്ചല്ലൊ. അക്കൂട്ടത്തിൽ മറെറാരാൾ എന്നുപറഞ്ഞത് ആരെ ഉദ്ദേശിച്ചാണ്? ഒരു സംഗതി അറിയാനുള്ള ഉൽക്കണ്ഠകൊണ്ടു ചോദിച്ചെന്നേയുള്ളു."

വിപി:— "ഞാൻ പുനർവിവാഹം ചെയ്യണമെന്നുദ്ദേശിച്ചിരുന്നില്ല. പക്ഷേ, എൻെറ സ്നേഹിതന്മാരും മാതാപിതാക്കന്മാരും മനോരമയും നിർബ്ബന്ധിക്കുന്നു. അതുകൊണ്ട് ഒരു വിവാഹാലോചനയ്ക്കു ഞാൻ വിധേയനായി. കുസുമാദേവിയുടെ ഭർത്താവും എൻെറ സ്നേഹിതനുമായ മിസ്റ്റർ മോഹനചന്ദ്രൻെറ സഹോദരിയെ വിവാഹം ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു."

സുധ:— "അവളെ ഒരു ഐ. സി. എസ് കാരൻ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നെന്നു കേട്ടല്ലൊ."

മോഹ:— "മിസ്റ്റർ ഋഷികേശബാനർജി. പക്ഷേ, വിപിനചന്ദ്രൻജ്യേഷ്ഠൻ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നത് അവളെയല്ല."

വസു:— "മൂത്തവൾ വിധവയല്ലേ?"

മോഹ:— "അതെ. അവളുടെ ഭർത്താവ് ഈയിടെ മരിച്ചുപോയി."

സുധ:— "നമ്മുടെ ഇടയിൽ വിധവാവിവാഹം നടപ്പാക്കാനുള്ള ഈ ശ്രമത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ശൈശവവിവാഹം അരുതെ

ന്നും വിധവാവിവാഹം നടപ്പാക്കണമെന്നും പ്രസംഗിക്കുന്നവർ ധാരാളം ഉണ്ടെങ്കിലും ആരും പ്രവൎത്തിച്ചു കാണിക്കാറില്ല."

കുസുമം:— "വിപിനൻചേട്ടൻെറ ഉദ്യമങ്ങൾക്കു ഞാൻ വിജയം ആശംസിക്കുന്നു. പക്ഷേ, സ്ഥാപനത്തിനു് എൻെറ പേരുനൽകണമെന്നു തീൎച്ചയാക്കിയതു തീരെ ഉചിതമായില്ല. നമ്മുടെ മാതൃഭൂമിയിൽ എത്രയോ മഹതികൾ ഉണ്ടു്. അവരിൽ ഒരുപേരു നൽകണം."

രമേ:— "വിപിനചന്ദ്രൻെറ തീൎച്ച വളരെ ഉചിതമായിട്ടുണ്ടു്. ഭൎത്തൃസ്നേഹത്തിനു കുസുമം ഉത്തമമാതൃകയാണു്. മോഹനചന്ദ്രനുവേണ്ടി അവൾ എന്തെല്ലാം കഷ്ടതകൾ അനുഭവിച്ചു! കുസുമത്തിൻെറ പേരിൽ ഒരു ധൎമ്മസ്ഥാപനം ഏൎപ്പെടുത്തണമെന്നും മനോരമ അതിൻെറ നടത്തിപ്പുകാരിയായിരിക്കണമെന്നും വിപിനൻ തീൎച്ചയാക്കിയതു വളരെ ഉചിതമായി. ഈശ്വരനെപ്പോലും സന്തോഷിപ്പിക്കുന്ന ഒരു തീൎച്ചയാണതു്. ഒരിക്കലും ഭേദപ്പെടുത്തിക്കൂടാ."

സുധയും വസുമതിയും സുശീലയും ഉൾപ്പെടെ സദസ്യരെല്ലാം ഹസ്തതാഡനം മൂലം തങ്ങളുടെ അനുകൂലാഭിപ്രായം വ്യക്തമാക്കി.

കുസുമം കൃതജ്ഞതമൂലം തലതാഴ്ത്തി.

കുസു:— "നിങ്ങളുടെഅഭിനന്ദനംഅനുഗ്രഹമായി ഞാൻ കരുതുന്നു. നിങ്ങളുടെയെല്ലാം വാത്സല്യത്തി

ന്ന പാത്രീഭവിച്ചതു് എൻെറ പരമഭാഗ്യമാണു്. ആ വാത്സല്യത്തിന്നു് എന്നും അർഹയായിരിക്കാൻ ഞാൻ ആത്മാൎത്ഥം പ്രയത്നിക്കാമെന്നു പ്രതിജ്ഞചെയ്യുന്നു. എൻെറ ഭൎത്താവിൻെറ ശുശ്രൂഷകൾക്കു വേണ്ട സമയം കഴിച്ചു ബാക്കി മുഴുവൻ സമുദായസേവനത്തിന്നു ഞാൻ വിനിയോഗിച്ചു കൊള്ളാം."

സുധ:— "അനുജത്തി പറഞ്ഞതു് എനിക്കു വേണ്ടിയും കൂടിയാണു്. ഞങ്ങൾക്കു രണ്ടു ശരീരമുണ്ടെങ്കിലും ഞങ്ങളുടെ ആത്മാക്കൾ പരിപൂൎണ്ണമായി ഐക്യം പ്രാപിച്ചിരിക്കുന്നു."

സുശീ:— "എന്നെ ഒഴിവാക്കിയതു തീരെ നന്നായില്ല. ഇദ്ദേഹത്തിനെ (ഭൎത്താവിനെ) കൽക്കത്തായ്ക്കു സ്ഥലം മാററിയിരിക്കുന്നതു കൊണ്ടു് എൻെറ പ്രിയപ്പെട്ട അനുജത്തിമാരോടൊപ്പം പ്രവൎത്തിക്കാൻ ഈശ്വരൻ എനിക്കും സൌകൎയ്യം നൽകിയിരിക്കുന്നു."

വസു:—"എനിക്കു പ്രായമായി— ഇത്തരം നല്ല കാൎയ്യങ്ങളിൽ ഏൎപ്പെടാൻ സന്തോഷമുണ്ടെങ്കിലും എൻെറ പ്രായം നിങ്ങൾ ഓൎമ്മിക്കണം. പക്ഷെ, ഒരാശ്വാസമുണ്ടു്. ഞാൻചെയ്യേണ്ട കൃത്യങ്ങൾ കൂടി എൻെറ മക്കൾ ചെയ്തുകൊള്ളും. കുസുമവും, സുധയും, സുശീലയും മോഹനൻെറ സഹോദരിമാരും എൻെറ കുട്ടികളാണു്. അവരെല്ലാം എനിക്കൊരുപോലെയാണു്. എൻെറ കുസുമത്തിനെ നിങ്ങളെല്ലാം വാത്സല്യിക്കുന്നതിൽ കവിഞ്ഞു് ഒരുഭാഗ്യം എനിക്കു് ഉണ്ടാവാനില്ല."

കുസുമം വസുമതീദേവിയുടെ പാദങ്ങളിൽ പ്രണമിച്ചു. ആ മഹതി അവളെ പിടിച്ചെഴുന്നേൽപ്പിച്ചു. വാത്സല്യപൂർവ്വം ആശ്ലേഷിച്ചു. രണ്ടുപേരും ആനന്ദബാഷ്പം ചൊരിഞ്ഞു.

കുസു:—"അമ്മേ; അവിടത്തെ കാരുണ്യാമൃതമാണു് എന്നെ വളർത്തിയതു്; വളർത്തുന്നതു്. അവിടത്തെ അനുഗ്രഹമാണു് എന്നെ സകല ആപത്തുകളിൽ നിന്നും രക്ഷിച്ചതു്. അമ്മയുടെ ഈ വാത്സല്യവും അനുഗ്രഹവും എന്നും ഉണ്ടായിരിക്കണമെന്നു മാത്രമാണു് എൻെറ പ്രാർത്ഥന."

വസു:—"മകളെ, അതു നീ പറയണോ? എൻെറ മകളെ സർവ്വേശ്വരൻ എപ്പോഴും അനുഗ്രഹിക്കും. ഭാരതീയവനിതകൾക്കു് ഉത്തമമാതൃകയായി, ഭർത്താവിൻെറ സ്നേഹവിശ്വാസങ്ങൾക്കു പാത്രീഭൂതയായി, സകല സജ്ജനസമ്മാന്യയായി, ആരോഗ്യവതിയായി, സർവൈശ്വര്യങ്ങളോടുകൂടി വളരെക്കാലം വിജയിക്കുക!"

# അദ്ധ്യായം ഇരുപതു്

സുശീലാദേവിയുടെ പിതാവിനു സുഖമില്ലെന്നറിവുകിട്ടുകയാൽ മോഹനചന്ദ്രനും കുസുമവും ഡൽഹിയിലേക്കു് തിരിച്ചു.

കുസുമം:—"അച്ഛൻ എവിടെ?"

സുശീല:— "അച്ഛൻ ആഫീസിൽ പോയിരിക്കുന്നു."

കുസു:— "അദ്ദേഹത്തിനു സുഖമില്ലെന്നു ചേച്ചിയുടെ എഴുത്തിൽ കണ്ടുവല്ലൊ. അതുകൊണ്ടല്ലേ ഞങ്ങൾ ബദ്ധപ്പെട്ടു പുറപ്പെട്ടതു്?"

സുശീ:— "ഓഹോ, അതാണോ കാര്യം? അച്ഛനു രണ്ടുദിവസം ഒരു ചെറിയ പനി ഉണ്ടായിരുന്നു. അതു ഭേദമായി, ആഫീസിലും പോകുന്നു. ഏതായാലും വന്നതു നന്നായി."

കുസു:— "എന്നാൽ ഞങ്ങൾ അടുത്തവണ്ടിക്കു മടങ്ങിപ്പോകുന്നു."

സുശീ:— "നടപ്പുള്ള കാര്യം തന്നെ. ഇനിയും ഇവിടെനിന്നു പോകുന്നതു് കുറഞ്ഞതു ഒരാഴ്ചയെങ്കിലും കഴിഞ്ഞു്. ഞായറാഴ്ച വസുവിന്റെ (സുശീലയുടെ പുത്രി വസുന്ധരയുടെ) ജന്മനാളാണ്—അതിരിക്കട്ടെ. —വിപിനചന്ദ്രബാബുവിന്റെ ഉദ്യമങ്ങളെന്തായി?"

മോഹനചന്ദ്രൻ:— "അതിപ്പോൾ വമ്പിച്ച തോതിലായല്ലൊ. കൽക്കത്തായിൽനിന്നു എല്ലാംകൂടി പത്തു ലക്ഷത്തിലധികം സംഭാവന ലഭിച്ചു കഴിഞ്ഞു. അദ്ദേഹം അഞ്ചുലക്ഷം ചെലവാക്കാൻ നിശ്ചയിച്ചിട്ടുണ്ടു്. ഇപ്പോൾ അനാഥമന്ദിരം, തൊഴിൽശാല, ചെറിയതരത്തിൽ ഒരു നഴ്സിംഗ്ഹോം, പ്രാർത്ഥനാലയം ഇത്രയും പണിതീർന്നു. ഓരോന്നിനും വേണ്ട സജ്ജീകരണങ്ങളും പൂർത്തിയായി. തൊഴിൽശാലയിൽ

അൻപതു ചക്കെകളും നെയ്ത്തിനു നാലുതറികളും ശരിയായിട്ടുണ്ട്. അനാഥമന്ദിരത്തിൽ നൂറുപേക്കു പാക്കാൻ വേണ്ട സൗകര്യങ്ങളും ചെയ്തിരിക്കുന്നു. നഴ്സിങ് ഹോമിലേക്കു വേണ്ട ഔഷധങ്ങളും ഉപകരണങ്ങളും വന്നുചേന്നു. രണ്ടു ലേഡിഡാക്ടറന്മാർ ആണററിയായി ജോലിചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട്."

സുശീ:— "മനോരമാദേവിയെ കുറേദിവസങ്ങളായി ബനാറീസിലെങ്ങും കാണാനില്ലത്രെ. ഭയന്നു പുറത്തിറങ്ങാതെ കഴിച്ചുകൂട്ടുകയായിരിക്കും. ആളുകൾ അവരെ വല്ലാതെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഏങ്ങോട്ടു തിരിഞ്ഞാലും അസഭ്യവർഷം തന്നെ. അവരുടെ ജീവിതക്രമം മുഴുവൻ ആ നാട്ടുകാർ എങ്ങനെ മനസ്സിലാക്കിയോ? അവരുടെ സ്വഭാവദൂഷ്യം മറയ്ക്കാനാണത്രെ കാവി ഉടുത്തിരിക്കുന്നതു്. ആകപ്പാടെ ആ സാധു വല്ലാതെ വിഷമിക്കുകയായിരുന്നു. (മോഹനചന്ദ്രനോടു്) ഒന്നു പോയി അവരെ ആശ്വസിപ്പിക്കേണ്ടെ?"

കുസുമം പൊട്ടിച്ചിരിച്ചു.

മോഹ:— "ഒരിക്കൽ ഭ്രാന്തു പിടിച്ചു ഞാൻ ചില ഗോഷ്ടികൾ കാണിച്ചു. അതിനു തക്ക ശിക്ഷയും കിട്ടി. ഇനിയും എന്തിനാണു് എന്നെ കളിയാക്കുന്നതു്?"

സുശീ:— "നമുക്കു് ഇന്നു വൈകിട്ടു് ബനാറീസിലേക്കു പോകാമോ? ഞങ്ങൾ നേരത്തെ അങ്ങനെ ഒരു പ്രോഗ്രാം നിശ്ചയിച്ചു പോയി."

മോഹ:—"അതിനെന്തു്? നമുക്ക പോകാമല്ലോ."

അന്നു വൈകിട്ടു സുശീലയും അവളുടെ ഭത്താവും മാതാപിതാക്കന്മാരും കുസുമവും മോഹനചന്ദ്രനും കൂടി ബനാറീസിലേക്ക പുറപ്പെട്ടു. സുശീലയുടെ പിതാവിൻെറ ഒരുസ്നേഹിതൻ വളരെ മുമ്പുതന്നെ ക്ഷണിച്ചിരുന്നതനുസരിച്ചാണ് ഇങ്ങനെ ഒരു യാത്ര നിശ്ചയിച്ചതു്.

* * * *

കുസുമവും മററും ബനാറീസിൽ എത്തിയതിൻെറ പിറേറദ്ദിവസം വൈകിട്ടു അവരുടെ ആതിഥേയൻ അവരോടു കൂടി ഗംഗാനദിയിൽ ഒരു വിനോദയാത്രയ്ക്കു പുറപ്പെട്ടു. അവർ അല്പദൂരം ഒരു ബോട്ടിൽ സോല്ലാസം സഞ്ചരിച്ചു. പെട്ടെന്നു ബോട്ടിനു സമീപം എന്തോ ശക്തിയോടു കൂടി നദിയിൽ വീണ ശബ്ദംകേട്ടു. സകലരും ഉററുനോക്കി. "ഒരാൾ! ഒരാൾ!!" കുസുമം വിളിച്ചു പറഞ്ഞു. "സ്ത്രീയാണ്, വെള്ളത്തിനു മീതെ സാരിപൊങ്ങിക്കാണുന്നു." സുശീലപറഞ്ഞു.

ഉത്തരതത്ക്ഷണത്തിൽ മോഹനൻ നദിയിലേക്ക് ചാടി. തൻെറ ശക്തിമുഴുവൻ വിനിയോഗിച്ച് അയാൾ അതിവേഗം നീന്തി. അല്പനേരത്തെ പ്രയത്നത്തിനുശേഷം ഒരാളിനേയും പിടിച്ചു കൊണ്ടു് ബോട്ടിനെ ലക്ഷ്യമാക്കി അയാൾ നീന്തിത്തുടങ്ങി. ബോട്ട് അയാളെ സമീപിച്ചു. മോഹനനും സുശീലയുടെ ഭത്താവും കൂടി ആ ആളിനെ ബോട്ടിനുള്ളിലാക്കി വേണ്ട പ്രഥമ ശുശ്രൂഷകൾ ചെയ്തു.

കുസു:— "അയ്യോ! ഇതു മനോരമാദേവിയല്ലെ?" സകലരും സൂക്ഷിച്ചുനോക്കി.

"അതെ, അവർതന്നെ. നമുക്കു കഴിയുന്നതും വേഗത്തിൽ ഇവരെ ആശുപത്രിയിലേക്കു് കൊണ്ടുപോകണം."

ബോട്ടടുപ്പിച്ചു് സകലരും കരയ്ക്കിറങ്ങി. മനോരമയെ കാറിൽ എടുത്തുകിടത്തി, സുശീലയും അവളുടെ പിതാവും കുസുമവും കൂടി ആശുപത്രിയിലേക്കു് കൊണ്ടുപോയി. ബാക്കിയുള്ളവർ മറ്റൊരു കാറിൽ പിന്നാലെ തിരിച്ചു.

ആശുപത്രിയിലെത്തി മൂന്നു മണിക്കൂറിലധികം കഴിഞ്ഞശേഷമാണു് മനോരമയ്ക്കു നല്ല ചൈതന്യമുണ്ടായതു്. അവൾ കണ്ണുതുറന്നു ചുററും നില്ക്കുന്നവരെ ഒന്നുനോക്കി. മോഹനചന്ദ്രനേയും കുസുമത്തിനേയും പലപ്രാവശ്യം മാറിമാറിനോക്കി. അനന്തരം രണ്ടുകയ്യും ഉയർത്തി രണ്ടുപേരേയും വന്ദിച്ചു.

"എ........എൻെറ........അ.......അപരാധം....പൊ........പൊറുക്കണം. മാപ്പുതരണം..."

കുസുമം:— "ചേച്ചി, കഴിഞ്ഞ കാര്യങ്ങൾ ഒന്നും പറഞ്ഞും ശരീരവും മനസ്സും ക്ഷീണിപ്പിക്കരുതു്."

മനോ:— "പ്രിയപ്പെട്ട അനുജത്തീ, എൻെറ സകല ആശകളും നശിച്ചു. എനിക്കിനിയും മരിച്ചാൽമതി."

കുസു:— ഇങ്ങനെ ഒന്നും പറയരുതു്. രണ്ടുദിവസം കഴിഞ്ഞു നമുക്കൊരുമിച്ചു കൽക്കത്തായ്ക്കു പോകാം.

അവിടെ അനാഥമന്ദിരവും മററും പൂർത്തിയാക്കി. അടുത്തമാസം അഞ്ചാം തിയതി ഉൽഘാടനം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു അതുവരെ ചേച്ചി എൻെറ കൂടെയോ സുധച്ചേച്ചിയുടെ കൂടെയോ താമസിക്കണം. അതിനുശേഷം മന്ദിരത്തിൻെറനടത്തിപ്പിൽ ഏർപ്പെട്ടു സന്തോഷമായി കഴിയണം. കഴിഞ്ഞകാര്യങ്ങളെല്ലാം മറക്കണം. ചേച്ചിക്കു് ദുഃഖഹേതുകമായി എന്തെങ്കിലും ഉണ്ടെങ്കിൽ അങ്ങനെ അതു പരിഹരിക്കണം."

മനോ:—"എന്നാണദ്ദേഹവും പറഞ്ഞതു് ഞങ്ങൾ തമ്മിലുള്ള ലൌകികബന്ധം അവസാനിച്ചെങ്കിലും എൻെറ കഴുത്തിൽ താലികെട്ടിയ ആളല്ലേ? ആത്മീയബന്ധം നീങ്ങുമോ? അതുകൊണ്ടു് അദ്ദേഹത്തിൻെറയും നിൻെറയും, ഹിതം അനുസരിക്കാം."

കുസു:—"ചേച്ചി എങ്ങനെയാണു് നദിയിൽ വീണതു്?"

മനോ;—"വീണതല്ല, ഞാൻ ചാടുകയാണു് ചെയ്തതു്."

കുസു:—"എന്തിനു്?"

മനോ:— "മരിക്കാൻ; ഞാൻ എൻെറ പഴയ ജീവിതരീതി പാടേ ഉപേക്ഷിച്ചു് സംതൃപ്തയായി, സദവൃത്തയായി, ഈശ്വരധ്യാനവും സൽക്കർമ്മങ്ങളും അനുഷ്ഠിച്ചു് ജീവിച്ചുതുടങ്ങിയിട്ടും ആളുകൾ എന്നെ പരസ്യമായി ദുഷിക്കുന്നു. അതു കേട്ടു കേട്ടു സഹിക്കവയ്യാതായി. എന്തെല്ലാമാണു് കൊച്ചുകുട്ടികൾപോലും വിളിച്ചുപറയുന്നതു്! എനിക്കു പരിചയംമാത്രമുള്ള

പുരുഷന്മാരുടെ പേരുകൾപോലും അവർക്കുനല്ല നിശ്ചയം!"

കുസു:- "ഇവിടെനിന്നു പോയാൽ ഉപദ്രവമില്ല ല്ലോ. കൽക്കത്തായിൽ ആരും ചേച്ചിയെ ദുഷിക്കുക യില്ല."

മനോരമ വീണ്ടും കണ്ണുകൾ അടച്ചു, കൈകൾ കൂപ്പി, "ജഗദീശ്വരാ, എൻെറ അനുജത്തിക്കു് സർവൈ്വശ്വര്യങ്ങളും നൽകി അവളെ അനുഗ്രഹിക്കണമേ!" അവൾ പ്രാർത്ഥിച്ചു.

# അദ്ധ്യായം ഇരുപത്തൊന്നു്

മനോരമയുടെ ക്ഷീണം നിശ്ശേഷം നീങ്ങി. അവൾ സുശീലയുടെ വീട്ടിലാണു് താമസം.

കുസു:—" ചേച്ചി, എന്താണൊന്നും പറയാത്തതു്? ഇന്നു വൈകിട്ടു പുറപ്പെടാമോ?"

മനോ:— "കുസുമം, നിൻെറ ഹിതം ഞാൻ എങ്ങനെ അനാദരിക്കും? പോകാമെന്നു ഞാൻ സമ്മതിക്കുന്നു."

അന്നു വൈകിട്ടു് മനോരമയും കുസുമവും മോഹനചന്ദ്രനും കൽക്കത്തായിലേക്കു പുറപ്പെട്ടു. മോഹനനു് മനോരമയോടുകൂടി യാത്രചെയ്യാൻ തീരെ ഇഷ്ടമില്ലായിരുന്നു. താൻ നേരത്തെ പോയി കൽക്കത്താ സ്റ്റേഷനിൽ കാത്തുനിൽക്കാമെന്നയാൾ വാദിച്ചു. എന്നാൽ കുസുമം സമ്മതിച്ചില്ല.

"മനുഷ്യത്വരത്തോടുകൂടി പെരുമാറണം. അവൾ തെററു ചെയ്തതിനു് ഇന്നു് പശ്ചാത്തപിക്കുന്നതു കണ്ടില്ലേ?" അവൾ ചോദിച്ചു.

"എന്റെ കുസുമം, നീ ഒരു വിശേഷസൃഷ്ടിതന്നെ. നിന്നെ ദ്രോഹിച്ചവരെയും നീ സ്നേഹിക്കുന്നു. സകലരും നിനക്കു് മിത്രങ്ങൾ."

"നാഥാ, ഈ അഗതിയെ എന്തിനാണു് കളിയാക്കുന്നതു്?"

മോഹനചന്ദ്രൻ കുസുമത്തിന്റെ താടിക്കുപിടിച്ചു് മുഖം മെല്ലെ ഉയർത്തി; "മുഖം കറുപ്പിക്കരുതേ," എന്നു പറഞ്ഞുകൊണ്ടു് അവളെ ഒന്നു ചുംബിച്ചു. പ്രിയതമയുടെ പ്രേരണയാൽ അയാളും അവരോടുകൂടെ പുറപ്പെട്ടു.

* * *

നിശ്ചിതമുഹൂർത്തത്തിൽ രാഷ്ട്രപിതാവു് മഹാത്മാഗാന്ധി ഒട്ടധികം ഭാരതീയ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ അനാഥമന്ദിരം ഉൽഘാടനം ചെയ്തു. അതിനുമുൻപായി മനോരമ തന്റെ അതുവരെയുള്ള ജീവചരിത്രവും, മന്ദിരത്തിന്റെ ഉത്ഭവകാരണവും വിവരിച്ചു് ദീർഘമായി ഒരു റിപ്പോർട്ടു വായിച്ചു. മഹാത്മജി മനോരമയുടെ ജീവിതത്തിലുണ്ടായ പരിവത്തനത്തെ ശ്ലാഘിച്ചു. പശ്ചാത്താപവും സൽക്കർമ്മങ്ങളും കൊണ്ടു് മനുഷ്യനു് പാപശാന്തി നേടാമെന്നു് മതഗ്രന്ഥങ്ങളിൽനിന്നും കഥകൾ ഉദ്ധരിച്ചു് അദ്ദേഹം സ്ഥാ

പിച്ചു. മനോരമയേയും കുസുമത്തിനെയും ആ സ്ഥാപനത്തിനെയും അദ്ദേഹം അനുഗ്രഹിച്ചു.

* * *

മനോരമയുടെ താമസം അനാഥമന്ദിരത്തിലാണ്. സുധയും കുസുമവും സുശീലയും അതിരാവിലെ എഴുന്നേററു പ്രഭാതകൃത്യങ്ങൾ നിവ്വഹിച്ചശേഷം മന്ദിരത്തിലെത്തി അവിടത്തെ പ്രാത്ഥനയിൽ പങ്കുകൊള്ളും. അനന്തരം മന്ദിരകാര്യ്യങ്ങളിൽ കുറെനേരം ശ്രദ്ധിച്ചിട്ട് അവർ വീട്ടിലേക്കു മടങ്ങും. വൈകിട്ട് നാലുമണിക്കു വീണ്ടും ചെല്ലും. രാത്രിയിലാണ് അവർ തിരിച്ചു പോകുന്നത്.

കൊല്ലം ഒന്നു കഴിഞ്ഞു. മന്ദിരവും അതിനോടു ചേർന്നുള്ള സ്ഥാപനങ്ങളും വളരെ അധികം പുഷ്ടിപ്പെട്ടിരിക്കുന്നു. നാട്ടുകാരും ഗവർമ്മെണ്ടും ആത്മാത്ഥം സഹായിക്കുന്നു. ബങ്കാളിലെ അഗതികളായ സ്ത്രീകൾക്കും കുട്ടികൾക്കും ആതുരർക്കും അതൊരു രക്ഷാസ്ഥാനമായിത്തീർന്നിരിക്കുന്നു. ജനങ്ങൾ മനോരമയുടെ ഭൂതകാലചരിത്രം നിശ്ശേഷം മറന്നു. സകലരും അവളെ സ്നേഹിക്കാനും ബഹുമാനിക്കാനും തുടങ്ങി. എന്നാൽ മന്ദിരത്തിന്റെ നടത്തിപ്പിൽ ലഭിച്ച അസാമാന്യമായ വിജയത്തിനുള്ള പ്രശസ്തിയിൽ അധികപങ്കും കുസുമത്തിനും സുധയ്ക്കുമാണവർ നൽകുന്നത്. കുസുമം, സുധ, ഈ പേരുകൾ നന്മയുടെ പര്യ്യായങ്ങളായി കരുതി തങ്ങളുടെ കുട്ടികൾക്കു നൽകാൻ അമ്മമാർ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.

—ശുഭം—

# നോവലുകൾ

4542

## എക്സ്റേ

സർവ്വദുർഗ്ഗുണസമ്പൂർണ്ണനായ പ്രതാപനും ചപലയും കുട്ടിലയും ആയ കമലവും ചേർന്ന് സൽഗ്ഗുണസമ്പന്നരായ രമാകാന്തനേയും ഗോപീനാഥനെയും അപകടപ്പെടുത്താൻ ശ്രമിച്ചു പരാജയമടയുന്നു. സംഭവ[illegible]പൂർണ്ണമായ കഥാശില്പം. മികച്ച ഗെററപ്പ്. [illegible]-0-0

AYATHIL
QUILON
SPORTS CLUB & G

## ഡോക്ടറുടെ മകൾ

അവൾ വിവാഹിതയല്ല. എങ്കിലുമൊരു മാതാവാണ്. തന്റെ രഹസ്യം ആരെയുമറിയിക്കാതെ അവൾ മകനെ വളർത്തി. അവസാനം അപ്രതീക്ഷിതമായ രീതിയിൽ രഹസ്യങ്ങളെല്ലാം വെളിപ്പെട്ടു. ഹൃദ്യവും ലളിതവുമായ ഭാഷ. 0-14-0

## മലഞ്ചരിവിലെ ഭൂതം

സുപ്രസിദ്ധ നോവലെഴുത്തുകാരനായ എഡ്ഗർ വാലസിന്റെ ഒരു ഡിററക്ററീവ് നോവൽ. സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ പരിഭാഷപ്പെടുത്തിയത്. പുതിയപതിപ്പ് 0-12-0

## തൂപ്പുകാരി

തൂപ്പുകാരന്റെ മകളായ തൂപ്പുകാരി മറെറാരു തൂപ്പുകാരന്റെ ഭാര്യയായി. ആ പാരമ്പര്യം തന്റെ സന്താനത്തെയും ബാധിക്കരുതെന്നു കരുതി അവനെ സ്ക്കൂളിൽ ചേർത്തു പഠിപ്പിച്ചു. പക്ഷെ—? 0-10-0

## അവിശ്വാസം

ശ്രീ. ബി. ജി. കുറുപ്പിന്റെ പുതിയ ഒരു ഡിററക്ററീവ് നോവലാണിതു്. അച്ചടിച്ചു തയ്യാറാകുന്നു.

ശ്രീരാമസിംഹവിലാസം ബുക്കുഡിപ്പോ
തുറവൂർ, കുത്തിയതോട്

# ഇരുൾനീങ്ങി

SAHITHYA VILASINI ... KILIKOLLUR ... QUILON ... SPORTS CLUB

SNV

മിസ്. ജെ. ആർ ജോഷ്വ M.A.

Re. 1